"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**APRIL 2018**
**Vol. LXVIII No. 4**

# CONTENTS


ഇടയലേഖനം - 55 .......... 277

ട്രാൻസ്ഫർ ലിസ്റ്റ് .......... 281

സർക്കുലർ - 233 മാർ സ്ലീവ മെഡിസിറ്റി .......... 282

സർക്കുലർ - 234 കത്തോലിക്കാ കോൺഗ്രസ് .......... 289

സർക്കുലർ - 235 പടിസാധനം .......... 292

ഇൻഫാം രൂപത സമ്മേളനം .......... 293

വലിയ ആഴ്ച തിരുകർമ്മങ്ങൾ .......... 294

മൈനർ സെമിനാരി പ്രവേശനം .......... 295

മെയ്ദിന സന്ദേശം - 2018 .......... 296

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......... 304

വൈദികരുടെ വാർഷികധ്യാനം .......... 309

ആണ്ടുതിരട്ട് .......... 315

റംശാ ലിസ്റ്റ് .......... 320

വാർത്തകൾ .......... 321

ആദരാഞ്ജലികൾ .......... 357

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 363

എൻഗേജ്മെന്റ്സ് .......... 370

ഇടയലേഖനം - 55

# യുവജനവർഷം 2018

**ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ**

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസി കൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

*നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്*

*കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.*

വന്ദ്യ സഹോദരരേ, പ്രിയമക്കളേ,

ഈ വർഷം ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന മെത്രാന്മാരുടെ പതിനഞ്ചാം സിനഡിന്റെ പ്രമേയം "യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്നതാണ്. ഈ സിനഡിലൂടെ സഭ മുഴുവനും പുതിയൊരു സമീപനത്തിനും ആത്മപരിശോധനയ്ക്കും തയ്യാറെടുക്കുകയാണ്. കേരള കത്തോലിക്കാ മെത്രാൻ സമിതി ഈ വർഷം യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

ജീവിതത്തിലേറ്റവും ഊർജ്ജസ്വലമായ കാലഘട്ടത്തിൽ നന്മകളുടെ സാക്ഷ്യകൂടാരം നിർമ്മിക്കുകയെന്നതാണ് യുവജനങ്ങളുടെ കർത്തവ്യം. യുവജനങ്ങൾ തങ്ങളുടെ ആത്മീയ -ഭൗതിക മണ്ഡലങ്ങളിൽ പക്വത പ്രാപിച്ചുകൊണ്ട് തിരുത്തൽ ശക്തിയായി മാറണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. ദൈവം മാനദണ്ഡമാകുന്ന സാംസ്കാരികനിർമ്മിതിയാണ് യുവജനങ്ങൾ ലക്ഷ്യംവയ്ക്കേണ്ടത്. സമ്പത്ത് മാത്രം മാനദണ്ഡമാകുന്ന സമൂഹനിർമ്മിതിയുടെ ഈ കാലഘട്ടത്തിൽ ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമായ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കേണ്ടവരാണ് യുവജനങ്ങൾ. പൗരോഹിത്യ-സന്ന്യസ്ത ജീവി

താന്തസുകളിലേക്ക് കടന്നുവരാനുള്ള സാഹസികതയും യുവജനങ്ങൾ പ്രകടിപ്പിക്കണം. ഉചിതമായ സമയത്ത് അനുയോജ്യമായ ജീവിതാന്തസ്സു തിരഞ്ഞെടുക്കാൻ മുതിർന്നവർ യുവജനങ്ങളെ സഹായിക്കേണ്ടതുണ്ട്. ഓരോ യുവാവും യുവതിയും തങ്ങളുടെ സ്വത്വം കണ്ടെത്തണം. ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സിവിൽ സർവ്വീസ്, രാഷ്ട്രീയം, മാധ്യമപ്രവർത്തനം, കലാ-കായിക-സാംസ്കാരിക മണ്ഡലങ്ങൾ തുടങ്ങിയവയിലെല്ലാം നമ്മുടെ യുവജനങ്ങളുടെ ധീരമായ പങ്കാളിത്തമുണ്ടാകണം. സമൂഹത്തിന്റെ സമഗ്രപുരോഗതിക്ക് ചാലകശക്തിയായി യുവജനങ്ങൾ മാറണം. വരും തലമുറയ്ക്ക് ഉയർന്ന ദിശാബോധം നൽകുന്ന പ്രവർത്തനസരണി നിർമ്മിക്കുവാൻ ഈ യുവജനവർഷാചരണം കാരണമാകട്ടെ.

യുവജനവർഷത്തിൽ യുവജനങ്ങളും അവരെ നയിക്കുന്നവരും ശ്രദ്ധിക്കേണ്ട ചില മേഖലകളെക്കുറിച്ച് പ്രത്യേകം സൂചിപ്പിക്കട്ടെ.

1. ദൈവവിളി ബോധവത്കരണത്തിനും ജീവിതാന്തസ്സു തിരഞ്ഞെടുപ്പിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ഇടവകതലത്തിൽ തയ്യാറാക്കുക.
2. എസ്.എം.വൈ.എം ഇടവകയൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കുക.
3. *YOUCAT*- യുവജനമതബോധനഗ്രന്ഥത്തിന്റെ ആഴമായ പഠനത്തിനും ചർച്ചയ്ക്കും വേദികൾ സൃഷ്ടിക്കുക.
4. എല്ലാ യുവജനങ്ങൾക്കും സ്വന്തമായി ബൈബിൾ എന്ന ആശയം പ്രായോഗികമാക്കുക. ബൈബിൾ പാരായണം യുവജനങ്ങളുടെ ജീവിതശൈലിയാക്കി മാറ്റാൻ ഇടവകതലത്തിൽ ക്രമീകരണങ്ങൾ ചെയ്യുക.
5. പരിശുദ്ധകുർബാനയിലെ വിശുദ്ധഗ്രന്ഥവായനകൾക്ക് യുവജനങ്ങളെ പരിശീലിപ്പിച്ച് തയ്യാറാക്കുക.

6. എസ്.എം.വൈ.എം-ന്റെ ആഭിമുഖ്യത്തിൽ എല്ലാ ഫൊറോനകളിലും മേഖലാ രക്ഷാധികാരിയുടെയും ഡയറക്ടറുടെയും നേതൃത്വത്തിൽ യുവജന കൺവൻഷനുകൾ നടത്തുക.

7. എസ്.എം.വൈ.എം സംഘടനയിലേയ്ക്ക് ഈ വർഷം പ്രത്യേക മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുക.

8. എസ്.എം.വൈ.എം രൂപതാകേന്ദ്രം സംഘടിപ്പിക്കുന്ന നേതൃത്വപരിശീലനക്യാമ്പ്, യൂത്ത് ആനിമേറ്റഴ്സ് ട്രെയിനിങ് പ്രോഗ്രാം തുടങ്ങിയ പരിശീലനപരിപാടികളിൽ ഇടവകകളിൽനിന്ന് യുവജനപങ്കാളിത്തം ഉറപ്പാക്കുക.

9. സ്വയംപര്യാപ്തതയും സ്വയംതൊഴിലും കണ്ടെത്തുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

10. കുടുംബങ്ങളിലുള്ള സന്ധ്യാപ്രാർത്ഥനയിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

11. യുവജനങ്ങളുടെ നേട്ടങ്ങൾക്ക് ഇടവകതലത്തിൽ അംഗീകാരം നൽകുക.

12. പി.എസ്.സി, സിവിൽ സർവ്വീസ് തുടങ്ങിയ മേഖലകളിലെ ജോലിസാധ്യതകൾ യുവജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുക. ഈ മേഖലകളിലെ പ്രഗത്ഭരുടെ സേവനം കൂടുതൽ ഉപയോഗപ്പെടുത്തുക.

13. ഫെയ്സ്ബുക്ക്, വാട്ട്സ് അപ്പ് മുതലായ സാമൂഹികമാധ്യമങ്ങൾ പക്വതയോടെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.

14. ഉപവിപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുക. ഇടവകാതിർത്തിയിലും സമീപത്തുമുള്ള കെയർ ഹോമുകൾ, വൃദ്ധമന്ദിരങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ സന്ദർശിക്കാനും അവരെ സഹായിക്കാനും സമയം കണ്ടെത്തുക.

വിശ്വാസപരിശീലനത്തിന്റെ പ്രായോഗികതുടർച്ചയാണ് എസ്.എം.വൈ.എം സംഘടനയിലൂടെ സംഭവിക്കുന്നത്. നമ്മുടെ യുവജനങ്ങൾ സഭയോടു ചേർന്നുനിൽക്കുന്നവരായിരിക്കണം. ഈ യുവജനവർഷാചരണം അർത്ഥവത്തായി നടത്തുവാനും സമൂഹത്തിൽ, പ്രത്യേകിച്ച് യുവജനങ്ങളിൽ, പരിവർത്തനം സൃഷ്ടിക്കാനും നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം. യുവജനവർഷാചരണത്തോടനുബന്ധിച്ച് കെ.സി.ബി.സി പുറത്തിറക്കുന്ന ലോഗോ എസ്.എം.വൈ.എം രൂപതാസമിതി എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും ഈ വർഷം മുഴുവൻ പ്രസ്തുത ലോഗോ പ്രദർശിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. യുവജനങ്ങളെ സമർപ്പിച്ചു പ്രാർത്ഥിക്കുവാനും അവരെക്കുറിച്ച് കരുതലുണ്ടാകുവാനും ഈ ലോഗോ പ്രചോദനമാകട്ടെ. ഈ യുവജനവർഷം സമ്പൂർണ്ണമായ നവീകരണം നമ്മുടെ യുവജനങ്ങളിൽ സാധ്യമാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

പാലാ, 26.3.2018

---

NB : ഈ ഇടയലേഖനം 2018 ഏപ്രിൽ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## Transfer and Appointment (March 2018)

| | |
|---|---|
| Fr. Jose Tharappel | Vicar, Vayala (additional offices - Asst. Manager, Mar Sleeva Hospital Cherpunkal & Director, INFARM) |
| Fr. George Kakkattil | Residence, Mar Apem Priest Home, Pala |
| Fr. Thomas Thayyil | Asst. Director, INFARM (additional) |
| Fr. Joseph Vattappallil | Vice Chancellor, Eparchial Curia |

## സി.ജെ. മാടപ്പാട്ട് സാഹിത്യ അവാർഡ്
## രചനകൾ ക്ഷണിക്കുന്നു

വിഷയം : 'വ്യാജം പ്രചരിപ്പിക്കുന്നതാണ് ആധുനിക കാലത്തെ ഏറ്റവും വലിയ തിന്മ'. ഈ ആശയം ഉൾക്കൊള്ളുന്ന വിധത്തിൽ, ബൈബിളിലെ ഉത്പത്തിപ്പുസ്തകം 3-ാം അധ്യായം 1-6 വാക്യങ്ങളെ ആസ്പദമാക്കിയുള്ള നോവലാണ് മത്സരത്തിനു പരിഗണിക്കുന്നത്. രചന 250 പുറത്തിൽ (25,000 വാക്ക്) കവിയാത്തതും മൗലികവുമായിരിക്കണം. 2018 ജൂലൈ 3-നു മുമ്പ് രചനകൾ ലഭിക്കേണ്ടതാണ്. പതിനായിരത്തൊന്നു രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്.

രചന അയയ്ക്കേണ്ട വിലാസം:

**റവ. ഡോ. കുര്യൻ മാതോത്ത്**

**മാർ അപ്രേം പ്രീസ്റ്റ്സ് ഹോം, കടപ്പാട്ടൂർ പി.ഒ. 686 574, പാലാ.**

**ഫോൺ: 9495510694, 9496310694**

സർക്കുലർ-233

## മാർ സ്ലീവാ മെഡിസിറ്റി പാലാ, ചേർപ്പുങ്കൽ

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

എല്ലാവർക്കും ഈസ്റ്ററിന്റെയും ഈസ്റ്റർ കാലഘട്ടത്തിന്റെയും ദൈവാനുഗ്രഹങ്ങളും നൻമയും ആശംസിക്കുന്നു. സ്വർഗം ഭൂമിക്ക് സാമാധാനവും സന്തോഷവും ആശംസിക്കുകയും നൽകുകയും ചെയ്യുന്ന അവസരമാണല്ലോ ഈസ്റ്റർ. ദീർഘമായ നോമ്പുകാല ചിന്തകളും നോമ്പുകാലത്തെ വചനാധിഷ്ഠിതമായ ത്യാഗജീവിതവും പുണ്യപ്രവൃത്തികളും നിരന്തരമായ മാനസാന്തരത്തിലേയ്ക്ക് നയിക്കുന്ന ആവർത്തിച്ചുള്ള അനുരഞ്ജന കൂദാശകളുടെ സ്വീകരണവും, വിശുദ്ധ കുർബാനയുടെ അനുഭവവുമെല്ലാം നമ്മെ സ്വർഗ്ഗീയ അനുഭവത്തിലേയ്ക്ക് കൂടുതൽ വളർത്തിയിട്ടുണ്ട്. ഈ അവസരത്തിൽ നമ്മെ സംബന്ധിക്കുന്ന മറ്റൊരു വലിയ സന്തോഷാനുഭവം കൂടി നിങ്ങളോടു പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്; നമ്മൾ ചേർപ്പുങ്കൽ പണിതു കൊണ്ടിരിക്കുന്ന ഹോസ്പിറ്റലിന്റെ നിർമ്മാണ പുരോഗതിയെക്കുറിച്ചാണ് ഞാൻ പങ്കുവയ്ക്കുന്നത്.

ചേർപ്പുങ്കൽ പള്ളി സൻമനസോടെ വാങ്ങിച്ചുതന്ന 27 ഏക്കർ സ്ഥലത്താണ് രൂപത വക ഈ ഹോസ്പിറ്റൽ പണിതുകൊണ്ടിരിക്കുന്നത് എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ആശുപത്രിയുടെ പണി ആരംഭിച്ചത് മുതൽ രൂപതയുടെ മുഴുവൻ വരുമാനത്തിന്റെയും അത്യാവശ്യ ചിലവ് കിഴിച്ച് ബാക്കി മുഴുവൻ ആശുപത്രി പണിക്കായിട്ടാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിനു പുറമേ ഇടവകകളുടെയും രൂപതയിലെ വിശ്വാസസമൂഹം മുഴുവന്റെയും സന്യാസസമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും അവിടുത്തെ ജോലിക്കാരുടെയും പ്രത്യേകിച്ച് സ്കൂൾ,

കോളേജ് അദ്ധ്യാപകരുടെയും നിർലോഭമായ സഹകരണവും സംഭാവനയും പ്രത്യേകം നന്ദിയോടെ ഓർമ്മിക്കുന്നു.

ഏതാണ്ട് 450-ൽ അധികം സാധാരണ മുറികളും 28 ഡീലക്സ് മുറികളിൽ പകുതിയോളവും മറ്റ് അനുബന്ധ കാര്യങ്ങളും നമ്മുടെ ആളുകൾ തന്നെ സ്പോൺസർ ചെയ്തിട്ടുണ്ട്. Equipments ഉൾപ്പെടെ പല മെഷീനറികളും ഓഫർ ചെയ്തിട്ടുമുണ്ട്.

ആശുപത്രിയുടെ പണമിടപാടുകൾ രൂപതാ പ്രൊക്കുറേറ്റർ പെരിയ ബഹു. ജോസ് വള്ളോംപുരയിടത്തിൽ അച്ചനും ആശുപത്രിയുടെ ചുമതല വഹിക്കുന്ന വികാരി ജനറാൾ കൊല്ലിത്താനത്തുമലയിൽ അച്ചനും ചേർന്നാണ് കൈകാര്യം ചെയ്യുന്നത്. ഒപ്പം രൂപതയുടെ അക്കൗണ്ടന്റ് ഔസേപ്പച്ചനും ആശുപത്രിയുടെ അക്കൗണ്ടന്റ് ജിജോയും അച്ചന്മാരോട് ചേർന്നുനിന്ന് സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. മാത്രമല്ല കൊല്ലിത്താനത്തുമലയിൽ അച്ചനോട് ചേർന്ന് ആശുപത്രിയുടെ ഉത്തരവാദിത്വം വഹിക്കുന്ന അഞ്ച് വൈദികരുമൊരുമിച്ച് ആലോചിച്ചും അറിഞ്ഞുമാണ് സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. രണ്ടു വർഷങ്ങൾക്കു മുമ്പുവരെ ബഹു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചനാണ് പണിയുടെ മേൽനോട്ടം വഹിച്ചിരുന്നത്.

അഞ്ചുലക്ഷത്തി അറുപത്തി എണ്ണായിരം സ്ക്വയർ അടി വിസ്തീർണ്ണമുള്ള ഹോസ്പിറ്റൽ ബിൽഡിംഗിന്റെ ചീഫ് ആർക്കിടെക്ട് ശ്രീ. N. M. സലിം രാജ്യത്തിനകത്തും പുറത്തും പ്രവർത്തനപരിചയമുള്ള വ്യക്തിയാണ്. സിവിൽ സ്ട്രക്ചർ പൂർണ്ണമായും പണി തീർന്നു. വെട്ടൂർ കൺസ്ട്രക്ഷൻസാണ് അത് നിർവ്വഹിച്ചിട്ടുള്ളത്. ഇപ്പോൾ അവസാനഘട്ട പണികളാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്ലംബിംഗ്, വയറിംഗ്, മെഡിക്കൽ ഗ്യാസ്, ഫയർ ഡിറ്റക്ഷൻ & ഫയർ ഫൈറ്റിംഗ്, BMS, Signage, HVAC തുടങ്ങിയ പണികൾ വളരെ വേഗം

നടക്കുന്നു. ഫ്ളോറിംഗ്, സീലിംഗ് തുടങ്ങിയ പണികളും ഒപ്പം തന്നെ പുരോഗമിക്കുന്നു. ഈ പണികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ആവശ്യത്തിനു ജോലിക്കാരുള്ള വിവിധ കോൺട്രാക്ടർ മാരാണ് ഒരേ സമയം വിവിധ ടവറുകളിൽ പണി നടത്തുന്നത്. ഓരോ കോൺട്രാക്ടർമാരുടെയും കീഴിൽ ആവശ്യാനുസരണം വിദഗ്ധരായ വിവിധ എഞ്ചിനീയർമാരും സൂപ്പർവൈസർമാരും മുഴുവൻ സമയം നിന്നാണ് പണികൾ നടത്തുന്നത്. ഇതിനു പുറമെ വാട്ടർ ടാങ്ക് (10 ലക്ഷം ലിറ്റർ), റെയിൻ വാട്ടർ കളക്ഷൻ (20 ലക്ഷം ലിറ്റർ), ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ, മെഷിൻ റൂം, ലോണ്ടറി, STP (സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്), ലാൻഡ് സ്കേപിങ്, ഓക്സിജൻ ഗ്യാസ് പ്ലാന്റ് ഇവയും വളരെ വേഗം പുരോഗമിക്കുന്നു. കിച്ചൺ, കാന്റീൻ പണികളും വളരെ വേഗം നടക്കുന്നു. ചാപ്പലിന്റെ പണി പകുതിയിലധികം പൂർത്തിയായി. പെയിന്റിംഗ് ആരംഭിച്ചു. ഇന്റീരിയർ ഡിസൈനിംഗ് പണികൾ നന്നായി പുരോഗമിക്കുന്നു. വൈദികമന്ദിരത്തിന്റെ പണികളും ആരംഭിച്ചുകഴിഞ്ഞു. മെയ്, ജൂൺ മാസത്തോടെ എല്ലാ പണികളും പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുവാൻ പ്രത്യേക സന്തോഷമുണ്ട്.

നമ്മുടെ രൂപതയിലെ ബഹു. 6 വൈദികർ ഹോസ്പിറ്റൽ സൈറ്റിൽ താമസിച്ചുകൊണ്ട് എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുന്നു. ആർക്കിടെക്ട് ടോം നെടുംതകിടി, സിവിൽ എഞ്ചിനീയർ ഫെലിക്സ്, ലാന്റ്സ്കേപ് എഞ്ചിനീയർ & ആർക്കിടെക്ട് സെബാസ്റ്റ്യൻ എന്നിവരുടെ നിരന്തര ഇടപെടലും സാന്നിധ്യവും കൂട്ടായ പ്രവർത്തനവും ഇതിനുണ്ട്. കൂടാതെ ഫുൾടൈം എഞ്ചിനീയർമാരും, സൂപ്പർ വൈസർമാരും അടങ്ങിയ well equiped ഓഫീസ് ടീമും ഉണ്ട്. സ്ഥിര സാന്നിദ്ധ്യം ഉള്ള Staff consultancy, Bombay based – MEP consultant - ജോൺ മെക്ക്, കേരളത്തിലും പുറത്തും പ്രസിദ്ധമായ ഇന്റീരിയർ കൺസൾട്ടൻസി - Zest, കൂടാതെ ആവശ്യാനുസരണം എത്തി expert consultation

നടത്തുന്നവർ തുടങ്ങി അങ്ങനെ well equiped ആയും planned ആയും സംഘാതമായുമുള്ള പ്രവർത്തനത്തിലൂടെ മെയ് മാസം അവസാനം പണികൾ പൂർത്തിയാക്കത്തരത്തിലുള്ള Time Schedule അനുസരിച്ചുമാണ് പണികൾ പുരോഗമിക്കുന്നത്.

മേൽപ്പറഞ്ഞ വിദഗ്ധരുടെ സാന്നിദ്ധ്യത്തിൽ എല്ലാ കോൺട്രാക്ടർമാരുടെയും അവരുടെ എഞ്ചിനീയർമാരുടെയും പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തപ്പെടുന്നു. രണ്ടോ മൂന്നോ ദിവസം നീളുന്ന ഈ നിർമ്മാണ പുരോഗതി വിലയിരുത്തൽ എന്റെയും അഭിവന്ദ്യ മുരിക്കൻ പിതാവിന്റെയും അദ്ധ്യക്ഷതയിലാണ് നടത്തപ്പെടുന്നത്. കൂടാതെ ആഴ്ചയിൽ ഒന്നെങ്കിലും ഞാനും മുരിക്കൻ പിതാവും site സന്ദർശിക്കുകയും മീറ്റിംഗുകൾ നടത്തി ആവശ്യാനുസരണമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവും പലപ്പോഴും site സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു കൊണ്ടാണിരിക്കുന്നത്. അതുപോലെതന്നെ എല്ലാ ആഴ്ചയിലും site supervisor മാരുടെയും site officers ന്റെയും വിലയിരുത്തൽ meeting ഉം ഉണ്ട്. ഇവയെല്ലാം time schedule അനുസരിച്ച് പണികൾ നടക്കുന്നു എന്ന ഉറപ്പ് വരുത്തുന്നുണ്ട്.

കൂരിയ, കൺസൾട്ടേഴ്സ് ബോഡി, പ്രസ്ബിറ്ററൽ കൗൺസിൽ, രൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട അൽമായ പ്രതിനിധികളുടെ കൗൺസിൽ, ഫിനാൻഷ്യൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, തുടങ്ങിയ ഓദോഗിക ബോഡികളിൽ ആലോചിച്ച് ആരംഭിച്ച ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി യഥാസമയം ഇവയുടെ മീറ്റിങ്ങുകളിൽ അറിയിച്ചാണ് മുമ്പോട്ട് പോകുന്നത്.

ആതുരശുശ്രൂഷ രംഗത്തുള്ള സേവന സാദ്ധ്യത കൊണ്ടും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് രക്ഷയാകുന്ന ജോലിസാധ്യതകൊണ്ടും നമ്മുടെ രൂപതയ്ക്ക് വലിയ

അഭിമാനമാണ് ഭാവിയിൽ മെഡിക്കൽ കോളേജ് കൂടി ആയിതീരേണ്ട ഈ ആശുപത്രി. ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാത്രമല്ല, അലോപ്പതി, ആയുർവേദം, ഹോമിയോ, പ്രകൃതി ചികിത്സ ഉൾപ്പെടെ ഒരു മെഡിസിറ്റി ആണ് നമ്മൾ പണിതുകൊണ്ടിരിക്കുന്നത്. മാർ സ്ലീവാ മെഡിസിറ്റി പാലാ, ചേർപ്പുങ്കൽ എന്നാണ് ഇതിന്റെ പേര്. പാലിയേറ്റീവ് കെയർ ഈ വർഷം തന്നെ കൊഴുവനാൽ ഉള്ള നമ്മുടെ ആശുപത്രിയിൽ തുടങ്ങുവാനും ഏറെ താമസിയാതെ മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രത്യേക കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് അവിടേക്ക് മാറ്റുവാനുമാണ് പദ്ധതി.

രൂപതയുടെ അഭിമാനമായ ഈ മഹത് സ്ഥാപനത്തിൽ നമ്മളെല്ലാവരും പണം കൊണ്ടോ മനസുകൊണ്ടോ അദ്ധ്വാനം കൊണ്ടോ ഭാഗഭാക്കുകളായിരിക്കുന്നു. ഇത് നമ്മുടെതന്നെ സ്ഥാപനമാണ്. ഈസ്റ്ററിന്റെ സന്തോഷത്തോടൊപ്പം നമ്മുടെ ഈ വലിയ സന്തോഷവും നമ്മൾ പങ്കുവയ്ക്കുമ്പോൾ വേദനിപ്പിക്കുന്ന ചില കുപ്രചരണങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ലല്ലോ. സോഷ്യൽ മീഡിയായിലൂടെയും മറ്റും യാതൊരു അടിസ്ഥാനവും ഇല്ലാതെ എന്തും പ്രചരിപ്പിക്കാമെന്നായിരിക്കുന്നു. ആശുപത്രി വിറ്റെന്നും, കൈമാറ്റം നടത്തിയെന്നും, ഷെയർ കൊടുത്തെന്നും പണി പൂർത്തിയായിട്ട് വില്ക്കാൻ കരാർ നടത്തിയെന്നും ഒക്കെ പറഞ്ഞ് അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമായ വാർത്തകളാണ് പ്രചരിപ്പിക്കുന്നത്. ഇത് തീർത്തും സത്യവിരുദ്ധമാണ്. രൂപതാംഗങ്ങൾക്കിടയിൽ സംശയവും സന്ദേഹവും വളർത്തിയെടുക്കാനുള്ള ബോധപൂർവമായ നീക്കമാണിത്. ഈ വക തെറ്റായ വാർത്തകൾ നൽകുന്നവർക്ക് അവരുടേതായ സ്വാർത്ഥലക്ഷ്യങ്ങളും നിക്ഷിപ്ത താൽപര്യങ്ങളും ഉണ്ടാവാം. രൂപതയുടെ മറ്റ് സ്ഥാപനങ്ങൾ പോലെ തന്നെ ആശുപത്രിയും പാലാ രൂപതയുടെ സ്വന്തമാണ്, എന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. അത് വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ ഉള്ള ചിന്ത

ആരുടെയും മനസിൽ പോലും വന്നിട്ടില്ല. അങ്ങനെ ചിന്തിക്കാൻ നമുക്കാവുകയുമില്ല. ഇത് നമ്മുടെ രൂപതയുടെ ഏറ്റം വലിയ പൊതുസ്വത്തും നമ്മുടെ എല്ലാവരുടെയും അദ്ധ്വാനത്തിന്റെ ഫലവുമാണ്. ഇത് കൈമാറ്റം ചെയ്യുവാനോ വില്ക്കാനോ സാധ്യമല്ല എന്നുകൂടി സ്നേഹപൂർവ്വം എല്ലാവരേയും അറിയിക്കുന്നു.

ഈ ആശുപത്രിയുടെ ആദ്യഘട്ടം 200 കോടി രൂപയുടെ പ്രോജക്ട് ആണ്. അതിൽ 100 കോടി രൂപാ ഇപ്പോൾ ചിലവഴിച്ച് കഴിഞ്ഞു. അതിൽ ഏറിയപങ്കും നമ്മുടെ രൂപതയിലെ ഇടവകകളിൽനിന്നും ഇടവകാംഗങ്ങളിൽ നിന്നുമുള്ള സംഭാവനയാണെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. ഇത് പറയുമ്പോൾ ഒരു കാര്യം ഞാൻ അടിവരയിട്ട് പറയട്ടെ. മറ്റൊരു രൂപതയിൽ നിന്നും ഒരു രീതിയിലും സംഭാവനയായോ കടം ആയോ പണം സ്വീകരിച്ചിട്ടില്ല. മാത്രമല്ല നമ്മൾ ഇതുവരെ ബാങ്കിൽനിന്ന് ആശുപത്രി നിർമ്മാണത്തിൽ ലോണും എടുത്തിട്ടില്ല. ബാങ്ക് ലോൺ അവസാന ഘട്ടത്തിൽ ഒരു പക്ഷേ കുറച്ച് വേണ്ടി വന്നേക്കാം.

വിശ്വാസ സമൂഹത്തിന്റെ സംഭാവനകളിലൂടെയാണല്ലോ നമ്മുടെ എല്ലാ പ്രസ്ഥാനങ്ങളും കഴിഞ്ഞ കാലഘട്ടങ്ങളിൽ പടുത്തുയർത്തിയിട്ടുള്ളത്. അവിടെയെല്ലാം നമ്മുടെ അൽമായ സഹോദരങ്ങൾ ആണല്ലോ ഏറെയും ജോലി ചെയ്യുന്നത്. നമ്മുടെ ഈ ആശുപത്രി പൂർണ്ണമായി പ്രവർത്തന ക്ഷമമാകുമ്പോൾ മൂവായിരത്തിൽ അധികം തൊഴിൽ സാധ്യതകളാണ് നേരിട്ട് ഉണ്ടാകുന്നത് എന്ന കാര്യവും നമ്മൾ ഓർമ്മിക്കേണ്ടതാണ്.

സോഷ്യൽ മീഡിയായിൽകൂടി ആശുപത്രിക്കെതിരായി വാർത്തകൾ വരുമ്പോൾ അതിന്റെ ഉറവിടം അറിയാമെങ്കിൽ അവരോട് തെളിവ് ഹാജരാക്കുവാൻ ധൈര്യമായി നിങ്ങൾ ആവശ്യപ്പെടുക. സത്യത്തിന്റെ ഒരംശം പോലും അതിലില്ല എന്ന് എനിക്കു പൂർണ്ണമായ ബോധ്യമുണ്ട്. അത്തരം തെറ്റായ

വാർത്തകൾ ഷെയർ ചെയ്യാതെ ഡിലീറ്റ് ചെയ്യുകയാണ് വേണ്ടത്. നിങ്ങളിൽ ആർക്കെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ സോഷ്യൽ മീഡിയായിൽകൂടി പ്രചരിപ്പിക്കാതെ എന്നോട് നേരിട്ടോ, അഭിവന്ദ്യ മുരിക്കൻ പിതാവിനോടോ, ആശുപത്രിയുടെ മേൽനോട്ടം വഹിക്കുന്ന വൈദികരോടൊ ചോദിച്ച് മനസിലാക്കാവുന്നതാണ്. നമ്മുടെ ആശുപത്രി പണിയുടെ പൂർത്തീകരണവും വളർച്ചയും നമ്മുടെ എല്ലാവരുടെയും സഹകരണത്തിന്റെയും സംഭാവനയുടെയും പ്രാർത്ഥനയുടെയും ഫലമാണ്. നിങ്ങൾ നൽകുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും സഹകരണത്തിനും വിശിഷ്യാ പ്രാർത്ഥനയ്ക്കും പ്രത്യേകം ഞാൻ നന്ദി പറയുന്നു. ഈ ആശുപത്രി പണിയുടെ പുരോഗതി കാണുവാൻ നിങ്ങളെ പ്രത്യേകം ഇവിടേക്ക് ക്ഷണിക്കുന്നു. നവസുവിശേഷ വത്കരണത്തിന്റെയും സത്യസഭയുടെ വിശ്വാസ പ്രഘോഷണത്തിന്റെയും എല്ലാ മനുഷ്യരുടെയും ആരോഗ്യ സംരക്ഷണത്തിന്റെയും സാമ്പത്തിക പ്രതിസന്ധിയുള്ള പാവപ്പെട്ടവർക്ക് വളരെ ചുരുങ്ങിയ ചിലവിൽ ഗുണമേന്മയുള്ള ചികിത്സ നൽകുന്നതിന്റെയും നിത്യസ്മാരകമായിട്ടാണ് പാലാ രൂപത ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി പണിതുയർത്തുന്നത്. ദൈവാനുഗ്രഹത്താൽ ഈ വർഷം തന്നെ ആശുപത്രി തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 01.04.2018

പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

സർക്കുലർ –234

# കത്തോലിക്കാ കോൺഗ്രസ്

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ സഭയുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് ഏപ്രിൽ 30ന് നൂറുവർഷങ്ങൾ പൂർത്തിയാവുകയാണല്ലോ. ചരിത്രത്തിൽ നിർണ്ണായക ഇടപെടലുകളും സംഭാവനകളും നൽകിയ കത്തോലിക്കാ കോൺഗ്രസ് കാലിക സമൂഹത്തിലെ പ്രശ്നങ്ങൾ ഏറ്റെടുത്ത് സധൈര്യം മുമ്പോട്ടു പോവുകയാണ്. ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാംഗങ്ങളെ ഒരു കുടക്കീഴിൽ അണി നിരത്തുവാൻ സംഘടനയ്ക്ക് ഈ നാളുകളിൽ സാധിച്ചിട്ടുണ്ട്.

അനീതിയും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന കാലഘട്ടത്തിൽ നവോത്ഥാന ശബ്ദമായാണ് സമുദായ സംഘടന ജന്മമെടുത്തത്. ക്രാന്തദർശിയായ നിധീരിക്കൽ മാണിക്കത്തനാരാണ് ഈ ആശയം മുമ്പോട്ടു വയ്ക്കുന്നത്. 1905-ൽ മാന്നാനത്ത് നാൽപതുമണി ആരാധനയുടെ സമാപനത്തിൽ ആദ്യ സമുദായ സമ്മേളനം നടന്നു. തുടർന്ന് 1918-വരെ എല്ലാ വർഷവും പാലായും കുറവിലങ്ങാടും ഉൾപ്പെടെ തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും വിവിധ കേന്ദ്രങ്ങളിൽവച്ച് വമ്പിച്ച സമുദായ സമ്മേളനങ്ങൾ നടത്തപ്പെട്ടു. 1918-ലെ ചങ്ങനാശ്ശേരി സമ്മേളനത്തിലാണ് കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യരൂപമായ 'ക്രിസ്തീയ മഹാജനസഭ' രൂപീകരിച്ചത്. 1930 ലെ ചേർത്തല സമ്മേളനത്തിൽവച്ച് അഖില കേരള കത്തോലിക്കാ കോൺഗ്രസ് എന്നു പേര് സ്വീകരിച്ചു.

റവന്യു ദേവസ്വവിഭജനം, എല്ലാ മതവിഭാഗങ്ങൾക്കും സർക്കാർ സർവ്വീസിൽ ജോലി, ജനസംഖ്യാനുപാതികമായി പ്രജാസഭയിൽ അംഗത്വം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വിവിധ കാലഘട്ടങ്ങളിൽ നടന്ന മലയാളി മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം, പൗരസമത്വ പ്രക്ഷോഭം എന്നിവയ്ക്ക് നേതൃത്വം കൊടുക്കുവാനും ലക്ഷ്യങ്ങൾ നേടിയെടുക്കുവാനും

സംഘടനയ്ക്ക് കഴിഞ്ഞു. ദിവാൻ സി.പി.ക്കെതിരായ സമരങ്ങൾ, 1957 ലെയും 1972 ലെയും വിദ്യാഭ്യാസസമരങ്ങൾ, കർഷസമരങ്ങൾ, കർഷക കുടിയിറക്കുകൾക്കെതിരെയുള്ള പോരാട്ടങ്ങൾ തുടങ്ങിയവ എടുത്തുപറയേണ്ട സാമൂഹിക ഇടപെടലുകളായിരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായും പുനരധിവാസങ്ങൾക്കുമായും തങ്ങൾക്കുള്ള സമ്പത്തുകൾ പോലും വിറ്റ് സമുദായ നേതാക്കൾ ഇക്കാലങ്ങളിലെല്ലാം കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്നു എന്നത് വിസ്മരിക്കുവാൻ സാധ്യമല്ല.

റബർ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, ഗാഡ്ഗിൽ– കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, ന്യൂനപക്ഷ അവകാശധ്വംസനങ്ങൾ, ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ന്യൂനപക്ഷ പീഡനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അടുത്തകാലത്ത് സംഘടന നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. തീവ്രമത നിലപാടുകളുടെയും വർഗീയതയുടെയും ഈ കാലഘട്ടത്തിൽ മതേതരത്വമൂല്യങ്ങൾ സമൂഹത്തിന് പ്രദാനം ചെയ്യുവാൻ സംഘടനയ്ക്ക് സാധിച്ചു.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കുവാൻ നാം കൂടുതൽ സജീവമാകേണ്ടതുണ്ട്. സമൂഹത്തിൽ നമ്മുടെ സമുദായത്തിനുണ്ടായിരുന്ന സ്വാധീനം ഇന്ന് കുറഞ്ഞുവരുന്നു. സർക്കാർ സർവ്വീസുകളിലുള്ള സമുദായാംഗങ്ങളുടെ കുറവ്, ജനപ്രതിനിധികളുടെ എണ്ണത്തിലുള്ള കുറവ്, കാർഷികമേഖലയിലെ തകർച്ച, മാധ്യമങ്ങളുടെ കടന്നുകയറ്റം, സമുദായാംഗങ്ങളുടെ ജനസംഖ്യയിലുള്ള കുറവ്, സാമൂഹിക പ്രശ്നങ്ങളിലുള്ള നിസംഗതയും നിഷ്ക്രിയത്വവും തുടങ്ങിയ പ്രശ്നങ്ങളിലൊക്കെ നമ്മുടെ സവിശേഷശ്രദ്ധ പതിയേണ്ടതുണ്ട്. ഇതിനായി കത്തോലിക്കാ കോൺഗ്രസ് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. നമ്മുടെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് ശാഖകൾ രൂപീകരിക്കുകയും കൂടുതൽ ആളുകൾക്ക് അംഗത്വം നൽകി അവ ശക്തമാക്കുകയും വേണം. വനിതകളും യുവജനങ്ങളും

ഉൾപ്പെടെ എല്ലാ വിശ്വാസികളും അണിനിരക്കുന്ന സമുദായ സംഘടനയായി കത്തോലിക്കാ കോൺഗ്രസ് മാറണം.

ശതാബ്ദിയോടനുബന്ധിച്ചുള്ള വിവിധപരിപാടികളും സമ്മേളനങ്ങളും യൂണിറ്റ്, ഫൊറോന, രൂപതാ തലങ്ങളിൽ നടന്നുവരികയാണല്ലോ. ഈ പരിപാടികളിൽ ബഹു. വൈദികരും സഭയിലെ എല്ലാ സംഘടനകളും സജീവമായി പങ്കെടുക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കട്ടെ. കഴിഞ്ഞ കാലങ്ങളിൽ സഭയ്ക്കും സമുദായത്തിനുംവേണ്ടി പ്രവർത്തിച്ച സമുദായസ്നേഹികളെയും അവരുടെ പ്രവർത്തനങ്ങളെയും ഓർമ്മിക്കുവാനും വരുംകാല പ്രവർത്തനങ്ങൾക്കുള്ള ദർശനങ്ങൾ പങ്കുവയ്ക്കുവാനും ഈ സംഗമങ്ങൾ ഉപകരിക്കട്ടെ.

രൂപതാതല ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി എല്ലാ ഫൊറോനകളിലൂടെയും കടന്നുവരുന്ന ശതാബ്ദി സന്ദേശയാത്ര ഏപ്രിൽ 27,28 തീയതികളിൽ നടത്തപ്പെടുന്നു. തുടർന്ന് ശതാബ്ദി സമ്മേളനം മെയ് 1 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് രാമപുരത്ത് വച്ച് നടത്തപ്പെടുന്നതാണ്. നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പങ്കെടുക്കുന്ന ഈ ശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കുവാനും വിജയിപ്പിക്കുവാനും ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,



മെത്രാസനമന്ദിരം
പാലാ, 19.02.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: ഈ സർക്കുലർ **ഏപ്രിൽ 22 -ാം** തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതും കത്തോലിക്കാ കോൺഗ്രസിന്റെ. പ്രവർത്തനങ്ങൾക്കായി അന്നേദിവസം വി. കുർബാന മദ്ധ്യേ സംഭാവനശേഖരണം നടത്തി **മെയ് 15-ന്** മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

സർക്കുലർ - 235

## തിരുക്കർമ്മങ്ങൾക്കുള്ള പടിസാധനം

ഈശോയിൽ പ്രിയ ബഹു. അച്ചന്മാരേ,

രൂപതാ ആലോചനാസംഘത്തോടാലോചിച്ച് നമ്മുടെ രൂപതയിൽ ഇപ്പോൾ നിലവിലുള്ള തിരുക്കർമ്മങ്ങൾക്കുള്ള പടിസാധനം **2018 ഏപ്രിൽ 01** മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പുതുക്കി പ്രസിദ്ധപ്പെടുത്തുന്നു.

ഇതിൽനിന്നും വ്യത്യസ്തമായി നിലവിലിരിക്കുന്ന എല്ലാ വ്യവസ്ഥകളും പിൻവലിക്കുകയും റദ്ദാക്കുകയും ചെയ്യുന്നു.

ഈ പടിസാധനത്തിൽ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ യഥാസമയം അറിയിക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 26.02.2018

NB : 1. പഴയ നിരക്കിലുള്ള ആഘോഷമായ കുർബാനയുടെ നിയോഗങ്ങൾ 2018 ഏപ്രിൽ 15-ാം തീയതിക്കുമുമ്പായി ചാൻസലറച്ചനെ ഏൽപിക്കേണ്ടതാണ്.

2. ലദീഞ്ഞ്, മധ്യസ്ഥപ്രാർത്ഥന (നവനാൾ/നൊവേന) എന്നിവയ്ക്കുള്ള അധിക നിയോഗങ്ങൾ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതും ആവശ്യത്തിന് നിയോഗങ്ങൾ ലഭിക്കുന്നില്ലായെങ്കിൽ ടി നിയോഗങ്ങൾ രൂപതാകേന്ദ്രത്തിൽനിന്നും സ്വീകരിക്കാവുന്നതുമാണ്.

3. തിരുക്കർമ്മങ്ങൾക്കുള്ള പടിസാധനം രൂപത കേന്ദ്രത്തിൽ നിന്നു വാങ്ങാവുന്നതാണ്.

## വികാരി അച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## ഇൻഫാം - രൂപത സമ്മേളനം

2018 ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇൻഫാമിന്റെ രൂപതാ പ്രതിനിധി സമ്മേളനം പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ **മാർ ജേക്കബ് മുരിക്കൻ** പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നു. കാർഷിക മേഖല ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും കൂട്ടായ പ്രവർത്തനത്തിലൂടെ പ്രശ്നപരിഹാരം തേടുന്നതിനും ഉള്ള ഒരു അവസരമായി കണ്ട് എല്ലാ ഇടവകകളിലുമുള്ള ഇൻഫാമിന്റെ ഭാരവാഹികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. നിലവിൽ ഇൻഫാമിന്റെ യൂണിറ്റുകൾ ഇല്ലാത്ത ഇടവകയിൽനിന്ന് 3 പേരെ ഈ മീറ്റിംഗിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരി അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഇൻഫാം ദേശീയ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ഫാ. തോമസ് തയ്യിൽ, പ്രസിഡന്റ് ശ്രീ. മാത്യു മാമ്പറമ്പിൽ, ശ്രീ. ബേബി പന്തപ്പള്ളിൽ എന്നിവർ നേതൃത്വം നൽകുന്ന ഈ സമ്മേളനത്തിന്റെ വിജയത്തിനായി ബഹു. അച്ചൻ വേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുമല്ലോ. ഈ മാസം 27-ാം തീയതി കാഞ്ഞിരപ്പള്ളിയിൽവച്ച് നടത്തുന്ന കർഷകറാലിയിലേയ്ക്കും സമ്മേളനത്തിലേക്കും പരമാവധി കർഷകരെ പറഞ്ഞുവിടാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 20.03.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ വിവരം 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

## ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്

# വലിയ ആഴ്ച തിരുകർമ്മങ്ങൾ

വലിയ ആഴ്ച തിരുകർമ്മങ്ങൾ പ്രത്യേക സാഹചര്യങ്ങൾ നിലനിൽക്കുന്നിടത്ത് ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും ഉച്ചകഴിഞ്ഞ് നടത്തുന്ന രീതിയാണല്ലോ നമ്മുടെ രൂപതയിൽ നിലവിലുള്ളത്. എന്നാൽ കാലാവസ്ഥയിൽ വന്നു കൊണ്ടിരിക്കുന്ന വ്യതിയാനത്തെക്കുറിച്ച് (അമിതമായ ചൂട്, ശക്തമായ ഇടിയും മഴയും) നമ്മുടെ അല്മായ വിശ്വാസികൾ ശ്രദ്ധയിൽപെടുത്തിയതിന്റെയും രൂപതയിലെ ബഹു. അച്ചന്മാരിൽ നിന്ന് ലഭിച്ച ക്രിയാത്മക പ്രതികരണങ്ങൾ കണക്കിലെടുത്തും ഉച്ചകഴിഞ്ഞ് നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ മാനിച്ച് നമ്മുടെ രൂപതയിൽ വലിയ ആഴ്ച തിരുകർമ്മങ്ങൾ രാവിലെ ക്രമീകരിക്കുന്നതിനുള്ള തീരുമാനം അറിയിക്കുന്നു.

സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 22.03.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---


## പാലാ കമ്മ്യൂണിക്കേഷൻസിൽ

### അവധിക്കാല സംഗീത ക്ലാസുകൾ

പാലാ കമ്മ്യൂണിക്കേഷൻസ് മ്യൂസിക് സ്കൂളിൽ അവധിക്കാല സംഗീത ക്ലാസുകൾ ഏപ്രിൽ മാസം 2-ാം തീയതി ആരംഭിക്കും. ശാസ്ത്രീയ സംഗീതം, കീ ബോർഡ്, ഗിറ്റാർ എന്നിവയുടെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. **ഫോൺ: 9048306071, 72**

# മൈനർ സെമിനാരി പ്രവേശനം

**ഇന്റർവ്യൂ: 2018 ഏപ്രിൽ 19**

**സമയം: 9:30 am– 12:00 pm**

പ്രിയ ബഹു. അച്ചാ,

നമ്മുടെ രൂപതാമൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ 2018 ഏപ്രിൽ 16–ാംതീയതിക്കു മുമ്പ് വെരി. റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട് – കരൂർ പി.ഒ. 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിപരീക്ഷായോഗ്യതയുള്ളവരോ ആയിരിക്കണം. **സെമിനാരി പ്രവേശനത്തിന്റെ ഇന്റർവ്യൂ ഏപ്രിൽ 19–ാം തീയതി വ്യാഴം രാവിലെ 9:30 മുതൽ 12 മണിവരെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു.**

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



മെത്രാസനമന്ദിരം

പാലാ, 20.03.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

---

NB: ബഹു. വികാരി അച്ചന്മാർ ഇക്കാര്യം ഏപ്രിൽ 15 ഞായറാഴ്ച വി. കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്.

Ref: 3080/K-5/KCBC/OL/DS
26.3.2018

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ**

**തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2018

***തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും***

***സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്***

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ ഈശോ സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടി

കർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ ഈശോയുടെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച ഈശോ തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായ രംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തു

വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ള തെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ- 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' - എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളി പ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂച നയാണ് നല്കുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാ ധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരു ക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാ നും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യു ന്നു." (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലമെന്റ് പാസ്സാക്കിയ അസംഘടിത തൊഴി ലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും 'ഏട്ടിലെ പശു'വാ ണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ രംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പുപദ്ധതി തുടങ്ങിയ പദ്ധ തികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറയ്ക്കപ്പെടുകയോ

വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതുമൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനുശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും 'ചിറ്റമ്മ' നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നോക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്ന

തെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാന സർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടി

ട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്ര മല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴി ലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥില മാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃത മായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേ ണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുക യുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference....of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളികൾക്കു വേണമെന്നു ലിയോ പതിമൂ ന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധി ച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാ ണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘ ട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ. എൽഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)
**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)
**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

NB: 2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## പ്രത്യേക അറിയിപ്പ്

DCMS പാലാ രൂപത ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും (2018-2021) തെരഞ്ഞെടുപ്പ്, 2018 ഏപ്രിൽ 7 ശനിയാഴ്ച രാവിലെ 10 മണി മുതൽ 8-ാം തീയതി ഞായർ വൈകുന്നേരം 4 മണി വരെ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്ന നേതൃത്വക്യാമ്പിൽ വച്ച് നടത്തുന്നതാണ്. രൂപത കൗൺസിലിലേക്ക് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജി.ഫീ. 100/- (ഒരാൾക്ക്)

എന്ന്,
**ഫാ. ജോസ് വടക്കേക്കുറ്റ്**
DCMS പാലാ രൂപത ഡയറക്ടർ

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

# കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദിയാഘോഷം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

സീറോ മലബാർ സഭയുടെ അത്മായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് നൂറ് വർഷങ്ങൾ പൂർത്തിയാക്കുകയാണ്. കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങൾ മെയ് മാസം 11 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തൃശ്ശൂരിൽ നടക്കുകയാണ്. 1918 ൽ ചങ്ങനാശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത 'കേരള കത്തോലിക്ക മഹാജനസഭ' എന്ന സംഘടനയാണ് ഇന്ന് കത്തോലിക്ക കോൺഗ്രസ് എന്ന പേരിൽ ശതാബ്ദിയാഘോഷത്തിൽ എത്തിനിൽക്കുന്നത്. കത്തോലിക്ക തിരുസഭയിൽ അത്മായരുടെ ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നിർവചിക്കുന്നുണ്ട്: 'ഭൗതിക ജീവിത സംവിധാനങ്ങളെ ദൈവഹിതമനുസരിച്ച് ക്രമീകരിക്കാനും മെത്രാന്മാരോടും വൈദികരോടും ചേർന്നു നിന്നുകൊണ്ട് ലോകത്തിൽ സുവിശേഷത്തിന്റെ പുളിമാവും ഭൂമിയുടെ ഉപ്പുമായിത്തീരാനുമുള്ളതാണ് അത്മായരുടെ ദൈവവിളി'. ഈ പ്രബോധനം രൂപപ്പെടുന്നതിനും വർഷങ്ങൾക്കു മുമ്പേ നമ്മുടെ സഭയിൽ ആരംഭിച്ച കത്തോലിക്ക കോൺഗ്രസ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത അത്മായ ദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുകയുണ്ടായി.

സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ താൽപ്പര്യങ്ങളുടെ സംരക്ഷണത്തിനും സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി പതിറ്റാണ്ടുകളായി കത്തോ

ലിക്ക കോൺഗ്രസ് നൽകിയ നിസ്തുലമായ സംഭാവനകളെയും ആദ്യകാല നേതാക്കന്മാരെയും നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. സമീപ കാലഘട്ടങ്ങളിൽ പലവിധ കാരണങ്ങളാൽ സംഘടനയുടെ ശക്തി കുറഞ്ഞുവന്ന സാഹചര്യത്തിലാണ് സീറോ മലബാർ മെത്രാൻ സിനഡ് കത്തോലിക്ക കോൺഗ്രസിന്റെ പുതിയ നിയമാവലി അംഗീകരിക്കുകയും അതുവഴി സംഘടനയെ ശക്തിപ്പെടുത്തുന്ന പ്രവർത്തന സംവിധാനം രൂപപ്പെടുത്തുകയും ചെയ്തത്. ഇന്ന് കത്തോലിക്ക കോൺഗ്രസ് അതിന്റെ കഴിഞ്ഞകാല പ്രതാപത്തിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങളുടെ പ്രാധാന്യം അടങ്ങിയിരിക്കുന്നത് ഈ സംഘടനയുടെ ആനുകാലിക പ്രസക്തിയാണ്. ആന്തരികവും ബാഹ്യവുമായ വെല്ലുവിളികൾ ഏതൊരു സമൂഹത്തെയും പോലെ നമ്മുടെ സമുദായത്തിനും എക്കാലവും നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇന്ന് നമ്മുടെ സഭ നേരിടുന്ന വെല്ലുവിളികൾ സജീവ ശ്രദ്ധയും ജാഗ്രതയും ആവശ്യപ്പെടുന്നവയാണ്. സുവിശേഷ സാക്ഷ്യത്തിന്റെ പ്രധാന വേദികളായ വിദ്യാഭ്യാസം, ആതുര സേവനം, രാഷ്ട്രസേവനം എന്നീ മേഖലകളിൽ നമ്മുടെ സമുദായം നൽകിയ അതുല്യ സംഭാവനകൾ തമസ്കരിക്കുകയും, സഭയുടെ സേവനമേഖലകളിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പുതിയ പ്രവണതയെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. മതേതരത്വത്തിന്റെ മഹനീയ ആശയം ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ യഥാർത്ഥ ചൈതന്യവും ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രണ്ടായിരം വർഷങ്ങളായി ഭാരതീയ സംസ്കാരത്തിൽ ഉൾച്ചേർന്ന് ജീവിച്ചവരാണ് ക്രൈസ്തവരെന്ന് നമ്മെത്തന്നെയും മറ്റുള്ളവരെയും

ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇത്തരം സാഹചര്യങ്ങളും സമാനമായ മറ്റ് പ്രതിസന്ധികളും വളർന്നുവരുന്ന ഈ സാഹചര്യത്തിൽ ഐക്യത്തോടെ പ്രവർത്തിക്കുക, സംഘടിതമായി പ്രതികരിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടുള്ള ക്രിയാത്മക പ്രതികരണമാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

മിശിഹായോടും സഭയോടുമൊത്ത്, സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനും പുരോഗതിയ്ക്കുമായി ഒരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ ഭാരതത്തിലും പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സഹോദരങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും, മൗലികാവകാശങ്ങളുടെ നിഷേധത്തിനെതിരെയും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നയങ്ങൾക്കെതിരെയുമുള്ള പ്രതിഷേധം പ്രകടിപ്പിക്കാനുമുള്ള വേദിയാണ് ഈ ഒത്തുചേരൽ. ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കാനും, ഭയം കൂടാതെ ജീവിക്കാനുമുള്ള ഭരണഘടനാവകാശം കാത്തുസൂക്ഷിക്കേണ്ടത്, പൂർവ്വികരോടും വരുംതലമുറയോടും നമുക്കുള്ള കടപ്പാടും കടമയുമാണ്. വൈവിധ്യങ്ങളുടെ നടുവിലും, പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും നമ്മൾ ചഞ്ചലചിത്തരല്ലെന്നും എല്ലാറ്റിനെയും അതിജീവിക്കുന്ന കൂട്ടായ്മയും സ്നേഹവും നമുക്ക് സ്വന്തമാണെന്നും തെളിയിക്കാനുള്ള വേദികൂടിയാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

'മതേതരത്വം രാഷ്ട്ര പുരോഗതിക്ക്' എന്നതാണ് ശതാബ്ദിയാഘോഷങ്ങൾക്ക് നമ്മൾ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം. ഈ ആശയമാണ് നമ്മുടെ സമുദായ മഹാസമ്മേളനത്തിനൊരുക്കമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടത്. ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഇടവക, ഫൊറോന,

രൂപത തലങ്ങളിൽ ആശയ കൈമാറ്റത്തിനും സമന്വനയത്തി നുമുള്ള വേദികൾ ഒരുക്കണം. ഒരു തരത്തിലുമുള്ള വിഭാഗീ തയും സമുദായ ഐക്യത്തെ തകർക്കാതിരിക്കാൻ ജാഗരൂക രായിരിക്കണം. കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ആഘോഷം സഭയുടെയും സമുദായത്തിന്റെയും കൂട്ടായ്മ വിളിച്ചോതുന്ന ചരിത്ര മുഹൂർത്തമാക്കി മാറ്റാൻ എല്ലാവരും പരിശ്രമിക്കേണ്ടതുണ്ട്. നമ്മുടെ ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും കത്തോലിക്കാ കോൺഗ്രസ്സ് യോഗങ്ങളിൽ എത്തിചേരേണ്ടതാണ്. ബഹു. വൈദികരും സമർപ്പിതരും അത്മായ നേതാക്കളും ഈ ലക്ഷ്യത്തോടെ വേണം പ്രവർത്തി ക്കുവാൻ.

2018 മെയ് 11,12,13,14 തിയ്യതികളിൽ തൃശ്ശൂരിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അത്മായ പ്രതിനിധികൾ പങ്കെടുക്കുന്നു. സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം സഭയിലെ എല്ലാ പിതാക്ക ന്മാരും സമ്മേളനത്തിൽ അണിചേരുമ്പോൾ ഈ സമ്മേളനം ചരിത്രത്തിൽ ഇടം പിടിക്കുമെന്ന് ഉറപ്പാണ്. മെയ് 11ന് മൺമ റഞ്ഞ സമുദായനേതാക്കളുടെ ഛായചിത്രങ്ങൾ തൃശ്ശൂരിലെ സമ്മേളന നഗരിയിലേക്ക് ആഘോഷമായി കൊണ്ടുവരുന്ന ചടങ്ങ് നടക്കുന്നു. മെയ് 12ന് ഗ്ലോബൽ വർക്കിംങ്ങ് കമ്മറ്റി സമ്മേളനവും പതാക ഉയർത്തലുമാണ് പ്രധാന പരിപാടികൾ. മെയ് 13ന് ഒരുലക്ഷം പേർ പങ്കെടുക്കുന്ന റാലിയും സമുദായ മഹാസമ്മേളനവും നടക്കും. മെയ് 14 ന് പ്രതിനിധി സമ്മേള നത്തോടെ ശതാബ്ദിയാഘോഷങ്ങൾക്ക് സമാപനമാകും.

പ്രിയമുള്ളവരേ, നമ്മുടെ വിശ്വാസവും ബോധ്യങ്ങളും മുറുകെ പിടിച്ച് കൊണ്ട്, നീതിക്കും സത്യത്തിനും സമാധാന ത്തിനും വേണ്ടി പ്രവർത്തന നിരതരാകാനുള്ള പ്രതിബദ്ധത നവീകരിക്കുവാൻ മെയ് 13-ാം തീയതി തൃശ്ശൂരിൽ നടക്കുന്ന

മഹാറാലിക്കും സമ്മേളനത്തിനുമായി നമുക്ക് ഒത്തുചേരാം. ഉത്തമ വിശ്വാസികളും ഉത്തമ പൗരരുമായി, തലമുറകളെ പ്രചോദിപ്പിക്കാനുതകുന്ന ജീവിത മാതൃകകളായി നമുക്ക് പ്രവർത്തിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ വി. തോമാശ്ലീഹയുടെ മാതൃകയിൽ കുരിശിന്റെ വഴിയിലൂടെ രക്ഷാകരമായി നമുക്കും സഞ്ചരിക്കാം. അസംഘടിതരും ഭയ ചകിതരുമായിരുന്ന ആദിമക്രൈസ്തവ സമൂഹത്തെ പരിശു ദ്ധാത്മാവ് ശക്തിപ്പെടുത്തിയതുപോലെ, ഈ കാലഘട്ടത്തിൽ ആത്മാവിന്റെ നവമായ അഭിഷേകം നമ്മെ ശക്തിപ്പെടുത്തട്ടെ. പരിശുദ്ധ അമ്മയുടെ പ്രാർത്ഥന, കൂട്ടായ്മയിൽ നമ്മെ നില നിർത്തുകയും പ്രതിസന്ധികളിൽ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് ശതാബ്ദിയാഘോഷങ്ങളിലും വലിയ സഹകരണ മനോഭാവത്തോടെ പങ്കുചേരുവാനും എല്ലാവരോടും സ്നേഹ ത്തോടെ ആഹ്വാനം ചെയ്യുന്നു. ദൈവമഹത്വത്തിനും സഭയ്ക്കും രാഷ്ട്രത്തിനും സമുദായത്തിനുമായി സംഘടി ക്കാം, പ്രബുദ്ധരാകാം, പോരാടാം.

സ്നേഹപൂർവ്വം,

**മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**

ബിഷപ്പ് ലഗേറ്റ് കത്തോലിക്കാ കോൺഗ്രസ്സ്

താമരശ്ശേരി രൂപതയുടെ മെത്രാൻ

# ബഹു. വൈദികരുടെ വാർഷികധ്യാനം

രൂപതയിലെ വൈദികരുടെ വാർഷികധ്യാനം ഈ വർഷം ജൂലൈ മാസത്തിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പതിവുപോലെ രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു. തിരുവനന്തപുരം സീറോ മലങ്കര അതിരൂപതാംഗമായ ബഹുമാനപ്പെട്ട **ഡാനിയേൽ പൂവണ്ണത്തിൽ** അച്ചനാണ് വാർഷികധ്യാനം നയിക്കുന്നത്.

**Batch 1** **ജൂലൈ 08 ഞായർ മുതൽ 12 വ്യാഴം വരെ**

**Batch 2** **ജൂലൈ 15 ഞായർ മുതൽ 19 വ്യാഴം വരെ**

രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷിക ധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

## Batch 1: 08-12 July 2018

1. Adappacheril Sebastian
2. Alapattumedayil Mathew
3. Alencheril Joseph
4. Ambattu Joseph
5. Ambattupadavil Joseph
6. Ambazhathinal George
7. Ammanathukunnel Joseph
8. Anchanickal Jose
9. Ancheril Jose
10. Anithottathil Gervasis
11. Arackal Joseph
12. Aranjani Puthenpura Augustine
13. Ayallukunnel Thomas
14. Ayathamattam Thomas
15. Chakkalayil Thomas
16. Chandrankunnel Mathew (Jr.)
17. Chandrankunnel Mathew (Sr.)
18. Chavelil John
19. Cheenothuparampil Joseph
20. Chennattu Mathew
21. Cherukarakunnel Sebastian
22. Chillackal Thomas
23. Choorakatt George (Sr.)
24. Choorakkatt George (Jr.)
25. Edathumparampil Joseph
26. Enthanal Joseph (Ofm Cap)
27. Eruppakkattu Philip
28. Ettuparayil George
29. Ettuparayil Sebastian
30. Illimoottil Thomas
31. Kachiramattam Augustine
32. Kadalikattil Mathew
33. Kadookkunnel John
34. Kadookunnel Mathew
35. Kaduppil Joseph
36. Kakkallil Jose
37. Kakkaniyil Abraham
38. Kakkattil George
39. Kalappurackal Joseph
40. Kalayil Mathew
41. Kallarackal Martin
42. Kanatt Cyriac

43. Kandathikudilil Augustine
44. Kaniampadickal Abraham
45. Kannanthanam John
46. Kappil Joseph
47. Kappiliparampil Kuriakose
48. Karamvely George
49. Karikilamthadam Joseph
50. Kavumpurathu George
51. Keeranchira Jose
52. Kizhakearanjaniyil Mathew
53. Kizhakkekollithanam Thomas
54. Kizhakkekutt Joseph
55. Kizhakkekutt Sebastian
56. Kizhakkel Thomas
57. Kochayyankanal James
58. Kochodackal Thomas
59. Kochumuriyil Joseph
60. Kokkatt Mathew
61. Kolath Augustine
62. Kolath Mathew
63. Kollamparambil Joseph
64. Koonammakal Thomas
65. Koonanickal Joseph
66. Koottiyaniyil Augustine
67. Kottayil Joseph
68. Kozhikott Alexander
69. Kozhuppankutty Augustine
70. Kulamakkal Abraham
71. Kumbuckal Thomas
72. Kumbulumkal Mathew
73. Kumbulumoottil Sebastian
74. Kunnackattu Cherian (Joby)
75. Kunnel Cyriac
76. Kuppapuzhackal Abraham
77. Kurichiel Issac
78. Kurumundayil Philip
79. Kuttianickal Mathew
80. Kuttikattu Thomas
81. Kuzhinjalil Joseph
82. Kuzhinjalil Mathew
83. Madathikunnel Joseph
84. Madathiparampil Thomas
85. Madickangal James
86. Malamackal Scaria
87. Malayilputhenpura Thomas
88. Mandapathil George
89. Maniangatt Zacharias
90. Mannanal Joseph
91. Mannukuzhumpil George
92. Mathothu Kurian
93. Mattam John
94. Menachery Thomas
95. Meyickel Joseph
96. Moloparambil Scaria
97. Moolechalil George
98. Mukkom Joseph
99. Mulanjanal Joseph
100. Muthuplackal Mathew
101. Nadackal Antony
102. Nadackal George
103. Nadackal Thomas
104. Naduviledam Paul
105. Naduvilekoot Joseph
106. Narithookil Kuriakose
107. Narively Mathew
108. Nellickatheruvil Jose
109. Nirappil Cyriac
110. Niravath George
111. Njarakunnel George
112. Njaralakatt Philip
113. Njavally Thomas
114. Olickal Alexander
115. Olickal Thomas
116. Ouseparampil Michael

117. Padannamakal Joseph
118. Paikada Alexander
119. Palackathadathil Abraham
120. Palackattukunnel Mathew
121. Palithottam John
122. Panackakuzhiyil Thomas
123. Pandiamackal Joseph (Sr.)
124. Panthalanickal Christy
125. Panthalanickal Mathew
126. Parackal Paul
127. Parackal Thomas
128. Parampithadathil George
129. Paraplackal Francis
130. Paraplackal Paul
131. Paravummel Joseph
132. Parekunnel Thomas
133. Paruthiparayil Thomas
134. Pattery Thomas
135. Pazheparampil Sebastian
136. Peedikayil Mathew
137. Pinakkattu Mathew (Jr.)
138. Porunnolil James
139. Pottakulam Jacob
140. Pulavelil Joseph (Jr.)
141. Puliurumbil James
142. Pulleettu Johnson
143. Pullukalayil Mathew
144. Punnathanathukunnel Mathew
145. Purayidathil Joseph
146. Purayidom Thomas
147. Puthenpura Augustine
148. Puthenpura Joseph
149. Puthiyamattam John
150. Puthiyidath Joseph
151. Puthukulangara Thomas
152. Puzhakkara Sebastian
153. Thadathil Cyriac
154. Thadathil Joseph (Jr.)
155. Thadathil Kurian
156. Thadathil Mathew
157. Thalodil Augustine
158. Thalodil Joseph
159. Thannickappara Joseph
160. Thanninilkumthadathil Thomas
161. Thazhathuvarikayil Joseph
162. Thekkel Joseph (Jr.)
163. Thengumpallil Joseph
164. Thengumpally Sebastian
165. Theruvath Augustine
166. Theruvil Joseph
167. Thonikuzhiyil Sebastian
168. Thottumkal Thomas
169. Thuruthel Sebastian
170. Thuruthippallil Mathew
171. Thuruthiyil Abraham
172. Vadakara Joseph
173. Vadakkekara Michael
174. Vadakkel Cyriac
175. Vadakkel Thomas
176. Vadakkenellikattil Joseph
177. Vadakkethakidiyel Kuriakose
178. Vadakkethottiyil George
179. Vadakkummukulayil Thomas
180. Vadayattukuzhy Joseph
181. Valiyaveettil Kalappura Sebastian
182. Vallipalam Joseph
183. Valummel Thomas
184. Vanchipurackal Joseph
185. Varakukalaparampil George
186. Varickamakal Emmanual
187. Vattamukalel Kuriakose
188. Vayalil Joseph
189. Vazhacharickal Thomas
190. Vazhakkaparayil Mathew

191. Vazhakkappara Joseph
192. Vazhayil Antony
193. Vekathanam Scaria
194. Velamparambil Cyrus
195. Vellamaruthunkal Jacob
196. Vellaringatt Jacob
197. Vellilamthadam Mani
198. Vengaloor Mathew
199. Vennayappillil Mathew
200. Vettathel Joseph
201. Vettukallel James
202. Vettukallel Mathew
203. Vilakkunnel Joseph

## Batch 2 : 08-12 July 2018

1. Alappattukunnel Sebastian
2. Ammottukunnel Mathew
3. Ampazhathumkal George
4. Anithanam Kurian
5. Arackaparampil Mathew
6. Aranjani Puthenpura Joseph
7. Attappatt Zacharias
8. Aykaramattam Joseph
9. Brahmanavelil Thomas
10. Chakkalackal Joseph
11. Cheeramkuzhy Michael
12. Chellamthara Thomas
13. Cherukarakunnel Joseph
14. Chollanal George
15. Edathinal Francis
16. Edayodiyil George
17. Edettu John
18. Ellathuparampil Joseph
19. Ennackappallil Mathew
20. Erimattathil Abraham
21. Eruvelikunnel Antony
22. Ettumanukaran Alvin
23. Ezhuparayil Joseph
24. Illimoottil Joseph
25. Illimoottil Mathew
26. Inchakuzhiyil Augustine
27. Kadaplackal Sebastian
28. Kadukammackal Augustine
29. Kakkattuthadathil Thomas
30. Kalachirayil Thomas
31. Kalariparambil Vincent
32. Kalathipullattu Thomas
33. Kalayil Kurian
34. Kallacheril Joseph
35. Kaniampadickal Sebastian
36. Kanjiramkuzhy John
37. Kariappuram Joseph
38. Karottukizhakkel Thomas
39. Kattackal James
40. Kavalammackal Mathew
41. Kavanadimalayil Mathew
42. Kavumpuram Joseph
43. Keeramthadathil Joseph
44. Kizhake Aranjaniyil George
45. Kizhakkekara Joseph
46. Kizhakkeparampil Michael
47. Kochayyankanal Joseph
48. Kochukaippettiyil Cyriac
49. Kochuparampil Joseph
50. Kollamparambil Devasia
51. Kollithanathumalayil Abraham
52. Koramkuzha Mathew
53. Kottarathil Emmanuel
54. Kottarathil George

55. Kottayil James
56. Kottayil Kurian
57. Kozhuppankutty Mani
58. Kudilil James
59. Kulangara Philip
60. Kumminiyil Joseph
61. Kunnackattu Joseph
62. Kunnackattu Robert CRM
63. Kunnappally Jose
64. Kunnumpuram Berchmans
65. Kurisummoottil Mathew (Jr.)
66. Kurisummoottil Mathew (Sr.)
67. Kurumuttath Joseph
68. Kuttianickal Sebastian
69. Kuttiankal Joseph
70. Madappallil Thomas
71. Madathikunnel Mathew
72. Madathikunnel Paul
73. Madukavil George
74. Madurapuzha Zacharias
75. Maleparambil Joseph
76. Mampallikunnel Sebastian
77. Mangalath James
78. Manianchira Joseph
79. Maniyangattu Joseph
80. Mannoor Sebastian
81. Mannoor Thomas
82. Maprakarottu Sebastian
83. Mathilakath Mathew
84. Mattam Kurian
85. Mattamundayil John
86. Mattappally Mathew
87. Mattathil Philip
88. Mecheril Joseph
89. Mekkattukunnel Andrews
90. Modiyil Scaria
91. Moolakunnel Alexander
92. Moolayil Cherian
93. Moolayil Thomas
94. Moolechalil Thomas
95. Moongamakel Vincent
96. Moothedam Mathew
97. Mukaleparambil Joseph
98. Mukkamkuzhiyil Kurian
99. Mulangattil George
100. Mundackal Joseph
101. Mundumuzhikara Sebastian
102. Mundunadackal Mathew
103. Muthanattu Joseph
104. Muthirakalayil Joseph
105. Mylapparampil Joseph
106. Naduthadam Sebastian
107. Naduviekoot Ignatius
108. Narikkatt Michael
109. Narithookil Joseph
110. Nellickal George
111. Nellikunnucherivupurayidom George
112. Njarakkattil Joseph
113. Njarakunnel George Varghese
114. Olayathil Thomas
115. Oravachalil George
116. Ottathengumkal Enas
117. Ouseparambil Joseph
118. Padickakuzhippil Sebastian
119. Pallackal Joseph
120. Palliparampil George
121. Pampara Joseph
122. Panampuzha Joseph
123. Pandarakappil Alex
124. Pandaraparambil Jacob
125. Pandiamackal Joseph (Jr.)
126. Pangottil Kuriakose
127. Panthiruvelil Martin
128. Parakandathil Thomas

129. Paraplackal Augustine
130. Parathotty Mathew
131. Parekunnel George
132. Pariath Joseph (Jr.)
133. Pariath Joseph (Sr.)
134. Pariyappanal Johnson
135. Pathickelputhenpurayil Kuriakose
136. Pazheparampil George
137. Pazhethudippara Zacharias
138. Peedikamalayil Augustine
139. Periappuram Emmanuel
140. Perumattathil Augustine
141. Peruvelil Sebastian
142. Pezhathumkal Jacob
143. Pezhumkattil Abraham
144. Polachirakunnumpuram George
145. Polakatt Kurian
146. Ponnamvarickayil George
147. Poovakulam George
148. Poovathinkal Joseph
149. Poovathumkal Jose
150. Potheettel John
151. Pulavelil Joseph (Sr.)
152. Pulickaparambil Mathew
153. Pulinthanathu Kuriakose
154. Pullattu Thomas
155. Pullukalayil George
156. Puthenpurackal Mathew
157. Puthettu Cyriac
158. Puthiyaparampil George
159. Puthiyaparampil Jacob
160. Puthiyidath Mathew
161. Puthoor Sebastian
162. Puthumana Joseph
163. Sauriamkuzhy George
164. Sauriamkuzhy Mathew
165. Thadathil Joseph (Sr.)
166. Thadickaparambil Kuriakose
167. Thakadiyel Abraham
168. Thalavayalil Abraham
169. Tharappel Joseph (Jr)
170. Tharappel Joseph (Sr)
171. Thayyil Thomas
172. Thekkel Mathew
173. Thekkumcherikunnel Sebastian
174. Theruvil George
175. Thevarkunnel Mathew
176. Tholanickal Joseph
177. Thudiamplackal Kuruvila
178. Thudiamplackal Sebastian
179. Vadakkekutt Joseph
180. Vadakkel George
181. Vadakkel Jacob
182. Vadakkemangalath Joseph
183. Valiamangalam Kurian
184. Valiaveettil Thomas
185. Vallompurayidathil Jose
186. Vallopallil Mathew
187. Vanchipurackal George
188. Varickamackal Kurian
189. Varickamakal Augustine
190. Vattappalam Devasiachan
191. Vattappalam Michael
192. Vattappillil Joseph
193. Vayalil James
194. Vayaliparambil George
195. Vechoor Dominic
196. Vedikunnel Thomas
197. Vellachalil Kuriakose
198. Vellaringatt Kurian
199. Vennaippillil James
200. Vethanath Sebastian
201. Vettukallel George
202. Vettukallel Sebastian
203. Vettukattil Thomas

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. 400 വീടുകളിൽ കൂടുതൽ ഉള്ള ഇടവകകളിൽ ആണ്ടുതിരട്ട് പാസാക്കുന്നതിന് പ്രതിനിധിയോഗം കൂടിയാൽ മതിയാവും.
2. 400-ൽ താഴെ വീടുകളുള്ള ഇടവകകളിൽ ആണ്ടു തിരട്ട് പാസാക്കേണ്ടത് പൊതുയോഗമായിരിക്കും.
3. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽ വച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. തുടർച്ചയായി രണ്ടുപ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.
4. തെരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. മാസത്തിരട്ട് റിപ്പോർട്ട് അതാതു മാസങ്ങളിൽ രൂപതാ കേന്ദ്രത്തിലേയ്ക്കു അയച്ചുതരേണ്ടതാണ്. (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതികൾ ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). കഴിയുന്നതും അന്നേദിവസം തന്നെ ബുക്കുകൾ തിരിച്ചു നൽകുവാനും ശ്രമിക്കുന്നതാണ്. ആയതിനാൽ ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തേയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ കോപ്പികളും രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്.
5. കല്പനപ്രകാരുമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെ വന്നാൽ ഓരോന്നും അതാതു കേന്ദ്രങ്ങളിലേയ്ക്ക് നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കുവാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതിനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.
7. മരാമത്തു പണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
8. ആണ്ടുതിരട്ടിന് മുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലി തീർക്കേണ്ടതാണ്.
9. ആണ്ടു തിരട്ടു അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതു കണക്കിന്റെയും കൃഷികണക്കിന്റെയും തന്നാണ്ടത്തെ നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാറിപ്പോർട്ടിന്റെ കോപ്പി എന്നിവ കൊണ്ടുവരേണ്ടതാണ്.
10. ആണ്ടുതിരട്ടു സംബന്ധിച്ച് രൂപതാനിയമാവലിയിൽ നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ്**
**തുടങ്ങിയ ഇനങ്ങൾ തിട്ടപ്പെടുത്തുന്നക്രമം ഇപ്രകാരമാണ്.**

വിവിധയിനത്തിലുള്ള നേർച്ച വരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിന് നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാര വരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം, പലവക വരുമാനം, കാർഷിക വരുമാനങ്ങൾ (തേങ്ങ, റബർ, ജാതിയ്ക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്നും നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (Cathedraticum) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ച

വരുമാനത്തിൽനിന്നും 20000 രൂപ കുറച്ച് (ഇരുപതിനായിരം രൂപായെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കി വരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽ നിന്നും 40000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേയ്ക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാ ആവശ്യങ്ങൾക്കായും ADCP Fund Trust ലേയ്ക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവു ചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടിലേയ്ക്കും സ്വീകരിക്കുന്നു. ഇതിനുപുറമെ രൂപത ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം ഇവയുടെ തുകയും ചേർന്നാണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്. തുടർന്നുവരുന്ന വർഷങ്ങളിൽ പാരിഷ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട ഫീസും ഈ അവസരത്തിൽ വാങ്ങേണ്ടതായി വന്നേക്കും.

| | |
|---|---|
| **7/5/2018 Monday** | **Palai Cathedral,** Kudakkachira, Lalam Old, Moonnani, Mutholy, Palakad, Thodanal, Urulikunnam, Valavoor |
| **8/5/2018 Tuesday** | **Aruvithura,** Chennad, Edamaruku, Kalathookadavu, Moonnilavu, Mania-nkulam, Nellappara, |
| **9/5/2018 Wednesday** | **Bharananganam,** Amparanirapel, Choondacherry, Edappady, Idamattom, Plassanal, |
| **10/5/2018 Thursday** | **Cherpumkal,** Alphonsagiri, Kanjira-mattom, Karimpany, Manalumkal, Manjamattom, Paduva, Palayam |

| | |
|---|---|
| **11/5/2018 Friday** | **Elanji ,** Josegiri, Kakkoor, Mulakulam, Mutholapuram, Santhipuram, Thirumarady, Xavierpuram |
| **12/5/2018 Saturday** | **Kadanad,**Anthinad, Kavumkandam, Manathoor, Urumbukavu, Aimcomb, Kurumannu, Geovalley |
| **14/5/2018 Monday** | **Kaduthuruthy,** Arunoottimangalam, Keezhoor, Mannar, Poozhikol, Thuruthipally |
| **15/5/2018 Tuesday** | **Koottickal** Cholathadam, Kavaly, Malayinchipara, Parathanam, Velanilam, Yendayar |
| **16/5/2018 wednesday** | **Kothanalloor,** Kalathoor, Mannarappara, Manvettam, Nambiakulam, Perumthuruth, Sleevapuram, Vedagiri |
| **17/5/2018 Thursday** | **Kuravilangad,** Kattampak, Kurichithanam, Mannackanad, Monippally, Udayagiri, Vayala |
| **18/5/2018 Friday** | **Moolamattom** Arakulam New, Arakulam Old, Edadu, Elappally, Kudayathoor, Kulamavu, Lourdes Mount, Velliamattom, Vimalagiri (Chakkikavu) |
| **19/5/2018 Saturday** | **Muttuchira,** Alphonsapuram, Fathimapuram, Jaigiri, Kanjirathanam, Malapuram, Valachira |
| **21/5/2018 Monday** | **Poonjar** Adivaram, Kaippally, Kunnonny, Maniankunnu, Payyanithottam, Peringulam, Thakady |
| **22/5/2018 Tuesday** | **Pravithanam,** Elamthottam, Kaveekunnu, Mundankal, Kayyoor, Narianganam, Ullanad, Vezhanganam |
| **23/5/2018 Wednesday** | **Ramapuram,** Anthialam, Chakkampuzha, Chittar, Ezhacherry, Karoor, Kondad, Kurinji, Neeramthanam, Poovakulam, |

| | |
|---|---|
| **24/5/2018 Thursday** | **Teekoy,** Ayyampara, Adukkam, Mangalagiri, Mavady, Santhigiri, Vagamon, Vellikulam |
| **25/5/2018 Friday** | **Thudanganad** Gagultha, Jose Mount (Illiary), Kakombu, Maryland, Melukavumattom, Neeloor, Sibigiri, |
| **28/5/2018 Monday** | Arunapuram, Kizhathadiyoor, , Lalam New,, Meenachil, Mevida, Nelliyani, Paingalam, Poovarany |
| **29/5/2018 Tuesday** | Varianikad Chemmalamattom, Chettuthodu, Piusmount, Thidanad, Vakakkad, |
| **30/5/2018 Wednesday** | Chempilavu, Kadaplamattom, Kozhuvanal, Kuruvinal, Mangalaram, Mattakkara, Moozhoor, |
| **1/6/2018 Friday** | Koothattukulam, Marangoly, Periapuram, Piravom, Vadakara, Town Chapel |
| **3/6/2018/Saturday** | Kalikavu, Koodalloor, Marangattupally, Palakattumala, Ratnagiri, Vakkad, Kochukottaram |
| **5/6/2018 Monday** | Kizhaparayar, Mallikasserry, Paika, Poovathodu, Vilakumadom, Alphonsa Shrine |

+Jacob Murickan

**മാർ ജേക്കബ് മുരിക്കൻ**

രൂപത സഹായമെത്രാൻ

---

NB : 7–5–2018 ന് മുമ്പ് കണക്കുകൾ തയ്യാറാക്കുന്ന പള്ളികൾക്ക് അവ മുൻകൂട്ടി സമർപ്പിക്കാവുന്നതാണ്. 7–ാം തീയതി മുതൽ ഈ ക്രമം കൃത്യമായി പാലിക്കണം.

# List of Very/ Rev Fathers to observe Prayer Day and to Officiate Ramsa at Bharananganam

| | |
|---|---|
| Valiaveettil Thomas | April 08 |
| Valiyaveettil Kalapupura Sebastian | April 09 |
| Vallopallil Mathew | April 10 |
| Valummel Thomas | April 11 |
| Vanchipurackal George | April 12 |
| Varickamakal Augustine | April 13 |
| Varickamakal Emmanual | April 14 |
| Vattamukalel Kuriakose | April 15 |
| Vayalil James | April 16 |
| Vayalil Joseph | April 17 |
| Vazhacharickal Thomas | April 18 |
| Vazhakkaparayil Mathew | April 19 |
| Vazhakkappara Joseph | April 20 |
| Vedikunnel Thomas | April 21 |
| Velamparambil Cyrus | April 22 |
| Vellachalil Kuriakose | April 23 |
| Vellaraingatt Kurian | April 24 |
| Vellilamthadam Mani | April 25 |
| Vengaloor Mathew | April 26 |
| Vennaippillil James | April 27 |
| Vennayappillil Mathew | April 28 |
| Vettathel Joseph | April 29 |
| Vettukallel George | April 30 |
| Vettukallel James | May 01 |
| Vettukallel Mathew | May 02 |
| Vettukallel Sebastian | May 03 |
| Vettukattil Thomas | May 04 |
| Ambattu Joseph | May 05 |
| Cheenothuparampil Joseph | May 06 |




# വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജേക്കബ്ബ് മുരിക്കൻ, മാർ ജോസഫ് കൊല്ലംപറമ്പിൽ (ജഗദൽപൂർ രൂപത), മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ ജോസഫ് കൊല്ലംപറമ്പിൽ, ശ്രീ. കെ.എം. മാണി എം.എൽ.എ.

**2. രോഗീ വയോജന പ്രാർത്ഥന**

രണ്ടാംവെള്ളിയാഴ്ച നടന്ന രോഗീ വയോജനപ്രാർത്ഥനയ്ക്ക് ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ നേതൃത്വം വഹിച്ചു.

3. പരി. കുർബ്ബാനയും ജപമാലയും മെഴുകുതിരി പ്രദക്ഷിണവും

ശനിയാഴ്ചകളിൽ വൈകുന്നേരം ഫാ. ജെയിംസ് പന്നാംകുഴി ഒ.എസ്. ബി., ഫാ. ജോയേൽ പണ്ടാരപ്പറമ്പിൽ എന്നിവർ പരി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

**4. സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്റർ**

സെന്റ് അൽഫോൻസാ സ്പിരിച്ചാലിറ്റി സെന്ററിന്റെ നിർമ്മാണക്രമീകരണങ്ങൾ പൂർത്തിയായി. തീർത്ഥാടനകേന്ദ്രത്തിലെ ബഹു. വൈദികർ അവിടെ താമസമാക്കി. അന്നേദിവസം ലളിതമായ ചടങ്ങിൽ കെട്ടിടനിർമ്മാണത്തിന് നേതൃത്വം വഹിച്ചവർക്ക് രൂപത സഹായമെത്രാൻ മാർ ജേക്കബ്ബ് മുരിക്കൻ പാരിതോഷികങ്ങൾ വിതരണം ചെയ്തു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ശ്രീ. ജോയി എബ്രാഹം എം.പി., പള്ളി വികാരി ഫാ. എബ്രാഹം കൊഴുപ്പൻകുറ്റി, ഫാ. ജോസ് കാക്കല്ലിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. റെക്ടർ

ഫാ. മാത്യു ചന്ദ്രൻകുന്നേൽ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

**5. ഓശാന ദിനാചരണം**

പതിവുപോലെ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാപള്ളിയിലെ ഓശാന ദിനാചരണങ്ങളുടെ ഭാഗമായ കുരുത്തോല വെഞ്ചരിപ്പ് വി. അൽഫോൻസാ തീർത്ഥാടന ചാപ്പലിൽ നടന്നു. വികാരി. ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, റെക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ജീവൻ കദളിക്കാട്ടിൽ, ഫാ. ജെയിംസ് കട്ടയ്ക്കൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ (റെക്ടർ)**

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസോത്സവം 2018 ഏപ്രിൽ 3-8 വരെ**

വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ പുതുഞായറാഴ്ച വരെ നടത്തുന്നതാണ്. രാവിലെ 7.30 മുതൽ 1പി എം വരെയാണ് നടത്തേണ്ടതാണ്.9.30മുതൽ3.30വരെയും നടത്തേണ്ടവർക്ക് അപ്രകാരവും നടത്തേണ്ടതാണ്. വിശ്വാസോത്സവത്തിന്റെ ബാനർ ദൈവാലയാങ്കണത്തിൽ പ്രദർപ്പിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും വേണ്ടതാണ്.

**2. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്**

ക്ലാസ്സുകളിലെ കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പ് ഏപ്രിൽ 10മുതൽ 15 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും. വൈദീകർ, ബഹു.സിസ്റ്റേഴ്സ്, വിശ്വാസപരിശീകർ എന്നിവർ നേതൃത്വം നൽകും. ഏപ്രിൽ 18 മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്.

**3. സ്കോളർഷിപ്പ് പരീക്ഷ മെയ് 5 ശനി**

പാലാ, കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട് എന്നീ കേന്ദ്രങ്ങളിൽ വച്ച് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതാണ്.ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ടു കുട്ടികളെയാണ് പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടത്. പരീക്ഷയെഴുതുന്ന വിദ്യാർത്ഥിയുടെ പേരും അവരെഴുതുന്ന സെന്ററിന്റെ പേരും അവരെ പഠിപ്പിച്ച അദ്ധ്യാപരുടെ പേരും ഏപ്രിൽ 20നകം വിശ്വാസപരിശീലനകേന്ദ്രത്തിലെത്തിക്കുമല്ലോ.വിശദവിവരങ്ങൾ ബുള്ളറ്റിൻ 41ൽ കൊടുത്തിരിക്കുന്നത് കാണുക.

**4. കോളേജ് മതബോധന സ്കോളർഷിപ്പ്**

പാലാ രൂപതയിലെ കോളേജ്തല വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ മാർച്ച് 7-ാം തിയതി 10 എ എം ന് പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടന്നു.

**5. നാമഹേതുകതിരുനാളിന് ആശംസകൾ നേർന്നു.**

ജോസഫ് നാമധാരികളായ അഭിവന്ദ്യപിതാക്കന്മാർക്കും വികാരി ജനറാൾ അച്ചന്മാർക്കും അരമനയിലെ മറ്റ് അച്ചന്മാർക്കും ഓഫീസിൽനിന്ന് എല്ലാവരും ചേർന്ന് ചെന്ന തിരുനാൾ ആശംസകൾ അർപ്പിച്ചു.

**6. സി.ടി.പി കോഴ്സ്**

വിശ്വസപരിശീലകരുടെ അടിസ്ഥാനയോഗ്യതയായ സി.ടി.പി 2017-18 ബാച്ചിന്റെ ക്ലാസുകളും പരീക്ഷകളും മാർച്ച് 24-ാം തിയതി അവസാനിച്ചു.വിവിധ ദൈവശാസ്ത്രവിഷയങ്ങളെ ആവിഷ്ക്കരിച്ച് 20 ക്ലാസുകളാണ് ഉൾപ്പെടുത്തിയിരുന്നത്.

**7. ചോദ്യപേപ്പറുകളുടെ വിതരണവും, 10,12 ക്ലാസുകളിലെ ഉത്തരകടലാസുകൾ**

വാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ മാർച്ച് 24-ാം തിയതി ശനിയാഴ്ച വിതരണം ചെയ്തു.10,12 ക്ലാസുകളിലെ ഉത്തരക്കടലാസുകളും സർട്ടിഫിക്കറ്റ് ബുക്കുകളും ഏപ്രിൽ 4ന് 5മണിക്ക് മുമ്പായി വിശ്വാസപരിശീലനത്തിൽ എത്തിക്കണം.

**8. വിചിന്തനം ക്യാമ്പ്**

10-ാംക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള വിചിന്തനം ക്യാമ്പുകൾ ആരംഭിക്കുകയാണ്. ഈ വർഷം 300 രൂപയായിരിക്കും ഫീസ്.രജിസ്റ്റർ ചെയ്തവർ അതിന്റെ ഫീസടച്ച്ഫോറം മേടിച്ച് കൊണ്ട് പോകേണ്ടതാണ്.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

---

# മിഷൻലീഗ് വാർത്തകൾ

---

**1. മാതൃഭവൻ പുനരുദ്ധാനഫണ്ട്**

ചെറുപുഷ്പമിഷൻലീഗ് മാതൃഭവന്റെ ഒരു സംഭാവനശേഖരണം നടത്തുന്നു. സംഭാവനാ കൂപ്പണുകൾ വിതരണം ചെയ്തു. 10 രൂപയുടെ കൂപ്പണുകൾ വിശ്വാസോത്സവസമയത്ത് കുട്ടികളിലൂടെ വിതരണം ചെയ്യുകയും പിരിഞ്ഞുകിട്ടുന്ന തുക മെയ് 15ന് മുൻപ് വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**2. മേഖലാ തെരഞ്ഞെടുപ്പുകൾ**

2018-20 വർഷത്തേക്കുള്ള മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ എല്ലാ ഇടവകകളിലും നടത്തേണ്ടതാണ്.ശാഖകളിലെ ഭാരവാഹികളുടെ സൗകര്യാർത്ഥം വിശ്വാസോത്സവദിനങ്ങളിൽ തന്നെ ഇലക്ഷൻ നടത്തേണ്ടതാണ്.എല്ലാ ശാഖകളിലേയും ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവർക്കാണ് വോട്ടവകാശമുള്ളത്.വോട്ടേഴ്സ് ലിസ്റ്റ് മുൻകൂട്ടി പ്രസിദ്ധീകരിക്കുകയും തിയതി രൂപതാ പ്രസിഡന്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. രൂപതാ എക്സിക്യൂട്ടീവിൽ നിന്നും അയക്കുന്ന റിട്ടേണിങ്ങ് ഓഫീസർ ഇലക്ഷൻ നേതൃത്വം വഹിക്കുന്നതുമാണ്.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 2,9,16 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഫാ. മാത്യു പുതിയിടം, ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ തോമസ് എലപ്പുഞ്ഞനാൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം, 5,6,7,8,12,13,14,15,19,20,21,22,26,27,28,29 തീയതികളിൽ ഷാലോമിൽ വച്ച് 10 മണിമുതൽ 3 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**3. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം, 5,12,19, 26 തീയതികളിൽ ഷാലോമിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 മണിവരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും ജീസസ് യൂത്തിന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**4. മദ്ധ്യസ്ഥ പ്രാർത്ഥന ചേർപ്പുങ്കൽ മാർസ്ലീവാ ഹോസ്പിറ്റലിൽ**

ഈ മാസം 5,12,19,26 തീയതികളിൽ രാവിലെ 10 മണിമുതൽ 2.30 വരെ ചേർപ്പുങ്കൽ ഹോസ്പിറ്റൽ ചാപ്പലിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ബ്രദർ ജോണി തെക്കേൽ, ആലീസ് കട്ടക്കയം, ജോയി നെല്ലിക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 21-ാം തീയതി രാവിലെ 9.30 മുതൽ 1 വരെ രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഷാലോമിൽ ഒരുമിച്ചുകൂടി കഴിഞ്ഞമാസം പ്രവർത്തിച്ചകാര്യങ്ങൾ വിലയിരുത്തുകയും അടുത്ത മാസത്തേയ്ക്കുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ. ജോസഫ് കളപ്പുരയ്ക്കൽ വചനം പങ്കുവച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഈ കാലഘട്ടത്തിൽ ഈശോയ്ക്കുവേണ്ടി പ്രവർത്തിക്കാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന് മനസ്സിലാക്കി അതാത് മിനിസ്ട്രികളിൽ ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിച്ചു. ടി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**6. കൺവൻഷൻ കമ്മിറ്റി മീറ്റിംഗ് ബിഷപ്പ്സ് ഹൗസിൽ**

ഈ മാസം 16-ാം തീയതി വെള്ളിയാഴ്ച 3 മണിക്ക് പാലാ ബിഷപ്പ്സ് ഹൗസിൽ വച്ച് 35-ാമത് ബൈബിൾ കൺവൻഷന്റെ കണക്കുകൾ അവതരിപ്പിക്കുന്നതിന് ബിഷപ്പ് ജേക്കബ് മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 35-ാമത് കൺവൻഷനെപ്പറ്റി വിലയിരുത്തുകയും കണക്കു

കൾ അവതരിപ്പിക്കുകയും ചെയ്തു. ഈ വർഷം ലഭിച്ച തുക ദൈവാനുഗ്ര ഹത്താൽ ഇതുവരെ ലഭിച്ചതിനെക്കാളും കൂടിയതായിരുന്നു. തദവസരത്തിൽ കൺവൻഷന്റെ പ്രത്യേക ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലച്ചനും അരമനയിലേയും ഷാലോമിലെയും കത്തിഡ്രൽ പള്ളിയിലേയും അച്ചന്മാർ സന്നിഹിതരായിരുന്നു. ഏകദേശം 80 ഓളം പ്രവർത്തകരും സന്നിഹിതരാ യിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. കരിസ്മാറ്റിക് ദിനം**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃ ത്വത്തിലുള്ളവരുടെ സംഗമം മാർച്ച് 3-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. സി. റോസിറ്റ് എസ്.എച്ച്. വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാ ക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും കൂട്ടിക്കൽ സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**2. സോണൽ സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതിയുടെ മീറ്റിംഗ് മാർച്ച് 5-ാം തീയതി തിങ്കളാഴ്ച 2 മുതൽ 5 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു. എല്ലാ സേവനസമിതി അംഗങ്ങളും പങ്കെടുത്തു.

**3. മിനിസ്ട്രി പുനസംഘടന**

കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ ശുശ്രൂഷകളായ 11 മിനിസ്ട്രികളുടെ പുന സംഘടന ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. താഴെപ്പറയുന്നവരെ 2018-2020 വർഷത്തെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

**4. ഫൈനാൻസ്**

ശ്രീ. ജെയിംസ് മാറാട്ടുകുളം, കോർഡിനേറ്റർ
ശ്രീമതി ഐഷ അന്ത്രയോസ് – സെക്രട്ടറി
ശ്രീ. ജോർജ് ഒ.ടി. ഓടയ്ക്കൽ – ട്രഷറർ

ബി. കെറിഗ്മ

ശ്രീ. സണ്ണി പള്ളിവാതുക്കൽ – കോർഡിനേറ്റർ
ശ്രീ. ജോസ് പോൾ – സെക്രട്ടറി
ശ്രീമതി സെല്ലി അഗസ്റ്റിൻ – ട്രഷറർ

സി. എൽഡേഴ്സ്

ശ്രീ. ജോർജ് തെക്കുംചേരിക്കുന്നേൽ – കോർഡിനേറ്റർ

ശ്രീ. തോമസ് പി.പി. പുളിക്കാട്ട് – സെക്രട്ടറി
ശ്രീ. ചാക്കോ എം.സി. മാട്ടേൽ – ട്രഷറർ

ഡി. പാരിഷ്

ശ്രീ. ജോൺസൺ തടത്തിൽ – കോർഡിനേറ്റർ
ശ്രീ. റോയി സെബാസ്റ്റ്യൻ – സെക്രട്ടറി
ശ്രീ. ജോയി കുന്നപ്പള്ളി – ട്രഷറർ

ഇ. തൂവാനീസ

ശ്രീമതി ലില്ലിക്കുട്ടി വരാച്ചേരിൽ – കോർഡിനേറ്റർ
ശ്രീമതി മിനി ജോസ് – സെക്രട്ടറി
ശ്രീമതി ഏലിയാമ്മ ജോണി – ട്രഷറർ

എഫ്. മദ്ധ്യസ്ഥ പ്രാർത്ഥന

ശ്രീമതി ആലീസ് ജോർജ് – കോർഡിനേറ്റർ
ശ്രീമതി മോനിക്കുട്ടി മാങ്കാലായിൽ – സെക്രട്ടറി
ശ്രീമതി ചാക്കോ, ചെട്ടിമാട്ടേൽ – ട്രഷറർ

ജി. കപ്പിൾസ്

ശ്രീ. ജെയിംസ് വെട്ടുകാട്ടിൽ – കോർഡിനേറ്റർ
ശ്രീ. സെബാസ്റ്റ്യൻ എൻ.ആർ. – സെക്രട്ടറി
ശ്രീ. ജോസ് കുഞ്ഞ് – ട്രഷറർ

. ജീവജ്വാല

ശ്രീ. മാത്തുകുട്ടി താന്നിക്കൽ – കോർഡിനേറ്റർ
ശ്രീ. സാജൻ മാത്യു – സെക്രട്ടറി
ശ്രീമതി സെലീനാമ്മ കാവുങ്കൽ – ട്രഷറർ

. മരിയൻ സിംഗിൾസ്

ശ്രീമതി ബീന സാബു പൊടിമറ്റം – കോർഡിനേറ്റർ
ശ്രീമതി ലിസ്സി തെരുവത്ത് – സെക്രട്ടറി
ശ്രീമതി ഏലിയാമ്മ വെട്ടത്ത് – ട്രഷറർ

. ഹോളി ഏഞ്ചൽസ്

ശ്രീമതി ലിൻസി കുരിശുമൂട്ടിൽ – കോർഡിനേറ്റർ
ശ്രീമതി ബിയ തെള്ളിയിൽ – സെക്രട്ടറി
ശ്രീ. മനോജ് ചെറിയാൻ – ട്രഷറർ

. ജീസസ് യൂത്ത്

ശ്രീ. ചാക്കോച്ചൻ ശൗര്യാകുഴി – കോർഡിനേറ്റർ
ശ്രീ. ബാബു തൊമ്മനാമറ്റം – സെക്രട്ടറി
ശ്രീമതി മിനി ജോയി – ട്രഷറർ

**4. വചനദീപ്തി ധ്യാനം**

പാലാക്കാട് ചെറുപുഷ്പം ഇടവകയിൽ മാർച്ച് 6–ാം തീയതി രാത്രി ആരാധനയും തുടർന്ന് 7–ാം തീയതി ഭവനസന്ദർശനവും നടത്തി 11–ാം തീയതി മുതൽ 15 വരെ വൈകിട്ട് 4 മണി മുതൽ 9 മണിവരെ ധ്യാനം നടത്തി.

പൈക സെന്റ് ജോസഫ് ഇടവകയിൽ മാർച്ച് 16-ാം തീയതി രാത്രി ആരാധനയും 17ന് ഭവനസന്ദർശനവും നടത്തിയ ശേഷം 20-ാം തീയതി മുതൽ 24 വരെ ധ്യാനം നടത്തി.

ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻമറ്റം, ഫാ. മാത്യു പുതിയിടം, ഫാ. തോമസ് മണ്ണൂർ, ഫാ. ജോസഫ് കുറ്റിയാങ്കൽ, ഫാ. ജോസഫ് മണിയങ്ങാട്ട്, ഫാ. ജോർജ് പറമ്പിത്തടത്തിൽ, ശ്രീ. ജോയി തെക്കുംചേരിക്കുന്നേൽ, ശ്രീ. സുനിൽ രാമപുരം, ശ്രീ. ഔതച്ചൻ കൂടല്ലൂർ, ശ്രീ. രവി തോമസ്, ശ്രീ. ജോൺസൺ തടത്തിൽ എന്നിവർ വചനം പങ്കുവച്ചു.

**5. കുരിശിന്റെ വഴി**

പാലാ സോൺ സേവന സമിതിക്ക് കീഴിൽ വരുന്ന 18 സബ് സോണുകളിലെ 1500 ഓളം വരുന്ന പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ 40-ാം വെള്ളിയാഴ്ച ആചരിച്ചുകൊണ്ട് മാർച്ച് 23-ാം തീയതി രാവിലെ 9 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽനിന്നും ജപമാല ചൊല്ലി വല്യച്ചൻ മലയടിവാരത്ത് എത്തി കുരിശിന്റെ വഴി ചൊല്ലി മല കയറുകയുണ്ടായി. മല മുകളിലെ ദൈവാലയത്തിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാന അർപ്പിച്ചു. സോണൽ സേവനസമിതി അംഗങ്ങൾ പ്രോഗ്രാമിന് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

4-3-2018 ഞായറാഴ്ച രാവിലെ 7 മണിക്ക് കൈപ്പള്ളി ഇടവകയിൽ വി. കുർബാന അർപ്പിച്ച് കുടുംബകൂട്ടായ്മയെക്കുറിച്ച് കുടുംബകൂട്ടായ്മയുടെ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സന്ദേശം നല്കുകയും ചെയ്തു.

4-3-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 മുതൽ 6 വരെ കൈപ്പള്ളി ഇടവകയിലെ കൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

8-3-2018 വ്യാഴാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ കുടുംബകൂട്ടായ്മയുടെ രൂപത കൗൺസിൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സമ്മേളിച്ച ജപമാലയ്ക്കു ശേഷം മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. 2017-2018 വർഷത്തെ വാർഷിക റിപ്പോർട്ടിനുള്ള ഫോമുകൾ ഫൊറോന കോർഡിനേറ്റേഴ്സ് വഴി ഇടവകകളിൽ എത്തിക്കുന്നതിനും ഏപ്രിൽ മാസം 30-ാം തീയതിയോടുകൂടി പൂരിപ്പിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും തീരുമാനിച്ചു.

9-3-2018 വെള്ളിയാഴ്ച 9.30 മുതൽ 1 മണി വരെ ഷാലോമിൽ വച്ച് കുടുംബകൂട്ടായ്മയുടെ റിസോഴ്സ് ടീമിലേക്കുള്ള പുതിയ അംഗങ്ങളുടെ പരിശീലനം

നടത്തി. റവ.സി. ജോസ് മേരി എഫ്.സി.സി., ലിറ്റിൽ ഫ്ളവർ, തോമസ് വട ക്കേൽ എന്നിവർ നേതൃത്വം നൽകി.

16-3-2018 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഷാലോം പാസ്റ്റ റൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിലേക്കുള്ള പുതിയ ആളുകളുടെ തുടർ പരിശീലനം നടത്തി. റവ.സി. ജോസ്മേരി എഫ്.സി.സി, ശ്രീ. അലോഷ്യസ് തോണക്കര റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നി വർ നേതൃത്വം നൽകി.

18-3-2018 ഞായറാഴ്ച കുടുംബകൂട്ടായ്മ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ജിയോവാലി പള്ളിയിൽ രാവിലെ 7 മണിക്ക് വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

ഞായറാഴ്ച 4.30 മുതൽ 6 വരെ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വ ത്തിൽ ജിയോവാലി ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ ബോധവൽക്ക രണ ക്ലാസ് നടത്തി.

21-3-2018 ബുധനാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ന്യൂ റിസോഴ്സ് ടീമിന്റെ തുടർ പരിശീലനം നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.സി. ജോസ്മേരി എഫ്.സി.സി. തുടങ്ങിയവ വർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**മാർച്ച് 12-14, 26-28** തിയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 320 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഏപ്രിൽ 9-11, 23-25** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേ ഷൻ തുടരുന്നു. **മെയ് 7-9, 21-23** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജി സ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

മാർച്ച് മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 590 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## B. പിതൃവേദി

**1. രൂപതാതലപരിപാടികൾ ഫൊറോനതലത്തിൽ**

രൂപതയിലെ 17 ഫൊറോനകളിലും മാതൃപിതൃവേദി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ രൂപതാതല പരിപാടികൾ മാർച്ച് മാസ ത്തിൽ നടന്നു.

- മാർച്ച് 11 ജീവൻസംരക്ഷണദിനസെമിനാർ – തുടങ്ങനാട് മേഖല
- മാർച്ച് 16 അരുവിത്തുറ വല്യച്ചൻമല തീർത്ഥാടനം – അരുവിത്തുറ മേഖല
- മാർച്ച് 18 ദമ്പതിസംഗമം – ചേർപ്പുങ്കൽ മേഖല

**2. പ്രവർത്തനോദ്ഘാടനം – ചേർപ്പുങ്കൽ**

പിതൃവേദി ചേർപ്പുങ്കൽ മേഖലയുടെ പ്രവർത്തനോദ്ഘാടനം മാർച്ച് 18 ഞായറാഴ്ച വെരി. റവ. ഫാ. ജോസ് അഞ്ചേരിൽ നിർവഹിച്ചു.

**3. സംയുക്ത എക്സിക്യൂട്ടീവ് – പാലാ**

മാർച്ച് 19 തിങ്കളാഴ്ച പിതൃവേദിയുടെയും മാതൃവേദിയുടെയും എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് ജോസഫ് നാമധാരികൾക്ക് ആശംസകൾ നേരുകയും സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**4. ദമ്പതിസംഗമം – ചേർപ്പുങ്കൽ**

പിതൃവേദിയുടെയും മാതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ദമ്പതിസംഗമം മാർച്ച് 18–ാം തീയതി ചേർപ്പുങ്കൽ മാർസ്ലീവാ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ചേർപ്പുങ്കൽ ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ജോസ് അഞ്ചേരിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. പ്രസ്തുത സമ്മേളനത്തിൽ മാതാപിതാക്കൾക്കായി ചങ്ങനാശ്ശേരി അതിരൂപത കുടുംബജ്യോതിസ് ഡയറക്ടർ ഫാ. ജോസഫ് ഇലഞ്ഞിമറ്റം സെമിനാർ നടത്തി. ചേർപ്പുങ്കൽ മേഖല ഡയറക്ടർ റവ. ഫാ. കുര്യക്കോസ് പുളിന്താനത്തും പിതൃവേദി, മാതൃവേദി മേഖലാ പ്രസിഡന്റുമാരായ സാജു മാത്യു കാരാമയിലും, ജെസ്സി മാത്യു ചാവേലിലും പരിപാടികൾക്ക് നേതൃത്വം നല്കി.

**5. അവിവാഹിത സർവ്വേ– 2018**

പിതൃവേദിയുടെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 35 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷൻമാരുടെയും 30 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളുടെയും അവിവാഹിത സർവ്വേ 2018 മാർച്ച് മാസത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും നടന്നുവരുന്നു.

**6. പ്രവർത്തനോദ്ഘാടനം – പ്ലാശനാൽ**

പിതൃവേദി പ്ലാശനാൽ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം മാർച്ച് 19 തിങ്കാഴ്ച രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചൻ നിർവഹിച്ചു. തദവസരത്തിൽ യൂണിറ്റിലെ ജോസഫ് നാമധാരികൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**7. പ്രതിഷേധം**

പഞ്ചായത്തുകൾ തോറും മദ്യഷാപ്പുകൾ തുറക്കുന്നതിനുള്ള കേരള സർക്കാരിന്റെ നടപടിയിൽ പിതൃ മാതൃവേദി സംഘടനകൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഉത്കണ്ഠ അറിയിക്കുകയും ചെയ്തു.

## C. മാതൃവേദി

**1. പ്രവർത്തനോദ്ഘാടനം - മേഖലാതലം**

മാതൃവേദി മേഖലാതല പ്രവർത്തനോദ്ഘാടനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 16 ഫൊറോനകളിൽ നടത്തപ്പെട്ടു. ഉദ്ഘാടനത്തോടനുബന്ധിച്ച് ആശാകിരൺ കാരുണ്യപദ്ധതിയുടെ തുടക്കം, 'സഭയാകുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വവും മാതൃവേദിയും' എന്ന പ്രവർത്തന പഠനവിഷയത്തെ അധികരിച്ച് ക്ലാസ്സും നടത്തപ്പെട്ടു. മാർച്ച് 11 ന് തുടങ്ങനാട് മേഖലയിൽ മാർച്ച് 18ന് ചേർപ്പുങ്കൽ മേഖലയിലും പ്രവർത്തനോദ്ഘാടനം നടത്തി.

**2. പ്രവർത്തനോദ്ഘാടനം - യൂണിറ്റുതലം**

**a.** മാർച്ച് 4ന് കൂത്താട്ടുകുളം യൂണിറ്റിൽ 100 പേർ ഒത്തു ചേർന്നസമ്മേളനത്തിൽ പ്രവർത്തനോദ്ഘാടനവും ഡോ. സി. അൽഫോൻസിന്റെ നേതൃത്വത്തിൽ ക്യാൻസർ ബോധവൽകരണക്ലാസ്സും നടത്തപ്പെട്ടു.

**b.** ജീയോവാലി യൂണിറ്റിൽ പ്രവർത്തനോദ്ഘാടനവും വനിതാദിനാഘോഷവും നടത്തി. സി. മേരി ജയിൻ ക്ലാസ്സ് നയിച്ചു. ഡോ. അഭിലാഷ്, ഡോ. ഷീന അഭിലാഷ് എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തി മരുന്നുകൾ നല്കി.

**c.** മംഗളഗിരി യൂണിറ്റിൽ മാർച്ച് 9 ന് പ്രവർത്തനോദ്ഘാടനവും വനിതാദിനാഘോഷവും നടത്തി.

**d.** മാവടി യൂണിറ്റിൽ മാർച്ച് 9 ന് പ്രവർത്തനോദ്ഘാടനം നടത്തി.

**e.** പ്ലാശനാൽ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം മാർച്ച് 19 തിങ്കളാഴ്ച നടത്തപ്പെട്ടു.

**3. രൂപതാതല വനിതാദിനാഘോഷം**

മാർച്ച് 6-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതല വനിതാദിനാഘോഷം നടത്തപ്പെട്ടു. മാതൃവേദി രൂപത പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിപാടി പാലാ മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച് 'സ്ത്രീ സൃഷ്ടിയുടെ ഹൃദയം' എന്ന് തന്റെ ക്ലാസ്സിലൂടെ വ്യക്തമാക്കി. മാതൃവേദി അന്തർദേശീയ വൈസ് പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ ആശംസ അറിയിച്ച് സംസാരിച്ചു. രൂപതയിലെ 80 വയസ്സിൽ കൂടുതലുള്ള മാതൃവേദി അംഗങ്ങളെ വനിതാദിനാഘോഷത്തിന്റെ ഭാഗമായി ആദരിച്ചു. മാതൃവേദി രൂപത ഭാരവാഹികൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.

**4. യൂണിറ്റ് വനിതാദിനാഘോഷം- കരൂർ, നീറന്താനം, രാമപുരം**

വനിതാദിനാഘോഷത്തോടനുബന്ധിച്ച് കരൂർ യൂണിറ്റ് ഇടവകയിലെ പ്രായമായ മാതൃവേദി അംഗത്തെ സന്ദർശിച്ച് സാമ്പത്തികസഹായം നല്കി. രാമപുരം ഇടവകയിൽ മാതാക്കൾക്കായി പ്രൊഫ. റോമി തോമസ് ക്ലാസ്സെടുത്തു. നീറന്താനം ഇടവകയിലും വനിതാദിനാഘോഷം നടത്തി.

**5. നേതൃത്വപരിശീലനം**

മാതൃവേദി അംഗങ്ങൾക്ക് നേതൃത്വപാടവവും പ്രസംഗകലയും വളർത്തുവാൻ മാർച്ച് 15 ന് ഭരണങ്ങാനത്തുവച്ച് വെരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ പരിശീലനക്ലാസ്സ് നടത്തി. രൂപതയിലെ വിവിധ യൂണിറ്റിൽനിന്ന് 100ലധികം അമ്മമാർ പരിശീലനത്തിൽ പങ്കെടുത്തു.

**6. ആശാകിരൺ പദ്ധതി – രാമപുരം, നീറന്താനം**

ആശാകിരൺ കാരുണ്യപദ്ധതിയുടെ ഭാഗമായി രാമപുരം മാതൃവേദി അംഗങ്ങൾ ഡയാലസിസ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി. നീറന്താനം ഇടവകയിൽ ആശാകിരണിന്റെ ഭാഗമായി വെള്ളിലാപള്ളി ആശാഭവനിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകി.

**7. നോമ്പുകാലതീർത്ഥാടനം – അരുവിത്തുറ**

മാർച്ച് 16 ന് മാതൃവേദി അംഗങ്ങൾ പിതൃവേദിയോടുചേർന്ന് രൂപതാതലത്തിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് കുരിശിന്റെ വഴി നടത്തി. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും 800– ൽപരം മാതാപിതാക്കൾ പങ്കെടുത്ത തീർത്ഥാടനത്തിന് അരുവിത്തുറ മേഖല മാതൃപിതൃവേദികൾ നേതൃത്വം നല്കി. തീർത്ഥാടനത്തോടനുബന്ധിച്ച് രൂപത ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മലമുകളിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

**8. നാമഹേതുകതിരുനാൾ**

മാതൃവേദി ഭാരവാഹികൾ ബിഷപ്പ് ഹൗസിൽ എത്തി അഭിവന്ദ്യ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നീ പിതാക്കൻമാർക്ക് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു.

**9. ആതുരാലയസന്ദർശനം**

നോമ്പുകാല ചൈതന്യത്തിന്റെ ഭാഗമായി മാതൃവേദി രൂപത ഭാരവാഹികൾ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്. എച്ച് എന്നിവരുടെ നേതൃത്വത്തിൽ കുന്നന്താനത്തുള്ള ആതുരാലയം സന്ദർശിച്ചു.

## D. ഹോംമിഷൻ

**1. പൂഞ്ഞാർ**

825 കുടുംബങ്ങളുള്ള പൂഞ്ഞാർ ഇടവകയിൽ ഫെബ്രുവരി 12 ന് ആരംഭിച്ച ഹോംമിഷൻ മാർച്ച് 6 ന് പൂർത്തിയായി. സമാപനത്തോടനുബന്ധിച്ച് അഭിവന്ദ്യ ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

**2. മഞ്ഞാമറ്റം**

മഞ്ഞാമറ്റം ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതിന് ഒരുക്കമായി മാർച്ച് 11–ാം തീയതി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. 198 കുടുംബങ്ങളുള്ള മഞ്ഞാമറ്റം ഇടവകയിൽ മാർച്ച് 19 മുതൽ ഹോംമിഷൻ ആരംഭിച്ചു.

## E. പ്രോലൈഫ്

**1. ജീവൻ ദിനാചരണവും സെമിനാറും – തുടങ്ങനാട്**

പ്രോലൈഫ് സമിതിയുടെയും മാതൃ–പിതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ജീവന്റെ സംസ്കാരം ശോഷിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ സംരക്ഷിക്കുവാനുള്ള ലക്ഷ്യത്തോടുകൂടി മാർച്ച് 11–ാം തീയതി ഞായറാഴ്ച തുടങ്ങനാട് സെന്റ് തോമസ് ഫൊറോന പള്ളിയിൽ ജീവൻദിനാചരണവും സെമിനാറും നടത്തപ്പെട്ടു. പ്രോലൈഫ് രൂപത പ്രസിഡന്റ് ശ്രീ. ബെന്നി പുളിയ്ക്കൽ ക്ലാസ്സ് നയിച്ചു. ക്ലാസ്സിന് മുന്നോടിയായി നടന്ന പൊതുസമ്മേളനത്തിൽ തുടങ്ങനാട് ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. തോമസ് വലിയവീട്ടിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താ

നത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് പ്രതിനിധികളും നൂറുകണക്കിന് ആളുകളും പങ്കെടുത്തു.

**2. ദയാവധം അനുകൂലവിധി പുനഃപരിശോധിക്കണം**

ദയാവധത്തിന് അനുവാദം നല്കുന്ന സുപ്രീംകോടതിയുടെ വിധി പുനഃപരിശോധിക്കണമെന്ന് പാലാ രൂപത പ്രോലൈഫ് സമിതിയും മാതൃ-പിതൃവേദികളും ആവശ്യപ്പെട്ടു. ദയാവധത്തിന് അനുകൂലമായ വിധി വളരെയധികം ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതകൾ തുറന്നുകൊടുക്കുന്നതാണെന്നും ജീവനെതിരെയുള്ള വെല്ലുവിളിയാണെന്നും പാലാ രൂപത പ്രോലൈഫ് സമിതി പ്രസിഡന്റ് ശ്രീ. ബെന്നി പുളിക്കൻ പ്രമേയത്തിലൂടെ അവതരിപ്പിച്ചു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡയറക്ടേഴ്സ് മീറ്റ്**

മാർച്ച് 15 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തപ്പെട്ട സീറോ മലബാർ പാലാ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിൽ ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് പങ്കെടുത്തു.

**2. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഏപ്രിൽ മാസത്തെ മാഗസിന്റെ വർക്ക് ചെയ്തുവരുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— **9496571321**

## I. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന - 57,500 രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **കൊണ്ടാട് - 7500, ചെറുകര - 10000, കടനാട് - 10000, ഭരണങ്ങാനം - 10000, തിരുമാറാടി - 10000, തിടനാട് - 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **57,500** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. തെങ്ങിൻതൈ വിതരണം**

തേങ്ങ, എണ്ണ, നീര, കരിക്ക് എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായ ഹൈബ്രിഡ് തെങ്ങുകളുടെ കൂടത്തൈകൾ 150 രൂപാ സബ്സിഡി നിരക്കിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ഏപ്രിൽ 16 തിങ്കളാഴ്ച രാവിലെ 10.30 മുതൽ വിതരണം ചെയ്യും.

**2. ഫാർമേഴ്സ് ക്ലബ്ബ് ലീഡേഴ്സ് മീറ്റ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ 18 ഇടവകകളിൽ പ്രവർത്തനം ആരംഭിച്ച ഫാർമേഴ്സ് ക്ലബ്ബുകളുടെ ഭാരവാഹികളുടെ യോഗം ഏപ്രിൽ 16 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. ഈ വർഷത്തെ നബാർഡിൽനിന്നുള്ള ഗ്രാന്റ് വിവിധ ഫാർമേഴ്സ് ക്ലബ്ബുകൾക്കു നൽകുന്നതു സംബന്ധിച്ചുള്ള കാര്യങ്ങളും ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ, പരിശീലനങ്ങൾ തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനാണ് മീറ്റിംഗിൽ കൂടുക. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ തുടങ്ങിയ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. ഓഖി ദുരിതാശ്വാസത്തിന് 2 ലക്ഷം രൂപ നൽകി**

ഓഖി ദുരിതത്തിൽപെട്ട കുടുംബങ്ങളെ സഹായിക്കുന്നതിനായി ആവിഷ്ക്കരിച്ച ഓഖി ദുരിതാശ്വാസനിധിയിലേക്ക് P.S.W.S. ഒന്നാംഘട്ടത്തിൽ 2 ലക്ഷം രൂപാ സംഭാവന നൽകി. P.S.W.S.ന്റെ S.H.G./ കർഷകദളങ്ങൾ സമാഹരിച്ച 1 ലക്ഷം രൂപയും കാർഷികമേളയുടെ ലാഭവിഹിതമായ ഒരുലക്ഷം രൂപയുമടക്കം 2 ലക്ഷം രൂപയാണ് സംഭാവനയായി നൽകിയത്.

**4. ബഡ്മാ ലോൺ ഗ്രേഡിംഗ്**

P.S.W.S. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷ വികസന കോർപ്പറേഷനുമായി സഹകരിച്ച് സ്വയംസഹായ സംഘങ്ങൾ/ കർഷകദളങ്ങൾ എന്നിവയ്ക്ക് വരുമാന വർദ്ധന പദ്ധതികൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ നൽകുന്ന വായ്പകൾക്ക് അർഹരായ ഗ്രൂപ്പുകളുടെ ഗ്രേഡിംഗ് പൂർത്തിയാക്കി.

**5. പഞ്ചഗവ്യ ചികിത്സാരീതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 6 വെള്ളിയാഴ്ച രാവിലെ 10 മുതൽ 3.30 വരെ മുട്ടുചിറ സിയോൻ ഭവനിൽവച്ച് പഞ്ചഗവ്യ ചികിത്സാരീതിയുടെ പരിചയപ്പെടലും പ്രാഥമിക ക്ലാസ്സും നടക്കുന്നതാണ്. ഗവ്യസിദ്ധൻ ഡോ. നിരഞ്ചൻ വർമ്മ ക്ലാസ്സ് നയിക്കും.

**6. ഡിജിറ്റലൈസേഷൻ പദ്ധതി**

സൊസൈറ്റിയുടെ എല്ലാ S.H.G.കളും കർഷകദളങ്ങളും നബാർഡിന്റെ ഇ-ശക്തി പ്രൊജക്ടുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസേഷൻ ചെയ്തുവരുന്നു.

**7. സോൺ വാർഷികവും വനിതാദിനാഘോഷവും**

പാലാ, രാമപുരം, ചേർപ്പുങ്കൽ, കടനാട്, ഭരണങ്ങാനം, പ്രവിത്താനം, പൂഞ്ഞാർ, അരുവിത്തുറ, തീക്കോയി, കൂട്ടിക്കൽ, തുടങ്ങനാട്, മൂലമറ്റം, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, കുറവിലങ്ങാട് എന്നീ സോണുകളുടെ വാർഷികവും വനിതാദിനാഘോഷവും അതാത് സോണുകളിൽവച്ച് നടന്നു.

**8. S.H.G. ഓഡിറ്റിംഗ്**

സൊസൈറ്റിയുടെ എല്ലാ ഗ്രൂപ്പുകളുടെയും ഓഡിറ്റിംഗ് മെയ്മാസം നടക്കും.

**9. E ശക്തി**

നബാർഡ് E ശക്തി ഡിജിറ്റലൈസേഷൻ ജില്ലാ സെമിനാർ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. P.S.W.S. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ നബാർഡ് ജനറൽ മാനേജർ തിരുവനന്തപുരം പി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ മാനേജർ K.B. ദിവ്യ മുഖ്യപ്രഭാഷണം നടത്തി. കോട്ടയം, ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, N.S.S. തുടങ്ങിയ സംഘടനാപ്രതിനിധികൾ പങ്കെടുത്തു.

**10. സ്വാശ്രയസംഘം വാർഷികങ്ങൾ**

അമ്പാറനിരപ്പേൽ, മുണ്ടാങ്കൽ, മലയിഞ്ചിപ്പാറ, പെരിയപ്പുറം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**11. S.L.F. ഭിന്നശേഷി ക്ഷേമപദ്ധതി**

P.S.W.S. നടപ്പിലാക്കിവരുന്ന ഭിന്നശേഷി ക്ഷേമപദ്ധതി പ്രകാരം 2018 മാർച്ച് മാസം 44 കുട്ടികൾക്ക് വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായി 3,44,800 രൂപയുടെ ധനസഹായം വിതരണം ചെയ്തു.

**12. കുടുംബസഹായ പദ്ധതി**

കുടുംബസഹായ പദ്ധതി അംഗങ്ങൾക്ക് കഴിഞ്ഞമാസം 70,105 രൂപയുടെ ധനസഹായം വിതരണം ചെയ്തു.

**13. 4 ഫാർമേഴ്സ് ക്ലബ്ബുകൾക്ക് അംഗീകാരം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടു ചെയ്യുന്ന 4 ഫാർമേഴ്സ് ക്ലബ്ബുകൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചു. മുണ്ടാങ്കൽ, പാലക്കാട്ടുമല, കീഴൂർ, കുറവിലങ്ങാട് എന്നീ കർഷക ക്ലബ്ബുകൾക്കാണ് അംഗീകാരം ലഭിച്ചത്.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. ശതാബ്ദി സംഗമം, സന്ദേശജാഥ**

ജന്മശതാബ്ദി ആഘോഷിക്കുന്ന കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദിയാഘോഷപരിപാടികൾ വിപുലമായി ആചരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി യൂണിറ്റ്, ഫൊറോന, രൂപതാ തലങ്ങളിൽ നടക്കുന്ന വിവിധങ്ങളായ ശതാബ്ദിഅനുബന്ധ പ്രോഗ്രാമുകളുടെ സാക്ഷാത്കാരമായി മെയ്1 ചൊവ്വാഴ്ച രാമപുരത്തുവച്ച് വമ്പിച്ച ശതാബ്ദി സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. സീറോ മലബാർ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ശതാബ്ദി സംഗമം ഉദ്ഘാടനം ചെയ്യുന്നതാണ്. സഭയോടൊപ്പവും സഭാതലവനോടൊപ്പവും ഒറ്റക്കെട്ടായി നിന്ന് പാലായിലെ വിശ്വാസ സമൂഹം ഒത്തുചേരുന്ന പ്രസ്തുത സമ്മേളനത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.

ശതാബ്ദി സമ്മേളനത്തിന് മുന്നോടിയായി ഏപ്രിൽ 27, 28 തീയതികളിലായി ശതാബ്ദി സന്ദേശജാഥ നടത്തപ്പെടുന്നു. എല്ലാ ഫൊറോനകളിലും പരമാവധി ഇടവകളിലും ശതാബ്ദി സന്ദേശജാഥ എത്തിച്ചേരുന്നതാണ്.

**2. പതാകദിനാചരണം**

ഏപ്രിൽ 29 പതാകദിനമായി ആചരിക്കുന്ന. എല്ലാ യൂണിറ്റുകളിലും അന്നേദിവസം രാവിലെ കത്തോലിക്കാകോൺഗ്രസ് പതാക ഉയർത്തുകയും ശതാബ്ദി സെമിനാറുകൾ ചർച്ചകൾ ഇതര പ്രോഗ്രാമുകൾ എന്നിവ നടത്തേണ്ടതാണ്.

**3. മുൻകാല നേതാക്കളെ അനുസ്മരണം**

ശതാബ്ദിയോടനുബന്ധിച്ച് സമുദായത്തിന് നേതൃത്വം നൽകിയ മുൻകാലനേതാക്കളെ അനുസ്മരിക്കുന്നു. മൺമറഞ്ഞുപോയ നേതാക്കളെ അനുസ്മരിക്കുകയും കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നതാണ്.

**4. റബർ കർഷകപ്രതിസന്ധി സമരങ്ങൾ**

റബർവിലയിടിവ് മൂലമുണ്ടാകുന്ന കടുത്ത പ്രതിസന്ധികൾ പരിഹരിക്കുവാൻ കേന്ദ്രസംസ്ഥാനസർക്കാരുകൾ കാണിക്കുന്ന അലംഭാവത്തിനെതിരെയും കേന്ദ്രഇറക്കുമതി നയത്തിനെതിരെയും ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുവാൻ രൂപതാകൺവൻഷൻ തീരുമാനിച്ചു. റബർ ഇറക്കുമതി നീക്കത്തിനെതിരെയും റബർനയം പ്രഖ്യാപിക്കാത്തതിനെതിരെയും രൂപതാ സമിതി നിവേദനം സമർപ്പിച്ചു. വരുംമാസങ്ങളിൽ സമരരംഗത്തിറങ്ങുവാനും യോഗം തീരുമാനിക്കുകയുണ്ടായി.

**5. കോതനല്ലൂർ ഫൊറോന ശതാബ്ദി സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് കോതനല്ലൂർ ഫൊറോനതല ശതാബ്ദി സമ്മേളനം മാൻവെട്ടത്തുവച്ച് നടന്നു. രൂപതാവികാരി ജനറാൾ മോൺ. ജോസഫ് മലേപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് സി. എം. ജോർജ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ നരിവേലി മത്തായിക

ത്തനാർ, ഫാ. ജോർജ് വർഗീസ് ഞാറകുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ഫാ. ജോർജ് മടുക്കാവിൽ, ഫാ. മാത്യു കടൂകുന്നേൽ, ഫാ. മാത്യു കോലത്ത്, റ്റോമി കണ്ണീറ്റുമ്യാലിൽ, തങ്കച്ചൻ ചീനോത്തുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**6. ഫൊറോന കൺവൻഷനുകൾ**

ശതാബ്ദി സമ്മേളനത്തിന് ഒരുക്കമായി എല്ലാ ഫൊറോന സമിതികളുടെയും നേതൃത്വത്തിൽ ഏപ്രിൽ 8 ന് ഫൊറോനാസംഗമങ്ങൾ സംഘടിപ്പിക്കുന്നു. അതാത് ഫൊറോനകളിൽ പെടുന്ന അംഗങ്ങൾ പ്രസ്തുത സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതാണ്.

**7. ഫൊറോന ഭാരവാഹികൾ**

രാമപുരം ഫൊറോന സമിതിഭാരവാഹികളായി ജോബിൻ പുതിയിടത്തുചാലിൽ (രാമപുരം) പ്രസിഡന്റ്, ജോയി പുതിയാകുന്നേൽ (കുറിഞ്ഞി) സെക്രട്ടറി, ബൈജു പുത്തൻകണ്ടം(പൂവക്കുളം) ട്രഷറർ, അലക്സാണ്ടർ ആണ്ടൂകുന്നേൽ (അന്ത്യാളം) വൈസ്പ്രസിഡന്റ്, അജോ തൂണുങ്കൽ(ഏഴാച്ചേരി) ജോ. സെക്രട്ടറി ആകാശ് പടിഞ്ഞാറേക്കര (കരൂർ) എക്സി. മെമ്പർ എന്നിവരെ തെരഞ്ഞെടുത്തു.

പ്രവിത്താനം ഫൊറോന സമിതി ഭാരവാഹികളായി ജോയി കളപുരയ്ക്കൽ (ഉള്ളനാട്) പ്രസിഡന്റ്, ജോയിചന്ദ്രൻ കുന്നേൽ (പ്രവിത്താനം) സെക്രട്ടറി, ഏബ്രാഹം ചൊവ്വാറ്റുകുന്നേൽ (നരിയങ്ങാനം)ട്രഷറർ, എബിസൺ ആലാനി (കയ്യൂർ) വൈസ്പ്രസിഡന്റ്, ജോളി തലച്ചിറ (ഇളന്തോട്ടം), ജോ. സെക്രട്ടറി ജിമ്മി കാനാട്ട് (മുണ്ടാങ്കൽ) എക്സി. മെമ്പർ എന്നിവരെ തെരഞ്ഞെടുത്തു.

**8. ആലഞ്ചേരി പിതാവിന് ഐക്യദാർഢ്യസമ്മേളനം.**

സീറോമലബാർ സഭാതലവൻ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് പൂർണ്ണ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നതിനായി മാർച്ച് 25-ാം തീയതി കിഴതടിയൂർ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത കൺവൻഷൻ നടത്തപ്പെട്ടു. മാധ്യമങ്ങളിലൂടെയുള്ള ദുഷ്പ്രചരണങ്ങളിൽ കാണിക്കേണ്ട ജാഗ്രതയും കരുതലും യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി.

ഇമ്മാനുവൽ നിധീരി (ജന. സെക്രട്ടറി)

**ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)**

# ഡി.സി.എം.എസ്

**1. രൂപതാ കമ്മിറ്റി**

2018 മാർച്ച് 11-ാം തീയതി ഞായറാഴ്ച 11 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതകമ്മിറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കൂറ്റ് സന്ദേശം നൽകി. തുടർന്ന് മേഖല തിരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ച ചെയ്തു.

**2. സിബിസിഐ നാഷണൽകൺവൻഷൻ**

2018 ഫെബ്രുവരി 20, 21 തീയതികളിൽ ബാംഗ്ലൂർ ഐഎസ്ഐയിൽവച്ച് നടന്ന സിബിസിഐ നാഷണൽ കൺവൻഷനിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ അലൻ അലോഷ്യസ് എന്നിവർ പങ്കെടുത്തു.

**3. യൂണിറ്റ് തിരഞ്ഞെടുപ്പു നടത്തി – 2018 ഫെബ്രുവരി മുതൽ പുതുക്കിയ യൂണിറ്റുകളുടെ ലിസ്റ്റ്**

1. കാഞ്ഞിരത്താനം
2. മണലുങ്കൽ
3. കൊണ്ടാട്
4. മുട്ടുചിറ
5. വിളക്കുമാടം
6. ഉദയഗിരി
7. മാനത്തൂർ
8. സേവ്യർപുരം
9. അടിവാരം
10. കാഞ്ഞിരമറ്റം
11. ഏഴാച്ചേരി
12. മറ്റക്കര
13. മണ്ണാറപ്പാറ
14. ഉറുമ്പുകാവ്
15. കാളികാവ്
16. കടനാട്
17. മരങ്ങോലി
18. ജോസ്ഗിരി
19. ചെമ്മലമറ്റം
20. തുടങ്ങനാട്
21. ഇലഞ്ഞി
22. കാവുംകണ്ടം
23. മാൻവെട്ടം
24. കുറവിലങ്ങാട്
25. കുന്നോന്നി
26. കടപ്ലാമറ്റം
27. മുത്തോലപുരം
28. പിറവം
29. പയ്യാനിത്തോട്ടം
30. മുത്തോലി
31. പാലാ കത്തീഡ്രൽ
32. പാളയം
33. മോനിപ്പള്ളി
34. വെള്ളിയാമറ്റം
35. കുടക്കച്ചിറ
36. മല്ലികശേരി
37. മലയിഞ്ചിപ്പാറ
38. ചേർപ്പുങ്കൽ
39. പൂവരണി
40. നീലൂർ
41. അന്ത്യാളം
42. ജയ്ഗിരി
43. മൂഴൂർ
44. കരൂർ
45. അറക്കുളം ന്യൂ
46. തീക്കോയി
47. വലവൂർ
48. നമ്പ്യാകുളം
49. പെരിങ്ങളം
50. കൊഴുവനാൽ
51. അരുവിത്തുറ
52. ചേന്നാട്
53. കളത്തുക്കടവ്
54. നെല്ലിയാനി
55. കയ്യൂർ
56. ഐങ്കൊമ്പ്
57. രാമപുരം
58. കുടയത്തൂർ
59. മുണ്ടാങ്കൽ
60. കൈപ്പള്ളി

61 ജിയോവാലി

**4. മേഖല തിരഞ്ഞെടുപ്പു നടത്തി**

കൂട്ടിക്കൽ, തീക്കോയി, അരുവിത്തുറ, പൂഞ്ഞാർ, തുടങ്ങനാട്, മൂലമറ്റം, ഭരണങ്ങാനം, പാലാ, രാമപുരം, കടനാട്, പ്രവിത്താനം, കോതനല്ലൂർ, മുട്ടുചിറ, കുറവിലങ്ങാട്, ഇലഞ്ഞി, ചേർപ്പുങ്കൽ എന്നീ മേഖലകളിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെയും രൂപത ഭാരവാഹികളുടെയും ഫൊറോനാ വികാരിമാരുടെയും നേതൃത്വത്തിൽ മേഖല തിരഞ്ഞെടുപ്പു നടത്തി.

**5. ശവസംസ്കാരചടങ്ങ്**

രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സിജു സെബാസ്റ്റ്യൻ കൈമനാലിന്റെ പിതാവിന്റെ ശവസംസ്കാരചടങ്ങിൽ രൂപത ഡയറക്ടറും, ഭാരവാഹികളും പങ്കെടുക്കുകയും റീത്തു സമർപ്പിക്കുകയും ചെയ്തു.

**6. നാമഹേതുക തിരുനാൾ ആഘോഷിച്ചു**

നാമഹേതുകതിരുനാൾ ആഘോഷിച്ച അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർക്കും ബിഷപ് ഹൗസിലെ ജോസഫ് നാമധാരികളായ ബഹു. വൈദികർക്കും രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കൂറ്റും രൂപത ഭാരവാഹികളും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. അതോടൊപ്പം ഡിസിഎംഎസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിനും രൂപതാ ഭാരവാഹികൾ തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**പുതിയ മേഖല ഡയറക്ടർമാരുടെ ലിസ്റ്റ്**

| | |
|---|---|
| പാലാ കത്തീഡ്രൽ | - ഫാ. തോമസ് ഓലായത്തിൽ |
| അരുവിത്തുറ | - ഫാ. മാത്യു തുരുത്തിപ്പള്ളിൽ |
| ഭരണങ്ങാനം | - ഫാ. മാത്യു കദളിക്കാട്ടിൽ |
| ചേർപ്പുങ്കൽ | - ഫാ. കുര്യാക്കോസ് പുളിന്താനം |
| ഇലഞ്ഞി | - ഫാ. ജോസഫ് മേയിക്കൽ |
| കടനാട് | - ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം |
| കടുത്തുരുത്തി | - ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ |
| കൂട്ടിക്കൽ | - ഫാ. ജോസഫ് മണിയഞ്ചിറ |
| കോതനല്ലൂർ | - ഫാ. കുര്യാക്കോസ് തടിയ്ക്കപറമ്പിൽ |
| കുറവിലങ്ങാട് | - ഫാ. മാണി കൊഴുപ്പൻകുറ്റി |
| മൂലമറ്റം | - ഫാ. ജോസഫ് കീരാംതടം |
| മുട്ടുചിറ | - ഫാ. മാത്യു മുതുപ്ലാക്കൽ |
| പൂഞ്ഞാർ | - ഫാ. ഫ്രാൻസീസ് എടത്തിനാൽ |
| പ്രവിത്താനം | - ഫാ. തോമസ് പട്ടേരി |
| രാമപുരം | - ഫാ. ജോസഫ് വയലിൽ |
| തീക്കോയി | - ഫാ. കുര്യോക്കോസ് വട്ടമുകളേൽ |
| തുടങ്ങനാട് | - ഫാ. ജോസഫ് താന്നിയ്ക്കപ്പാറ |

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

## എസ്.എം.വൈ.എം.

**1. രൂപതാ കൗൺസിലും യുവജനവർഷ കൂപ്പൺ വിതരണവും**

ഫെബ്രുവരി 25-ാം തീയതി രൂപതാ കൗൺസിൽ യോഗം കൂടുകയും യുവജനവർഷത്തോടനുബന്ധിച്ച് SMYM പാലാ രൂപത പുറത്തിറക്കിയ കൂപ്പൺ വിതരണം ചെയ്യുകയും ചെയ്തു. ശാലോം പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗം SMYM രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കൂപ്പൺ പ്രകാശനം അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകുളം, സെക്രട്ടറി ബിബിൻ ചാമക്കാലായിൽ എന്നിവർ സംസാരിച്ചു. കൗൺസിൽ അംഗങ്ങളുടെ യോഗത്തിൽ 2018 പ്രവർത്തനവർഷ കർമ്മപരിപാടികൾ വിശദീകരിക്കുകയും സർക്കുലർ വിതരണം ചെയ്യുകയും ചെയ്തു.

**2. രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം**

മാർച്ച് 4-ാം തീയതി പാലാ കെ.എസ്.ആർ.ടിസി. ബസ് സ്റ്റാൻഡ് പരിസരവും ബസ്സുകളും വൃത്തിയാക്കികൊണ്ട് പാലാ രൂപത SMYM 2018 വർഷത്തെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. SMYM രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ കെ.എസ്.ആർ.ടി.സി. കൺട്രോളിങ് ഇൻസ്പെക്ടർ ശ്രീ. മാത്യു കൊഴുവനാൽ, SMYM അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപത പ്രസിഡന്റ് ആൽവിൻ ഞായറുകുളം പ്രവർത്തനങ്ങൾക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. മാലിന്യങ്ങൾ നിക്ഷേപിക്കാൻ വേസ്റ്റ് ബിന്നും ബസുകൾ കഴുകുന്നതിനാവശ്യമായ സാമഗ്രികൾക്കുള്ള സാമ്പത്തിക സഹായവും രൂപതാ സമിതി കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൈമാറി. ശുചീകരണ പ്രവർത്തനങ്ങൾക്കു കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനായ ശ്രീ. സാബു പിന്തുണ നൽകി. രൂപത ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലയിൽ നന്ദി പ്രകാശിപ്പിച്ചു സംസാരിച്ചു. രാജീവ് രാജു, ശീതൾ ടോം, പ്രിൻസ് ചാർളി, റിയ തെരേസ്, ജിതിൻ കുന്നപ്പള്ളിൽ, സെബാസ്റ്റ്യൻ തോമസ്, റീത്തു ജോർജ്, ടെൽമ ജോബി, റിബിൻ ജോസ്, അലൻ ക്രിസ്ത്യൻ, നിധി സാബു എന്നിവർ നേതൃത്വം നൽകി.

**3. യൂണിറ്റ് രൂപീകരണവും ഉദ്ഘാടനവും**

പൈക യൂണിറ്റ് : പൈക യൂണിറ്റ് രൂപീകരണവും ഉദ്ഘാടനവും മാർച്ച് 4-ാം തീയതി SMYM രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവഹിച്ചു. ശ്രീ. ലിജോ മുക്കത്ത് ഓറിയന്റേഷൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. വികാരി റവ.ഫാ. അഗസ്റ്റിൻ കോലത്ത്, യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ട് എന്നിവർ സന്നിഹിതരായിരുന്ന ചടങ്ങിൽ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും നടന്നു.

**4. ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ്**

വരാപ്പുഴ രൂപതയുടെ ആതിഥേയത്വത്തിൽ എറണാകുളം ആശീർഭവനിൽ വച്ച് മാർച്ച് 5-ാം തീയതി നടത്തപ്പെട്ട കെ.സി.വൈ.എം ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗത്തിൽ SMYM പാലാ രൂപതയെ പ്രതിനിധീകരിച്ചു ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി. പങ്കെടുത്തു.

**5. പെണ്മ 2018**

മാർച്ച് 11-ാം തീയതി SMYM കാളികാവ് യൂണിറ്റിൽ വച്ച് നടത്തപ്പെട്ട 'പെണ്മ 2018' വനിതാസംഗമം SMYM ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി. ഉദ്ഘാടനം ചെയ്യുകയും ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. മാതൃവേദി പ്രസിഡന്റ് റെനി ജോഷി അധ്യക്ഷത വഹിച്ച ചടങ്ങിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മറ്റവും SMYM വൈസ് പ്രസിഡന്റ് ശീതൾ ടോമും ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**6. കാൽവരിയാത്ര**

യുവാവായ ക്രിസ്തുവിന്റെ പീഡാസഹനങ്ങളുടെ ത്യാഗസ്മരണയിൽ SMYM പാലാ രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 24-ാം തീയതി കാൽവരി യാത്ര നടത്തപ്പെട്ടു. തീക്കോയി മേഖലയുടെയും വാഗമൺ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ വാഗമൺ കുരിശുമലയിലേക്കാണ് കുരിശിന്റെ വഴി സംഘടിപ്പിച്ചത്. SMYM പാലാ രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിലിന്റെ ആമുഖസന്ദേശത്തോടെ കല്ലില്ലാക്കവലയിൽനിന്നും ആരംഭിച്ച സ്ലീവാപാതയിൽ 150 ഓളം യുവജനങ്ങൾ പങ്കെടുത്തു. രൂപത അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ മലമുകളിലെ കപ്പേളയിൽ വച്ചു പീഡാനുഭവ സന്ദേശം നൽകി.

റവ.ഫാ. ജോർജ് തെരുവിൽ, റവ. ഫാ. ജോസഫ് മേച്ചേരിൽ, രൂപത ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി., രൂപത പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായറുകുളം, ജന. സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ, ശീതൾ വെട്ടത്ത്, രാജീവ് രാജു, പ്രിൻസ് ചാർലി, റിയ തെരേസ്, ജിതിൻ കുന്നപ്പള്ളിൽ, സെബാസ്റ്റ്യൻ തോമസ്, റീത്തു ജോർജ്, ടെല്മ ജോബി, റിബിൻ ജോസ്, അലൻ ക്രിസ്റ്റിൻ ജോയ്, നിധി സാബു എന്നിവർ കാൽവരി യാത്രക്ക് നേതൃത്വം നൽകി.

**7. മേഖല പ്രവർത്തനവർഷ ഉദ്ഘാടനം**

രാമപുരം മേഖല: SMYM രാമപുരം മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 25-ാം തീയതി ഫൊറോനാ വികാരി വെരി. റവ.ഫാ. ജോർജ് ഞാറക്കുന്നേൽ നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ യുവജനവർഷ ലോഗോ പ്രകാശനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുതിരക്കാലായിൽ, മേഖലാ പ്രസിഡന്റ് അമൽ എന്നിവർ സന്നിഹിതരായിരുന്നു.

ഇലഞ്ഞിമേഖല : SMYM ഇലഞ്ഞി മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 3-ാം തീയതി ഫൊറോനാ രൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു വെങ്ങാലൂർ യുവജനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മുത്തോലപുരം പള്ളി വികാരി റവ.ഫാ. സിറിയക് വടക്കേൽ, അസി. വികാരി ഫാ. ജോൺ എടേട്ട്, കാക്കൂർ പള്ളി വികാരി റവ.ഫാ. തോമസ് മഠത്തിപ്പറമ്പിൽ, രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകുളം, ജിതിൻ കുന്നപ്പള്ളിൽ, സെബാസ്റ്റ്യൻ തോമസ്, ടെൽമ ജോബി എന്നിവർ സന്നിഹിതരായിരുന്നു.

കടനാട് മേഖല : SMYM കടനാട് മേഖലാ പ്രവർത്തവർഷ ഉദ്ഘാടനം മാർച്ച് 10-ാം തീയതി കടനാട് ഫൊറോനാ വികാരി വെരി. റവ.ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ നിർവഹിച്ചു. കടനാട് മേഖലാ പ്രസിഡന്റ് സിറിയക് പാമ്പയ്ക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ SMYM അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം, രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകുളം എന്നിവർ ആശംസകളർപ്പിച്ചു.

കടുത്തുരുത്തി മേഖല : SMYM കടുത്തുരുത്തി മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 11-ാം തീയതി SMYM കീഴൂർ യൂണിറ്റിൽവെച്ച് കീഴൂർ യൂണിറ്റ് ഡയറക്ടർ റവ. ഫാ. സ്കറിയ മോടിയിൽ നിർവഹിച്ചു. SMYM അസി. ഡയറക്ടർ റവ. ഫാ. തോമസ് തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കണ്ടത്തിൽക്കുടിലിൽ, രൂപത പ്രസിഡന്റ് ആൽവിൻ ഞായറുകുളം എന്നിവർ സന്നിഹിതരായിരുന്നു.

മുട്ടുചിറ മേഖല : SMYM മുട്ടുചിറ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 11-ാം തീയതി SMYM കാഞ്ഞിരത്താനത്ത് കാഞ്ഞിരത്താനം പള്ളി വികാരി റവ.ഫാ. ജോൺ പുതിയാമറ്റം നിർവഹിച്ചു. SMYM മേഖല പ്രസിഡന്റ് സിജോ സ്കറിയ ചേമ്പാലയിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ SMYM രൂപത അസി. ഡയറക്ടർ റവ. ഫാ. തോമസ് തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ, കാഞ്ഞിരത്താനം യൂണിറ്റ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ഇഞ്ചക്കുഴിയിൽ, രൂപത ജന. സെക്രട്ടറി ബിബിൻ ചാമക്കാലായിൽ എന്നിവർ സന്നിഹിതരായിരുന്നു.

**8. യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം**

അരുവിത്തുറ യൂണിറ്റ് : SMYMഅരുവിത്തുറ യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 10-ാം തീയതി SMYM ഗ്ലോബൽ ഡയറക്ടർ റവ.ഫാ. ജോസഫ് ആലഞ്ചേരിൽ നിർവഹിച്ചു. ഫൊറോനാ വികാരി വെരി. റവ.ഫാ. തോമസ് വെടിക്കുന്നേൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് അമ്പാട്ടുപടവിൽ, രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകുളം എന്നിവർ സന്നിഹിതരായിരുന്നു.

രത്നഗിരി യൂണിറ്റ് : SMYM രത്നഗിരി യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 26-ാം തീയതി ഡയറക്ടർ റവ. ഫാ. അബ്രാഹം കാക്കാനിയിൽ വികാരി റവ.ഫാ. പോൾ മഠത്തിക്കുന്നേലിന്റെയും രൂപത പ്രസിഡന്റ് ആൽവിൻ ഞായറുകുളത്തിന്റെയും സാന്നിധ്യത്തിൽ നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങളെ ആദരിക്കലും നടന്നു.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**
**ഫാ. തോമസ് തയ്യിൽ (അസി.ഡയറക്ടർ)**

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസ്സുകൾ**

S.H പ്രൊവിൻഷ്യൽ ഹൗസ് പാല, (മാർച്ച്-1)എം.എം.എം മെഡിക്കൽ കോളേജ്, കോലഞ്ചേരി (മാർച്ച്-10) ആത്മനാകേന്ദ്രം ചങ്ങനാശ്ശേരി (മാർച്ച്-12) തീക്കോയി ഗ്രാമപഞ്ചായത്ത് (മാർച്ച്-17) പ്രോവിഡൻസ് റിട്രീറ്റ് സെന്റർ, കുന്നന്താനം(മാർച്ച്-23) നഗരസഭാഹാൾ, ഏറ്റുമാനൂർ (മാർച്ച്-23) പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം (മാർച്ച്-26)

ബോധവൽക്കരണ ക്ലാസ്സുകൾ ഇടവകകളിൽ

| | | | |
|---|---|---|---|
| പാലക്കാട് | മാർച്ച്-12 | വെള്ളിയാമറ്റം | മാർച്ച്-15 |
| വേലനിലം | മാർച്ച്-18 | തുടങ്ങനാട് | മാർച്ച്-20 |
| പൈക | മാർച്ച്-21 | കടനാട് | മാർച്ച്-23 |

**2.വൈദിക വിദ്യാർത്ഥികൾക്ക് ട്രെയിനിങ്ങ്**

മാർച്ച് 13-ാം തിയതി രണ്ടുമണി മുതൽ നാലുമണി വരെയും മാർ.അപ്രേം സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾക്ക് അഡാർട്ടിൽവച്ച് ലഹരി ആസക്തി രോഗത്തെപ്പറ്റിയും ചികിത്സാരീതികളെപ്പറ്റിയും ട്രെയിനിങ്ങ് നടത്തി.

**3. അഖണ്ഡകുരിശിന്റെ വഴി**

മാർച്ച് 24-ാം തിയതി അഡാർട്ടിൽവച്ച് അഖണ്ഡകുരിശിന്റെ വഴി നടത്തി.രാവിലെ ഏഴുമണിക്ക് വിശുദ്ധകുർബ്ബാനയ്ക്ക് ശേഷം ആരംഭിച്ച കുരിശിന്റെ വഴി വൈകുന്നേരം ഏഴുമണിയ്ക്ക് ആരാധനയോടെ സമാപിച്ചു. റവ. ഡോ.ജോസഫ് കുറ്റിയാങ്കൽ (മാർ അപ്രേം സെമിനാരി, പാല) വചന സന്ദേശം നൽകി.

**4. ഡേവീസ് നഗറിൽ ഭവനസന്ദർശനം**

മാർച്ച് 4-ാം തിയതി ഫാദർ മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ പരുമലക്കുന്ന് ഡേവീസ് നഗറിൽ ഭവന സന്ദർശനം നടത്തി. മാർച്ച 7 മുതൽ 10 വരെ തിയതികളിൽ ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ ഡേവീസ് നഗറിൽ ധ്യാനം നടത്തി.

**5. സാരഥി**

ഡ്രൈവർമാരുടെ കൂട്ടായ്മയായ സാരഥിയുടെ മീറ്റിങ്ങുകൾ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.മാർച്ച് 11-ാം തിയതി അങ്കമാലിയിൽവച്ച് നടത്തിയ സംസ്ഥാന ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ പാലാ രൂപതയിൽനിന്നും 20 സിസ്റ്റേഴ്സ് പങ്കെടുത്തു.

**6. ജയിൽ മിനിസ്ട്രി**

ഈസ്റ്റർ ദിനത്തിൽ പാലാ രൂപതാ മിഷൻ മാർ. ജോസഫ് കല്ലറങ്ങാട്ട് രാവിലെ 11 മണിക്ക് പാലാ സബ് ജയിൽ സന്ദർശിച്ച് സന്ദേശം നൽകി. ഫാ. മാത്യു പുതിയിടത്ത് ജയിലിൽ വി.കുർബ്ബാന അർപ്പിച്ചു.സ്നേഹവിരുന്നോടെ പര്യവസാനിച്ച ഈസ്റ്റർ പ്രോഗ്രാമിൽ ജയിൽ മിനിസ്ട്രിയുടെ 30 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

മാർച്ച് 10-ാം തിയതി മൂന്നുമണിമുതൽ നാലുമണിവരേയും പാലാ സബ്ജയിലിൽ പ്രാർത്ഥനാശ്രുശ്രൂഷകൾക്ക് ഫാ.മാത്യു പുതിയിടത്ത് നേതൃത്വം വഹിച്ചു. അഡാർട്ട് കൗൺസിലർ ഡിജോ ദാസ് ക്ലാസ്സ് നയിച്ചു.എസ്.എച്ച് ബാലഭവനിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

മാർച്ച് 10, 11 തിയതികളിൽ പി.ഒ സിയിൽവച്ച് നടന്ന ജീസസ് ഫ്രട്ടേണിറ്റി സന്നദ്ധപ്രവർത്തകരുടെ പരിശീലന പരിപാടിയിൽ പാലാ യൂണിറ്റിൽനിന്നും നാലു പേർ പങ്കെടുത്തു.

**ഫാ. മാത്യു പുതിയിടത്ത് (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. സെൻട്രൽ കൗൺസിൽ - പി. ഒ. സി**

മാർച്ച് 10 ന് എറണാകുളം പി. ഒ. സി യിൽ നടന്ന കെ.സി.എസ്.എൽ സി. സി. മീറ്റിംഗിന് ഡയറക്ടറച്ചൻ ഉൾപ്പെടെ അഞ്ചുപേർ പങ്കെടുത്തു.

**2. കളരി വിതരണം നടത്തി**

കെ. സി. എസ്. എൽ പ്രസിദ്ധീകരണമായ 'കളരി' മൂന്നാം ലക്കം വിവിധ സ്കൂളുകളിലായി വിതരണം ചെയ്തു.

**3. ഫീസ്റ്റ് ഡേ വിഷിംഗ്**

വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19 ന് അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും ജോസഫ് നാമധാരികളായ ബഹുമാനപ്പെട്ട അച്ചൻമാർക്കും, കെ. സി. എസ്. എൽ ഡയറക്ടറച്ചനും എക്സിക്യൂട്ടീവംഗങ്ങളും പാലാ ബിഷപ്സ് ഹൗസിലെത്തി സമ്മാനങ്ങൾ നൽകി തിരുനാൾ മംഗളങ്ങൾ നേർന്നു.

**4. നേതൃത്വപരിശീലന - വ്യക്തിത്വവികസന ക്യാമ്പ്**

കെസിഎസ്എൽ-ന്റെ ആഭിമുഖ്യത്തിൽ പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവച്ച് വിദ്യാർത്ഥികൾക്കായി നേതൃത്വപരിശീലന-വ്യക്തിത്വവികസനക്യാമ്പ് സംഘടിപ്പിക്കുന്നു. ഹൈസ്കൂൾ-ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 14 ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്കാരംഭിച്ച് 16-ാം തീയതി തിങ്കളാഴ്ച നാലുമണിക്കു സമാപിക്കും.

യു.പി. വിദ്യാർത്ഥികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 18 ബുധനാഴ്ച രാവിലെ 9.30 നാരംഭിച്ച് 20-ാംതീയതി വെള്ളിയാഴ്ച രാവിലെ 8.30 നു സമാപിക്കും.

വിവിധ ദിനങ്ങളിലായി നടക്കുന്ന ശില്പശാലയിൽ വിദഗ്ധർ നയിക്കുന്ന മോട്ടിവേഷണൽ ട്രെയിനിംഗ് സെഷനുകൾ, സ്കിൽഡ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ആത്മീയധാർമ്മികപരിശീലനങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, കലാകായികവിനോദങ്ങൾ എന്നിവ ഉണ്ടായിരിക്കും. ആധുനികദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെയുള്ള നൂതന അവതരണരീതികൾ ക്യാമ്പിനു മാറ്റുകൂട്ടും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 13 നു മുമ്പ് പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ്: 500 രൂപ. വിശദവിവരങ്ങൾക്ക് ഫോൺ: 8281730715, 9447294545.

**5. ഷോർട്ട് ഫിലിം മത്സരം**

പാലാ രൂപത കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഷോർട്ട് ഫിലിം മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. വിഷയം: സോഷ്യൽ മീഡിയ അഡിക്ഷൻ ഓഫ് ടീനേജേഴ്സ്(Social Media addiction of Teenagers).

മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ഫിലിമുകൾക്ക് യഥാക്രമം 10000, 7000, 5000 രൂപ സമ്മാനമായി നല്കും. രജിസ്ട്രേഷൻ ഫീസ് 300 രൂപ. മത്സരത്തിൽ ജാതിമതപ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം. സൃഷ്ടികൾ പത്തു മിനിറ്റിൽ കവിയാത്തതും അഞ്ചു മിനിറ്റിൽ കുറയാത്തതുമായിരിക്കണം. എന്തിന്റെയെങ്കിലും അനുകരണമോ ആവർത്തനമോ ആയിരിക്കരുത്. ഭാഷാമാധ്യമം മലയാളമായിരിക്കണം. വ്യക്തികളെയോ സ്ഥാപനങ്ങളെയോ പ്രസ്ഥാനങ്ങളെയോ അവഹേളിക്കുന്നവ സ്വീകാര്യമല്ല. ഭാഷ സഭ്യമായിരിക്കണം. സൃഷ്ടികളുടെ പകർപ്പവകാശം കെ.സി.എസ്.എലിൽ നിക്ഷിപ്തമായിരിക്കും.

മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ എൻട്രികൾ സി.ഡി.യിലാക്കി മേയ് 15 നു മുമ്പായി പാലാ രൂപത കെ.സി.എസ്.എൽ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിലാസം: ഫാ. കുര്യൻ തടത്തിൽ, ഡയറക്ടർ, കെ.സി.എസ്.എൽ. ഓഫീസ്, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ – 686575. ഫോൺ. 9447294545, 8281730715.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള 'നൈറ്റ് വിജിൽ' മാർച്ച് 2 വെള്ളിയാഴ്ച വൈകിട്ട് ആരംഭിച്ച് ശനിയാഴ്ച രാവിലെ 5-ന് വി. കുർബാനയോടുകൂടി അവസാനിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി അലക്സ് ജീവന്റെ സംരക്ഷണത്തെക്കുറിച്ചും അതിനെതിരായ തിന്മകളെക്കുറിച്ചും വചനാടിസ്ഥിതമായി ക്ലസ്സെടുത്തു. ഫാ. കുര്യൻ മറ്റം, റോയി ജോസഫ്, ബിജീഷ്, ജസ്റ്റിൻ വടക്കേൽ, ആൽവിൻ സ്കറിയാ, സച്ചിൻ മാത്യൂസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**2. സിസ്റ്റേഴ്സ് കൂട്ടായ്മ – അരുവിത്തുറ**

ഭരണങ്ങാനം എഫ്.സി.സി. പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന 100 സിസ്റ്റേഴ്സിന്റെ കൂട്ടായ്മ അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസിൽ മാർച്ച് 3-ന് ചേർന്നു. ജീസസ് യൂത്ത് പോലുള്ള പ്രസ്ഥാനങ്ങളെ യുവജനങ്ങളുടെ വിശുദ്ധീകരണത്തിനായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് ജീസസ് യൂത്ത് ടീം അംഗങ്ങൾ ക്ലാസ്സുകൾ നയിച്ചു. ഫാ. കുര്യൻ മറ്റം, അനിതാ ജോജി, ജോയിസി മരിയാ തോമസ്, ലൂസി ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. പ്രൊവിൻഷ്യൽ സി. ആനീസ് കല്ലറങ്ങാട്ട്, വൈസ് പ്രൊവിൻഷ്യൽ സി. ലെയോബാ എന്നിവർ നേതൃത്വം നൽകി.

**3. മംഗളവാർത്താ ധ്യാനം**

ജീസസ് യൂത്ത് എയ്ഞ്ചൽയ് ആർമിയുടെ നേതൃത്വത്തിൽ മൂന്നുമാസം കൂടുമ്പോൾ നടക്കാറുള്ള മംഗളവാർത്താ ധ്യാനം (ഗർഭിണീധ്യാനം) മാർച്ച് 3, 4, 5, 6, 7 തീയതികളിൽ താബോർ CMC ധ്യാനകേന്ദ്രത്തിൽ നടന്നു. ഫാ. ജോർജ്

മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല MCBS, ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഡോ. ലത, സജി പന്നിയാർകുട്ടി, ജോൺസൺ കണ്ടത്തിൽ, സുനിൽ രാമപുരം, രവി തോമസ്, സി. ലൂസിൻ മേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജോസ്കുട്ടി-ജയ, ഡോ. ജോസ് മാത്യു-റ്റോമിനാ, ചാർളി-ഷേർളി, കുഞ്ഞുമോൻ-ജിജി, ടോണി എന്നിവർ നേതൃത്വം നൽകി. സമാപനദിനത്തിൽ മോൺ. ജോസഫ് മലേപ്പറമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

**4. രണ്ടാം ശനിയാഴ്ച യുവജന കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ മാർച്ച് 10-ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ജോയിസി മരിയാ തോമസ്, ആഷിസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. സ്റ്റാനി, ആൽബിൻ സണ്ണി എന്നിവർ നേതൃത്വം കൊടുത്തു. ദിവ്യകാരുണ്യ ആരാധനയോടെ കൂട്ടായ്മ സമാപിച്ചു.

**5. നേതൃത്വസമ്മേളനം - അൽഫോൻസാ കോളേജ്**

അടുത്ത അദ്ധ്യയനവർഷത്തേക്കുള്ള കോളേജ് കൗൺസിലിനെ തിരഞ്ഞെടുക്കാനുള്ള അൽഫോൻസാ കോളേജിലെ ജീസസ് യൂത്ത് നേതൃത്വസമ്മേളനം പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ മാർച്ച് 10 ന് നടന്നു. അമൃതാ മെറിൻ (കോർഡിനേറ്റർ), അനിറ്റാ അനിൽ, അനുപമ സെബാസ്റ്റ്യൻ, ദിവ്യ ജോർജ്, സാന്ദ്ര അൽഫോൻസ് ജോൺ, ആര്യ കെ.കെ., ആൻ മേരി മാത്യു, ഡോണാ സണ്ണി എന്നിവർ കോർ ടീം അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. എയ്മി ജോഷി, മരിയ തെരേസ് സെബാസ്റ്റ്യൻ. ഡോണ സണ്ണി എന്നിവർ പ്രോഗ്രാമിനു നേതൃത്വം കൊടുത്തു. തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ഫാ. കുര്യൻ മറ്റം അഭിഷേകപ്രാർത്ഥനയും ദിവ്യകാരുണ്യ ആശീർവ്വാദവും നൽകി.

**6. പാരീഷ് മിനിസ്ട്രി സമ്മേളനം**

ജീസസ് യൂത്ത് പാരീഷ് മിനിസ്ട്രിയുടെ പ്രത്യേക സമ്മേളനം മാർച്ച് 12-ന് ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, സിയ ജോൺസി എഫ്.സി.സി, സച്ചിൻ മാത്യൂസ്, എമിലിൻ മാത്യു, ജോമോൻ ജോൺ എന്നിവർ നേതൃത്വം നൽകി.

**7. കൗൺസിൽ സമ്മേളനം**

ജീസസ് യൂത്തിന്റെ സോണൽ കൗൺസിൽ സമ്മേളനം ഭരണങ്ങാനം മാതൃഭവനിൽ മാർച്ച് 27-ന് നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, സി. ജോൺസി എഫ്.സി.സി., ആൽവിൻ സ്കറിയാ, പ്രണോയി ടോം, സച്ചിൻ മാത്യൂസ് എന്നിവർ നേതൃത്വം നൽകി.

**8. നവീകരണ ധ്യാനം - മാൻവെട്ടം**

ജീസസ് യൂത്ത് ടീം നയിച്ച നവീകരണ ധ്യാനം മാൻവെട്ടം ഇടവകയിൽ മാർച്ച് 26, 27, 28 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് ഓലായം, ജോർജ് ജോസഫ് എന്നിവർ ധ്യാനശുശ്രൂഷകൾ നയിച്ചു. നരിവേലി മത്തായി കത്തനാർ, ഫാ. ജോസഫ് മണിയങ്ങാട്ട് എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ (ഡിറക്ടേഴ്സ്)**

# കെയർ ഹോംസ്

**1. ഏകദിനവിനോദയാത്ര**

കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിലെ കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന വിനോദയാത്ര നടത്തി. കൊല്ലത്തെ അഡ്വെഞ്ചർപാർക്ക്, തങ്കശേരി ലൈറ്റ് ഹൗസ്, ബീച്ച് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട്, ഫാ. സ്കറിയ വേകത്താനം, സിസ്റ്റർ എൽസീന പാലക്കാട്ടുകുന്നേൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**2. മനസ്സുണർത്തൽ യാത്ര**

കെയർഹോംസിന്റെ നേതൃത്വത്തിൽ വൃദ്ധസദനങ്ങളിലേക്ക് മനസ്സുണർത്തൽ യാത്ര നടത്തി. പൂവരണി സെന്റ് റോക്കീസ് അസൈലം, കരൂർ ദയാഭവൻ, രാമപുരം സെന്റ് ജോസഫ് ദയാഭവൻ എന്നീ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു.

**3. ശാലോം ഡിസിഎംആർ പുലിയന്നൂർ വാർഷികം**

പുലിയന്നൂർ ശാലോം ഡിസിഎംആർ സ്പെഷൽ സ്കൂളിന്റെ 33-ാം വാർഷികസമ്മേളനം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ ബേബി അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മുനിസിപ്പൽ ചെയർപേഴ്സൺ പ്രഫ. സെലിൻ റോയി തകടിയേൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റീബാ വേത്താനത്ത് വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ജോസഫ് മണ്ണനാൽ, ഫാ. സ്കറിയ വേകത്താനം, രാജൻ മുണ്ടമറ്റം, ബിനോയി തോമസ്, മിനി മനോജ് തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**4. മറ്റത്തിപ്പാറ ബ്ലസ്ഡ് കുഞ്ഞച്ചൻ വില്ലേജ് സന്ദർശിച്ചു.**

മുതിർന്ന സ്ത്രീ-പുരുഷന്മാരെ സംരക്ഷിക്കുന്നതിനുവേണ്ടി മറ്റത്തിപ്പാറയിൽ ആരംഭിച്ച് ബ്ലസ്ഡ് കുഞ്ഞച്ചൻ സാന്തോം വില്ലേജ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം സന്ദർശിച്ചു. പുതിയ ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് മോൺ. ജോസഫ് മലേപ്പറമ്പിൽ വിശദീകരിച്ചു.

**5. വസ്ത്രസമാഹാരണം നടത്തി**

അമ്പാറനിരപ്പേൽ ഇടവകയിലെ വിശ്വജ്യോതി എസ്.എച്ച്. ഗ്രൂപ്പംഗങ്ങൾ വസ്ത്രങ്ങൾ സമാഹരിച്ച് രൂപത കെയർഹോംസിനു കൈമാറി.

**6. നാമഹേതുകത്തിരുന്നാൾ മംഗളങ്ങൾ ആശംസിച്ചു.**

നാമഹേതുകത്തിരുന്നാൾ ആഘോഷിച്ച മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറാൾമാർ, അരമനയിലെ ജോസഫ് നാമധാരികളായ വൈദികർ എന്നിവർക്ക് കെയർഹോംസ് പാലാ രൂപതാസമിതിയുടെ മംഗളങ്ങൾ ആശംസിച്ചു.

**7. കെയർഹോംസ് പാലാ രൂപത 3-ാമത് വാർഷികം**

കെയർഹോംസ് പാലാ രൂപതയുടെ 3-ാമത് വാർഷികവും അവാർഡുസമർപ്പണവും പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. പ്രസിഡന്റ് ഫാ. ജോർജ് പുതിയാപറമ്പിൽ സമ്മേളനത്തിനു മുന്നോടി

യായി പതാക ഉയർത്തി. രാവിലെ നടന്ന പൊതുസമ്മേളനത്തിൽ മോൺ ജോസഫ് മലേപ്പറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുര്യാക്കോസ് പടവൻ, മിനി പ്രിൻസ് തയ്യിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. സെക്രട്ടറി സിസ്റ്റർ ആൻസ് വാഴചാരിക്കൽ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു.

**8 കാരുണ്യസ്പർശം അവാർഡ് കരസ്ഥമാക്കിയ സ്കൂളുകൾ**

a) ഹൈസ്കൂൾ വിഭാഗം

1. തീക്കോയി സെന്റ് മേരീസ് : ഫസ്റ്റ്
2. ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ : സെക്കൻഡ്
3. മുത്തോലപുരം സെന്റ് പോൾസ്: തേർഡ്

b) ഹയർസെക്കൻഡറി വിഭാഗം

1. അറക്കുളം സെന്റ് മേരീസ് : ഫസ്റ്റ്
2. ഭരണങ്ങാനം സെന്റ്മേരീസ്: സെക്കൻഡ്
3. ഇലഞ്ഞി സെന്റ്പീറ്റേഴ്സ് : തേർഡ്

c) അൺ എയ്ഡഡ് വിഭാഗം

1. നീലൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ: ഫസ്റ്റ്
2. പാലാ കാർമ്മൽ പബ്ലിക് സ്കൂൾ: സെക്കൻഡ്
3. പൈക ജ്യോതി പബ്ലിക് സ്കൂൾ : തേർഡ്

**d) പ്രോത്സാഹനസമ്മാനം ലഭിച്ച സ്കൂളുകൾ**

ഉദയഗിരി ലിറ്റിൽ ഫ്ളവർ സ്കൂൾ, വാരിയാനിക്കാട്, കാർമ്മൽറാണി പബ്ലിക് സ്കൂൾ, പയ്യാനിത്തോട്ടം ഹോളിസ്പിരിറ്റ് പബ്ലിക് സ്കൂൾ, കടപ്ലാമറ്റം മേരിമാതാ പബ്ലിക് സ്കൂൾ, മൂലമറ്റം സേക്രട്ട് ഹാർട്ട് സ്കൂൾ.

**II) ജൂബിലിയേറിയൻസിനെ ആദരിച്ചു.**

വിവിധ കെയർഹോമുകളിൽ ശുശ്രൂഷ ചെയ്യുന്ന ജൂബിലിയേറിയൻസിനെ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനത്തിൽ വച്ച് ആദരിച്ചു.

**a) 50-ാം ജൂബിലി ആഘോഷിക്കുന്നവർ**

സിസ്റ്റർ എലിസബത്ത് പൊരിയത്ത് എസ്.എ.ബി.എസ്. മോനിപ്പള്ളി, സിസ്റ്റർ ലില്ലി അലോഷ്യ വടക്കേക്കര സി.എസ്.എസ്. കാപ്പുന്തല, സിസ്റ്റർ ലിസ്സി മരിയ കദളിക്കാട്ടിൽ എസ്.എച്ച്. പാലാ, സിസ്റ്റർ ജോയ്സി മേരി നരിതൂക്കിൽ എസ്.എച്ച്. രാമപുരം.

**b) 25-ാം ജൂബിലി ആഘോഷിക്കുന്നവർ**

സിസ്റ്റർ റീനാ സിറിയക് കരിപ്പാക്കുടിയിൽ സി.എം.സി., അന്തീനാട്, സിസ്റ്റർ ക്ലാരീസ് തടവനാൽ എഫ്.സി.സി. പാലാ.

**III ഗുഡ്സമരിറ്റൻസ് അവാർഡ്**

പാലാ രൂപതയിലെ മികച്ച ജീവകാരുണ്യപ്രവർത്തകർക്കുള്ള ഗുഡ്സമരിറ്റൻസ് അവാർഡ് ശ്രീ. കെ.എം. മാണി എം.എൽ.എ. വിതരണം ചെയ്തു. സെബാസ്റ്റ്യൻ ജോസഫ് (ബേബി) പുരയിടം പാലാ, സിസ്റ്റർ ദയ കവിയിൽ കളപ്പുര എസ്എംഎസ്. കൂത്താട്ടുകുളം, സിസ്റ്റർ മേഴ്സിൻ കൊച്ചുവേലിക്കകം

എഫ്സിസി വള്ളീച്ചിറ, സിബി ചെരുവിൽപുരയിടം മണലുങ്കൽ.

**IV സാഹിത്യഅവാർഡ്**

കഥാസാഹിത്യലോകത്ത് മികച്ച സംഭാവനകൾ നല്കിയ സിജിത അനിൽ തൊണ്ടിമാക്കൽ ഇടമറ്റത്തിന് ശ്രീ. കെ.എം. മാണി എം.എൽ.എ. പുരസ്കാരം നല്കി ആദരിച്ചു.

**V. a) എക്സ്ലൻസ് അവാർഡ്**

പാലാ രൂപതയിലെ മികച്ച ജീവകാരുണ്യസ്ഥാപനങ്ങൾക്കുള്ള എക്സലൻസ് അവാർഡ് ശ്രീ. കെ.എം. മാണി എം.എൽ.എ. വിതരണം ചെയ്തു.

a) ബെസ്റ്റ് ബാലഭവൻ
സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോം കുമ്മണ്ണൂർ

b) ബെസ്റ്റ് ഓൾഡ് ഏജ് ഹോം
ഡോൺബോസ്കോ പൂവർഹോം കടനാട്

c) ബെസ്റ്റ് സ്പെഷൽ സ്കൂൾ
ശാന്തിനിലയം സ്കൂൾ അന്തീനാട്

d) ബെസ്റ്റ് മാനസികാരോഗ്യപരിചരണസ്ഥാപനം
ഇമ്മാനുവേൽഹോം മേവട

**VI സ്നേഹോത്സവം അവാർഡ്**

കലോത്സവത്തിൽ മികച്ച വിജയം കൈവരിച്ച സ്ഥാപനങ്ങൾക്കുള്ള സ്നേഹോത്സവം അവാർഡ് ശ്രീ. കെ.എം. മാണി എം.എൽ.എ. വിതരണം ചെയ്തു.

**a) ബാലഭവൻ**

1) അരുവിത്തുറ ആനന്ദഭവൻ : ഫസ്റ്റ്
2) അരുവിത്തുറ ശാന്തിഭവൻ : സെക്കൻഡ്
3) കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം തേർഡ്

**b) സ്പെഷൽ സ്കൂൾ**

1) പുലിയന്നൂർ ശാലോം ഡിസിഎംആർ : ഫസ്റ്റ്
2) അൽഫോൻസാപുരം ശാന്തിനികേതൻ : സെക്കൻഡ്
3) അന്തീനാട് ശാന്തിനിലയം : തേർഡ്

**c) ഓൾഡ് ഏജ് ഹോം**

1) പാലാ സ്നേഹാലയം : ഫസ്റ്റ്
2) പൂവരണി സെന്റ് റോക്കീസ് അസൈലം : സെക്കൻഡ്
3) ചീങ്കല്ലേൽ റോസ്ഭവൻ : തേർഡ്

**d) മാനസികാരോഗ്യപരിചരണസ്ഥാപനങ്ങൾ**

1) രാമപുരം കുഞ്ഞച്ചൻ : ഫസ്റ്റ്
2) അരുവിത്തുറ ആവേമരിയ : സെക്കൻഡ്
3) ഉള്ളനാട് ശാന്തിഭവൻ : തേർഡ്

**VI) സ്കോളർഷിപ്പ് വിതരണം ചെയ്തു**

പഠനത്തിൽ 80 ശതമാനത്തിനുമേൽ മാർക്ക് നേടിയ ബാലികാഭവനിലെ 127 കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നല്കി.

**VII കെയർഹോംസ് സമാപനസമ്മേളനം**

കെയർഹോംസിന്റെ സമാപനസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ശ്രീ. കെ.എം. മാണി എം.എൽ.എ. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, പ്രഫ. സെലിൻ റോയി തകടിയേൽ, ഫാ. റോയി കണ്ണഞ്ചിറ, ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് ഇടയ്ക്കാട്ടുകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനാനന്തരം ആനിക്കാട് സെന്റ് മേരീസ് ആശ്രമകലാസമിതിയുടെ മേഗാഷോ ഉണ്ടായിരുന്നു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. കെ.എൽ.എം. റീജിയണൽ മീറ്റിംഗ്**

കെ.എൽ.എം. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി സന്ദേശനിലയത്തിൽ റീജിയണൽ മീറ്റിംഗ് നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ ക്ലാസ് നയിച്ചു. പാലാ രൂപതയിൽനിന്ന് ഒൻപതു പ്രതിനിധികൾ പങ്കെടുത്തു.

**2. കൈൻഡ് സർക്കിൾ മെറിറ്റോറിയസ് സ്കോളർഷിപ്പ്**

വരുമാനം കുറഞ്ഞ കുടുംബങ്ങളിൽനിന്നുള്ള മിടുക്കരായ വിദ്യാർത്ഥികൾക്കാണ് ബഡി 4 സ്റ്റഡി ഇന്ത്യാഫൗണ്ടേഷന്റെ കൈൻഡ് സർക്കിൾ മെറിറ്റോറിയസ് സ്കോളർഷിപ്പു നൽകുന്നത്. 9, 10, 11, 12 ക്ലാസ്സുകളിലോ ബിരുദത്തിനോ വൊക്കേഷണൽ കോഴ്സിനോ പഠിക്കുന്ന 20 വയസ്സിനു താഴെയുള്ളവരാകണം. കുടുംബത്തിന്റെ വാർഷികവരുമാനം നാലുലക്ഷം രൂപയിൽ കവിയരുത്. 60 ശതമാനം മാർക്കു നേടിയവരാകണം. വെബ്സൈറ്റ് : http://www.b4s.in/mathsu/kcm8

**3. നേഴ്സുമാരുടെ സ്കൈപ്പ് ഇന്റർവ്യൂ**

സൗദി അറേബ്യായിലെ അൽ-മൗവാസാത്ത് ഹെൽത്ത് ഗ്രൂപ്പിലേക്ക് ബിഎസ്സി/ഡിപ്ലോമ നേഴ്സുമാരെ (സ്ത്രീകൾ മാത്രം) നിയമിക്കുന്നതിനായി ഒഡിഇപിസി തിരുവനന്തപുരം വഴുതയ്ക്കാട് ഓഫീസിൽ സ്കൈപ്പ് ഇന്റർവ്യൂ ചെയ്യുന്നു. വിശദവിവരങ്ങൾക്ക് www.odepe.kerala.gov.in ഫോൺ: 0471 -2329440/41/42/43/45

**4. കരിയർ ഗൈഡൻസ് ക്ലാസ്സ്**

പ്ലസ്ടു, ഡിഗ്രി പഠനം പൂർത്തിയായവർക്കുവേണ്ടി കെ.എൽ.എമ്മിന്റെ ആഭിമുഖ്യത്തിൽ വിവിധ തൊഴിൽമേഖലകൾ പഠനസാധ്യതകൾ എന്നിവയെക്കുറിച്ച് വിശദമായി മനസ്സിലാക്കുന്നതിനുവേണ്ട കരിയർ ക്ലാസ് അവധിക്കാലത്ത് കെ.എൽ.എമ്മിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് കെ.എൽ.എം. ഓഫീസറുമായി ബന്ധപ്പെടുക.

**5) പി.എസ്.സി. പരിശീലനസെമിനാർ**

ഗവൺമെന്റ് ജോലിസാധ്യതകളെക്കുറിച്ച് യുവജനങ്ങളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി പി.എസ്.സി. പരിശീലന സെമിനാറിനുള്ള സാങ്കേതികസഹായം കെ.എൽ.എം. വഴി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് കെ.എൽ.എം. ഡയറക്ടറച്ചനെ സമീപിക്കുക.

**6) വനിതാസുരക്ഷാസെമിനാർ**

വനിതാകമ്മീഷന്റെ സഹകരണത്തോടെ കെ.എൽ.എമ്മിന്റെ ആഭിമുഖ്യത്തിൽ മാതാപിതാക്കൾ, കുട്ടികൾ എന്നിവരെ പങ്കെടുപ്പിച്ച് വനിതാസുരക്ഷസെമിനാറിനുള്ള സഹായം കെ.എൽ.എം. ഓഫീസ് വഴി ലഭിക്കുന്നതാണ്.

**7) ജനമൈത്രി പോലീസ് ബോധവത്കരണ സെമിനാർ**

ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ സൈബർ കുറ്റകൃത്യങ്ങൾ, നിയമവകുപ്പുകൾഎന്നിവയെ സംബന്ധിച്ച് ഒരു ബോധവത്കരണസെമിനാർ കെ.എൽ.എം. വഴി ഇടവകതലത്തിൽ നടത്തുന്നു.

**8) ക്ഷേമപദ്ധതികളെക്കുറിച്ചുള്ള സെമിനാർ**

തൊഴിലാളികളുടെ വിവിധ ക്ഷേമപെൻഷൻ, ആനുകൂല്യങ്ങൾ, വിവിധ സഹായപദ്ധതികൾ എന്നിവ പരിചയപ്പെടുത്തുന്നതിനുവേണ്ടി തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറിന് കെഎൽഎം നേതൃത്വം നൽകുന്നു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മുട്ടം ഇടവകയിൽ ഡി എഫ് സി മീറ്റിംഗ്**

മുട്ടം ഇടവകയിൽ ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് മീറ്റിംഗ് സംഘടിപ്പിച്ചു.വികാരി ഫാ.കുര്യൻ കോട്ടയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**2. ഇലഞ്ഞി ഡിഎഫ്സി മീറ്റിംഗ്**

ഇലഞ്ഞി ഫൊറോനപള്ളിയിലെ പത്രപ്രചാരണവുമായി ബന്ധപ്പെട്ട് പൊതുയോഗം പള്ളിമേടയിൽ വച്ച് നടത്തി.വികാരി ഫാ.സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു. ഫാ.മാത്യു വെങ്ങാലൂർ, ജോസഫ് ഓലിക്കൽ, ജോൺസൺ വള്ളോംപുരയിടം തുടങ്ങിയവർ പ്രസംഗിച്ചു.

**3. ദീപിക 13-ാം വാർഷികവും എക്സലൻസ് അവാർഡ് വിതരണവും**

ദീപികയുടെ 13-ാം വാർഷികവും എക്സലൻസ് അവാർഡ്ദാനവും കുമരകം ബ്ലാക്ക് വാട്ടർറിസോട്ടിൽ വച്ച് നടത്തി. രാഷ്ട്രദീപിക ലിമിറ്റഡ് ചെയർമാൻ ഡോ. ഫ്രാൻസിസ് ക്ലീറ്റസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേന്ദ്ര ടൂറിസം മന്ത്രി അൽഫോൻസ് കണ്ണന്താനം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.മന്ത്രി മാത്യു ടി തോമസ് മുഖ്യ പ്രഭാഷണം നടത്തി.സമ്മേളനത്തിൽ പാലാ രൂപത ഡിഎഫ്സി നേതൃസമിതി അംഗങ്ങൾ പങ്കെടുത്തു.

**4. ദീപിക പ്രസ്സ് ക്ലബ്ബ് സംസ്ഥാനഎക്സിക്കുട്ടീവ് യോഗം**

ദീപിക പ്രസ്സ് ക്ലബ്ബ് സംസ്ഥാനസമിതി ഭാരവാഹികളുടേയും രൂപതാഡയറക്ടർമാരുടേയും സംയുക്ത സമ്മേളനം കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. മോൺ ഫാ. മാണി പുതിയിടം അധ്യക്ഷത വഹിച്ചു. റവ. ഫാ. റോയി കണ്ണഞ്ചിറചർച്ചകൾക്ക് നേതൃത്വം നൽകി. മെയ് 26 ന് പാലായിൽ വച്ച് നടക്കുന്ന സംസ്ഥാനസമ്മേളനത്തെക്കുറിച്ച് യോഗത്തിൽ വിശദമായി ചർച്ചചെയ്തു.

**5. ഡിഎഫ്സി സെമിനാർ പ്രവിത്താനം ഇടവകയിൽ**

ദീപികപത്രപ്രചാരണത്തോടനുബന്ധിച്ച് സെമിനാർ നടത്തി. വികാരി റവ. ഫാ. സെബാസ്റ്റ്യൻപടിക്കക്കുഴുപ്പിൽ അധ്യക്ഷത വഹിച്ചസെമിനാറിൽ റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി.ഫാ. തോമസ് പട്ടേരി, ജോൺസൺ വള്ളോംപുരയിടം, ഡോ.സണ്ണി വി സ്കറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**6. ചെമ്പിളാവ് ഇടവകയിൽ ഡിഎഫ്സി രൂപീകരിച്ചു**

ചെമ്പിളാവ് ഇടവകയിൽ ദീപിക പ്രസ്സ് ക്ലബ്ബിന്റെ പുരുഷവനിതാ യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ.ദേവസ്യാച്ചൻ വട്ടപ്പലം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ.സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**7. ഡിഎഫ്സി മുട്ടുചിറ ഫൊറോനസമ്മേളനം**

ദീപിക പ്രസ്സ് ക്ലബ്ബ് മുട്ടുചിറ ഫൊറോനസമ്മേളനം മുട്ടുചിറഫൊറോന പാരീഷ്ഹാളിൽ വച്ച് നടത്തി. വികാരി ഫാ.ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷതവഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജേക്കബ്ബ് മുരിക്കൻ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മോൺ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ജോസഫ് മലേപ്പറമ്പിൽ, ഫാ.സ്കറിയ വേകത്താനം, ഫാ.ജോസഫ് ഇല്ലത്തുപറമ്പിൽ, ഡോ.സണ്ണി വി സ്ഖറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**8. ഡിഎഫ്സി സംസ്ഥാനസമ്മേളനത്തെക്കുറിച്ചുള്ള ആലോചനായോഗം**

ദീപിക പത്രത്തിന്റെ 132-ാം വാർഷികസമ്മേളനം പാലായിൽവച്ചു നടത്തുന്നത് സംബന്ധിച്ചുള്ള ആലോചനായോഗം അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ അരമനയിൽവച്ച് കൂടി. റവ.ഫാ. റോയി കണ്ണഞ്ചിറ, ഡോ. ഫ്രാൻസിസ് ജോസഫ്, ഫാ. സ്കറിയ വേകത്താനം, ജോൺസൺ വള്ളോംപുരയിടം, രൂപതാ ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**9. കീഴൂർ ഇടവകയിൽ ഡിഎഫ്സി രൂപീകരിച്ചു.**

കീഴൂർ ഇടവകയിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് പുരുഷ വനിതാ യൂണിറ്റ് രൂപീകരിച്ചു. വികാരി സ്കറിയ മോടിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**10 കടുത്തുരുത്തി ഫൊറോന ഡിഎഫ്സി നേതൃസംഗമം**

കടുത്തുരുത്തി ഫൊറോന ഡിഫ്സി നേതൃസമ്മേളനം കടുത്തുരുത്തി പാരീഷ് ഹാളിൽവച്ച് നടത്തി. വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു.ഡിഎഫ്സി ഫൊറോന നേതൃസമിതിയിലെ അംഗങ്ങളുടെ എണ്ണം വിപുലപ്പെടുത്തി.

**11. ഡിഎഫ്സി ചേർപ്പുങ്കൽ ഫൊറോനസമ്മേളനം**

ദീപിക പ്രസ്സ് ക്ലബ്ബ് ചേർപ്പുങ്കൽ ഫൊറോന സമ്മേളനം ചേർപ്പുങ്കൽ പാരീഷ്ഹാളിൽ വച്ച് നടത്തി. വികാരി റവ.ഫാ. ജോസ് അഞ്ചേരിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി.ഫാ,സ്കറിയ വേകത്താനം, ഫാ. ജയിംസ് മടിക്കാങ്കൽ, ഫാ. ജോസ് പുളിന്താനം, ഡോ.സണ്ണി വി സഖറിയ, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു.

**12. ഡിഎഫ്സി സെമിനാർ കളത്തൂർ ഇടവകയിൽ**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് കളത്തൂർ ഇടവകയിൽ സെമിനാർ നടത്തി.വികാരി ഫാ.മാത്യു കടുക്കുന്നേൽ അധ്യക്ഷതവഹിച്ചമീറ്റിംഗിൽ മോൺ മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി.ഡിഎഫ്സിയുടെ വനിതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**13. ഗാഗുൽത്താ ഇടവകയിൽ ഡിഎഫ്സി രൂപീകരിച്ചു.**

ഗാഗുൽത്താ ഇടവകയിൽ ഡിഎഫ്സി പുരുഷ-വനിതായൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ.മാർട്ടിൻ പന്തിരുവേലിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**14. പുതിയ ഫൊറോനാ ഡയറക്ടേഴ്സ്**

ദീപിക ഫ്രണ്ട്സ് ക്ലബ്, കെയർഹോംസ് കെ. എൽ. എം എന്നീ സംഘടനകളുടെ പുതിയ ഫൊറോനാ ഡയറക്ടർമാരായി താഴെപറയുന്നവരെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിയമിച്ചിരിക്കുന്നു.

1 ഫാ. ജോസഫ് തറപ്പേൽ , മീനച്ചിൽ പാലാ കത്തീഡ്രൽ
2 ഫാ. ജോസഫ് പരവുമേൽ കളത്തുക്കടവ് അരുവിത്തുറ
3 ഫാ. ജെയിംസ് മടിക്കാങ്കൽ ചേർപ്പുങ്കൽ
4 ഫാ. തോമസ് അയിലുകുന്നേൽ മാന്നാർ, കടുത്തുരുത്തി
5 ഫാ. സെബാസ്റ്റ്യൻ കുന്നക്കാട്ട് ഏന്തയാർ, കൂട്ടിക്കൽ
6 ഫാ. മാത്യു കോലോത്ത് കോതനല്ലൂർ
7 ഫാ. മാണി കൊഴുപ്പൻകുറ്റി കുറവിലങ്ങാട്
8 ഫാ. തോമസ് വാലുമ്മേൽ വെള്ളിയാമറ്റം, മൂലമറ്റം
9 ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ മലപ്പുറം, മുട്ടുചിറ

**ഫാ. സ്കറിയ വേകത്താനം (കോർഡിനേറ്റർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ കേരളകാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിനായി ഇപ്പോഴേ നമുക്ക് ഒരുങ്ങാം. കൂടുതൽ ആളുകളെ ഈ വചനപഠനവേദിയിലേക്ക് നമുക്കു ക്ഷണിക്കാം.

| | |
|---|---|
| രജിസ്ട്രേഷൻ ആരംഭിക്കുന്നത് | : 2018 ജൂൺ 1 |
| അവസാനിക്കുന്നത് | : 2018 ജൂലൈ 31 |
| പരീക്ഷാത്തീയതി | : 2018 സെപ്റ്റംബർ 23 |
| പരീക്ഷാസമയം | : 2 മുതൽ 3.30 വരെ |

വിഷയം : മത്തായി 10-18, വെളിപാട് 10-16

നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10

ലോഗോസ് ക്വിസ് 2017 ന്റെ സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയുംവേഗം ഓഫീസിൽനിന്നും വാങ്ങിക്കുമല്ലോ.

**2. വിശുദ്ധനാടു തീർത്ഥാടനം**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്നു. 2018 മെയ് 20 ന് പുറപ്പെട്ട് ജൂൺ 1 ന് തിരിച്ചെത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**3. ബൈബിൾ കോഴ്സ്**

മാർച്ചു മാസത്തിലെ ഏകവർഷ/ദ്വിവർഷകോഴ്സുകളിൽ യഥാക്രമം ഫാ. തോമസ് വടക്കേൽ, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഏപ്രിൽ മാസത്തിലെ ക്ലാസ്സുകൾ 14-ാം തീയതിയാണ്.

**4. കെറിയാന**

ഒരുവർഷംകൊണ്ട് ബൈബിൾ വായിക്കുവാൻ സഹായിക്കുന്ന കെറിയാനയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**5. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് പഠനസഹായി ഫാ. സൈറസ് വേലംപറമ്പിലച്ചന്റെയും രണ്ടുവർഷക്കാലം വീതം ലോഗോസ് പ്രതികളായിരുന്ന സി. ബെറ്റി എൽഎആർ, ബീന പുളിക്കക്കുന്നേൽ എന്നിവരുടെയും നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നു. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. നോമ്പുകാല ആചരണം**

പാലാ മിഷനിലെ എല്ലാ പള്ളികളിലും നോമ്പുകാലത്തെ തിരുകർമ്മ ങ്ങൾ ഭക്തിപൂർവ്വം നടത്തി. എല്ലാ വെള്ളിയാഴ്ചകളിലും പാലാ മിഷനിലെ എല്ലാ പ്രധാനപള്ളികളിലും വി. കുർബാനയും ആഘോഷമായ കുരിശിന്റെ വഴിയും നടത്തി. ബാക്കി എല്ലാ ഗ്രാമങ്ങളിലും ക്രൈസ്തവഭവനങ്ങളിലും ബുധനാഴ്ച ദിവസങ്ങളിൽ കുരിശിന്റെ വഴി നടത്തി. നോമ്പുകാലത്തെ വലിയ ആഴ്ചയിൽ എല്ലാ ക്രൈസ്തവഭവനങ്ങളും വെഞ്ചരിച്ചു. മാർച്ച് 16 വെള്ളി യാഴ്ച സെക്കലഗുണ്ടമലയിൽ വച്ചു നടന്ന സ്ലീവാപാതയിൽ പാലാ മിഷ നിലെ എല്ലാ അംഗങ്ങളും ഭൂരിഭാഗം ക്രൈസ്തവരും പങ്കെടുത്തു.

**2. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം**

പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഫെബ്രുവരി 28 മുതൽ മാർച്ച് 6 വരെ മിഷൻ സന്ദർശനം നടത്തി എല്ലാ പള്ളികളും ഗ്രാമങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. പാലാ മിഷനിലെ എല്ലാ അംഗ ങ്ങളുടെയും ബഹു. അച്ചന്മാരുടെയും മീറ്റിംഗുകളിൽ മിഷൻ വളർച്ചയെപ്പറ്റി പിതാവിന്റെ കാഴ്ചപ്പാടുകൾ വ്യക്തമാക്കി നിർദ്ദേശങ്ങൾ നല്കി. പിതാവി നൊപ്പം സെക്രട്ടറിയച്ചനും 6 റീജൻസി ബ്രദേഴ്സും പാലാ മിഷൻ സന്ദർശി ച്ചു. പിതാവിനൊപ്പം പാലാ മിഷനിൽ സേവനം ചെയ്യുവാനായി എത്തിയ ഫാ. ആന്റണി വാഴയിൽ, ഫാ. ജോർജ് കൊട്ടാരത്തിൽ എന്നിവർക്ക് ഹൃദ്യ മായ സ്വീകരണം നല്കി.

**3. മന്നഗുഡം പള്ളി**

നെന്നൽ ഇടവകയുടെ കീഴിൽ വരുന്ന മന്നഗുഡം ഗ്രാമത്തിലെ പുതിയ പള്ളിയുടെ തറക്കല്ലീടിൽ മാർ ജോസഫ് കല്ലറങ്ങാട്ട് മാർച്ച് 2-ാം തീയതി നിർവ്വഹിച്ചു. പള്ളിപണികൾ പൂർത്തിയാക്കാനുള്ള പ്രത്യേക പ്രാർത്ഥന കൾ വിശ്വാസികൾ നടത്തിവരുന്നു. ഒരു വർഷം കൊണ്ട് പള്ളി പണി പൂർത്തി യാക്കാനാണ് പദ്ധതിയിടുന്നത്.

**4. സോഷ്യൽ വർക്സ്**

സോഷ്യൽ സർവ്വീസ് സംഘടനയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16,24 തീയതികളിൽ വിധവകൾക്കായും അനാഥകുട്ടികൾക്കുമായി പ്രത്യേക സമ്മേ ളനങ്ങൾ നടത്തി. ഇവർക്ക് ആവശ്യമായ ബോധവത്കരണക്ലാസുകളും സമ്മാനങ്ങളും നല്കി. ഫാ. ഐസക് കുറിച്ചിയേൽ, ഫാ. ജോർജ് വയലിൽപ റമ്പിൽ, സി. സെലിൻ, സി. മേരി എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

**5. പാലാ മിഷൻ ചരിത്രം**

പാലാ മിഷനെപ്പറ്റിയും കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചും കൊണ്ടുള്ള ദശവർഷചരിത്രപുസ്തകം തയ്യാറാക്കികൊ ണ്ടിരിക്കുന്നു.

**ഫാ. ജോർജ് കാരാംവേലി** (കോ-ഓർഡിനേറ്റർ)

# മൗണ്ട് നെബോ വാർത്തകൾ

ഫെബ്രുവരി ഇരുപത്തിനാലാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിലും കുരിശുമല ആബട്ട് പെ. ബഹു. ഈശാനന്ദ്, ഫാ. ജസ്റ്റിൻ HGN, എന്നിവരുടെ സഹകരണത്തിലും ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. നാനൂറോളം പേർ സംബന്ധിച്ചു. മാർച്ച് ഒന്നാം തീയതിമുതൽ നാലാം തീയതിവരെ സ്വിറ്റ്സർലന്റിലെ ഓൾട്ടനിൽ വച്ച് നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഇരുനൂറിലധികം പേർ സംബന്ധിച്ചു. മൗണ്ട് നെബോയിലെ താമസിച്ചുള്ള അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഏപ്രിൽ 15-ാം തീയതിമുതൽ 21-ാം തീയതിവരെയും, മെയ് 13-ാം തീയതിമുതൽ 19-ാം തീയതിവരെയും നടത്തപ്പെടുന്നു. ബുക്കിംഗിന് **9747252227, 9447488624, 9847472522.**

ഫാ. തോമസ് വാഴചാരിക്കൽ (ഡയറക്ടർ)

# സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, പാലാ

**ഹാട്രിക്കിലേയ്ക്ക്**

തുടർച്ചയായി മൂന്നാം വർഷവും SJIHMCT നൂറ് ശതമാനം ക്യാമ്പസ് പ്ലേസ്മെന്റ് നേടി.ഗ്രാന്റ് ഹയാത്ത്, താജ് ഇന്റർനാഷണൽ, ഒബ്റോയി, റാഡിസൺബ്ലൂ,ഹോളിഡേ ഇൻ, ദി പോൾ,സൂരി, റാവിസ് എന്നീ പഞ്ചനക്ഷത്രഹോട്ടലുകളിലാണ് ഈ വർഷത്തെ പ്ലേസ്മെന്റ്.

**അഭിനന്ദിച്ചു.**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നടത്തിയ 2017 ലെ ബി.ച്ച്.എം ഡിഗ്രി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഈ കോളേജിലെ പോൾ നെൽസനേയും രണ്ടാം റാങ്ക് കരസ്ഥമാക്കിയ എബിൻ സണ്ണിയേയും ആദരിച്ചു.

കേറ്ററിംഗ് ഇൻഡസ്ട്രി പ്രൊഫഷണൽ സംഘടിപ്പിച്ച പത്മശ്രീ തങ്കം ഇ ഫിലിപ്പ് മെമ്മോറിയൽ ഇന്റർ കോളേജിയറ്റ് ഷെഫ് കോമ്പറ്റീഷനിൽ ഈ കോളേജിലെ മൂന്നാംവർഷ വിദ്യാർത്ഥിയായ ചിൽസ് ടോണിയോ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**സൗദിയിലേയ്ക്ക്**

മാർച്ച് 21-ാം തിയതി സൗദിയിലെ പാലസ്ഹോട്ടലിൽ വച്ച് നടത്തപ്പെട്ട ആറബ്സമ്മിറ്റിൽ എഫ്ആൻഡ്ബീ സർവ്വീസിനായി ഈ കോളേജിലെ 43 വിദ്യാർത്ഥിളും 4 പൂർവ്വവിദ്യാർത്ഥികളും 2 അധ്യാപകരും തിരഞ്ഞെടുക്ക

പ്പെട്ടു.ഫ്ളൈറ്റ് ടിക്കറ്റ്,താമസം. ഭക്ഷണം എന്നിവയ്ക്ക് പുറമെ ആൾക്ക് നാനൂറ് ഡോളർ പോക്കറ്റ് മണിയും ലഭിച്ചു. മികച്ചസേവനത്തിനുള്ള സർട്ടിഫിക്കറ്റ് ടീം കരസ്ഥമാക്കി. ഇന്ത്യയിലെ വിവിധ കേറ്ററിംഗ് കോളേജിൽ നിന്ന് ഇരുനൂറോളം പേർ പങ്കെടുത്തു.

**സാമൂഹ്യാവബോധ പരിപാടികൾ**

മരിയൻ ഹോസ്പിറ്റലുമായിചേർന്ന് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.52 പേർ രക്തം ദാനം ചെയ്തു. വിദ്യാർത്ഥികൾ തന്നെ ഫണ്ട് കളക്ഷൻനടത്തി ഭക്ഷണസാധനങ്ങൾ പാചകം ചെയ്ത് ഭരണങ്ങാനം അസ്സീസി ഭവനത്തിലെ അന്തേവാസികൾക്ക് കൊടുത്തു.

**ഫാ. ജേക്കബ് പുതിയാപറമ്പിൽ** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## ഫാ. തോമസ് കലേക്കാട്ടിൽ

ആത്മാവിൽ അണയാത്ത അഗ്നിയായി ദൈവസ്നേഹത്തിന്റെ തുടിപ്പുകൾ അനേകരിലേയ്ക്കു പകർന്ന കലേക്കാട്ടിൽ ബഹു. തോമസ് അച്ചൻ നിത്യപിതാവിന്റെ സന്നിധിയിലേയ്ക്കു യാത്രയായിരിക്കുന്നു. തിരുവചനത്തിന്റെ സ്പന്ദനം ആയുസിന്റെ രേഖയിലും പ്രകാശനാളമാക്കി മാറ്റികൊണ്ട് 79 വർഷങ്ങൾ ദൈവത്തിനും ദൈവജനത്തിനുമായി ശുശ്രൂഷ ചെയ്ത് അച്ചൻ കടന്നുപോകുമ്പോൾ നിത്യതയുടെ തുറമുഖത്ത് കൂടുചമയ്ക്കുവാനുള്ള ഇടം ദൈവം ഒരുക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

1939 മാർച്ച് 11-ാം തീയതി ചേർപ്പുങ്കൽ ഇടവകയിൽ കലേക്കാട്ടിൽ ജോസഫ്-മറിയം ദമ്പതികളുടെ ഏഴു മക്കളിലൊരുവനായി ബഹു. തോമസച്ചൻ ജനിച്ചു. തന്റെ ജനനത്തിന്റെ അഞ്ചാംദിനത്തിൽ തന്നെ ജ്ഞാനസ്നാനം സ്വീകരിച്ച് അദ്ദേഹം കുമ്മണ്ണൂർ സെന്റ് ജോസഫ്സ് സ്കൂൾ, കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂൾ, തിരുപ്പട്ടൂർ എസ്.എച്ച്. ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായി തന്റെ പ്രാഥമിക ഉന്നതവിദ്യാഭ്യാസങ്ങൾ പൂർത്തീകരിച്ചു. സാഹിത്യകലാരംഗങ്ങളിൽ എന്നും മികവും തെളിയിച്ചിരുന്ന ബഹു. തോമസച്ചൻ തുടർന്ന് വൈദിക പരിശീലനത്തിനായി പാലായിലെ നല്ലിടയൻ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1966 ൽ ജന്മദിനത്തിന്റെ പിറ്റേന്ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു.

അജപാലന ശുശ്രൂഷയുടെ നാൾവഴികളിൽ അദ്ദേഹം പൈക, മുട്ടുചിറ, കോതനല്ലൂർ, തുടങ്ങനാട്, മുണ്ടാങ്കൽ ഇടവകകളിൽ സഹവികാരിയായും പാളയം, മലയിഞ്ചിപ്പാറ, വെള്ളിയാമറ്റം, മുത്തോലി, മരങ്ങോലി, മാനത്തൂർ,

മലപ്പുറം, ജയ്ഗിരി ഇടവകകളിൽ വികാരിയായും നീലൂർ സാവിയോ ഹോം റെക്ടറായും സേവനമനുഷ്ഠിച്ചു. 2010 ൽ അനാരോഗ്യംമൂലം അദ്ദേഹം വിശ്രമജീവിതത്തിനായി പാലായിലെ മാർ അപ്രേം വൈദികമന്ദിരത്തിൽ എത്തിയെങ്കിലും പൂർവ്വാധികം കരുത്തനായി അദ്ദേഹം കൊഴുവനാൽ ഫാത്തിമാ മിഷൻ ഹോസ്പിറ്റലിന്റെ ചാപ്ലയിനായും ശുശ്രൂഷ നിർവ്വഹിച്ചു. ഒരു വർഷത്തിനുശേഷം വീണ്ടും വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച ബഹു. തോമസച്ചന് ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് 2018 മാർച്ച് 10-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്ന് രോഗീലേപനം സ്വീകരിക്കുകയും 2018 മാർച്ച് 13-ാം തീയതി (തന്റെ പൗരോഹിത്യ സ്വീകരണവാർഷികത്തിൽ പിറ്റേന്ന്) കർതൃസന്നിധിയിലേക്കു യാത്രയാവുകയും ചെയ്തു.

മൃതസംസ്കാര ശുശ്രൂഷകൾ മാർച്ച് 14 - ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണിക്ക് പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭവനത്തിൽ ആരംഭിക്കുകയും തുടർന്ന് ചേർപ്പുങ്കൽ ഇടവക ദൈവാലയത്തിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുകയും മൃതസംസ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു.

തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവനായി ജീവിതകാലം മുഴുവനും ദൈവത്തിനും ദൈവജനത്തിനുമായി ശുശ്രൂഷചെയ്തു കടന്നുപോയ ബഹു. തോമസച്ചനെ നമുക്കു ദൈവകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിക്കാം.

NB : ADCP അംഗങ്ങളെല്ലാവരും ബഹു. തോമസ് കലേക്കാട്ടിലച്ചനുവേണ്ടി ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.



## സി. ഡോയിൽ മേരി ഇളംതുരുത്തിയിൽ F.C.C.

പാലാ രൂപത വാകക്കാട് ഇടവകയിൽ, ഇളംതുരുത്തിയിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ 7-ാമത്തെ സന്താനമായി 22-12-1932 ൽ സി. ഡോയിൽ മേരി ഭൂജാതയായി. മാമ്മോദീസായിൽ ബ്രിജിറ്റ് എന്ന നാമം നൽകപ്പെട്ടു. വാകക്കാട് സെന്റ് പോൾസ് എൽ.പി. സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസവും കാഞ്ഞൂർ സെന്റ് മേരീസിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ സിസ്റ്റർ ജ്യേഷ്ഠസഹോദരിമാരായ സി. ജോസഫീനാ F.C.C, സി. മാർഗ്ഗരീറ്റാ F.C.C., സി. ആഗ്നസ് F.C.C., സി. പാസ്ക്കൽ F.C.C., എന്നിവരെ അനുകരിച്ച് ഫ്രാൻസിസ്കൻ ദൈവവിളി സ്വീകരിച്ച് 1956 ജൂലൈ 7-ാം തീയതി ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസ പരിശീലനം പൂർത്തിയാക്കി 1958 ഏപ്രിൽ 10-ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ച് സി. ഡോയിൽ മേരി എന്ന സന്യാസനാമം സ്വീകരിച്ചു. 1961 മെയ് 29-ാം തീയതി

നിത്യവ്രതവാഗ്ദാനം നടത്തി. 2008-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

60 വർഷം സമർപ്പിതജീവിതം അതിന്റെ ആഴത്തിലും അർത്ഥത്തിലും ജീവിച്ച ബ. ഡോയിൽ മേരിയമ്മ വാകക്കാട്, ഇടമറ്റം, തീക്കോയി, മണിയംകുന്ന്, അരുണാപുരം അൽഫോൻസാ ഹോസ്റ്റൽ, പാലാ സാൻജോ ഹോസ്റ്റൽ, ഭരണങ്ങാനം, കിഴപറയാർ, അരുവിത്തുറ ഹോസ്റ്റൽ, കാക്കോളി എന്നീ മഠങ്ങളിൽ താമസിച്ച് മെസ് മാനേജർ, ഫാം സൂപ്പർവൈസർ എന്നീ നിലകളിൽ സഭാശുശ്രൂഷ നിർവ്വഹിച്ചു. മേലധികാരികളോടും വൈദികരോടുമുള്ള സ്നേഹവും ബഹുമാനവും വിധേയത്വവും അമ്മയിൽ അന്യാദൃശമായി വിളങ്ങിയിരുന്നു. ആരോഗ്യവതിയായി ദീർഘകാലം സഭാശുശ്രൂഷ നിർവ്വഹിച്ച ബഹു. ഡോയിൽ മേരിയമ്മ നട്ടെല്ലു സംബന്ധമായ രോഗം ബാധിച്ചതിനെത്തുടർന്ന് നടക്കാൻ സാധിക്കാതെയായി. വിദഗ്ദ്ധചികിത്സകളൊന്നും ഫലമണിഞ്ഞില്ല. 10 വർഷത്തോളം കട്ടിലിൽത്തന്നെ കഴിച്ചുകൂട്ടി.

2017 നവംബർ മാസത്തോടുകൂടി ആരോഗ്യനില മോശമാകുകയും മേരിഗിരി, മരിയൻ സെന്റർ എന്നീ ആശുപത്രികളിൽ മാറി മാറി അഡ്മിറ്റ് ചെയ്ത് ചികിത്സ നേടുകയും ചെയ്തു. വീണ്ടും ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് കൂടുതൽ പരിചരണത്തിനായി 2018 ഫെബ്രുവരി 28-ാം തീയതി തിടനാട് കോൾബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. മാർച്ച് 4-ാം തീയതി ബ. ജോർജ്ജ് മുളങ്ങാട്ടിൽ അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ച് തന്റെ സ്വർഗ്ഗീയയാത്രയ്ക്കായി ഒരുങ്ങിക്കൊണ്ടിരുന്നു. ക്രമേണ അവശത വർദ്ധിച്ച് മാർച്ച് 16-ാം തീയതി രാവിലെ 6.15 ന് മേലധികാരികളുടെയും സമൂഹാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ അമ്മയുടെ ആത്മാവ് ദിവ്യനാഥസന്നിധിയിലേക്ക് പറന്നുയർന്നു.അന്നുതന്നെ രാവിലെ 9 മണിയോടുകൂടി മൃതദേഹം കാക്കോളി മഠം ചാപ്പലിൽ കൊണ്ടുവന്നു. അഭിവന്ദ്യ ജേക്കബ്ബ് മുരിക്കൻ പിതാവും, ധാരാളം വൈദികരും ചാപ്പലിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സഭാംഗങ്ങളും ഇതര സന്യാസസഭാംഗങ്ങളുമായി അനേകം സിസ്റ്റേഴ്സും ഇടവകജനങ്ങളും മഠത്തിൽ വന്ന് പ്രാർത്ഥനകളിൽ പങ്കുചേർന്നു.

മാർച്ച് 17-ാം തീയതി രാവിലെ വി. കുർബാനയും ഒപ്പീസും കഴിഞ്ഞ് രാവിലെ 8.30 ന് മൃതദേഹം വാകക്കാട് മഠത്തിലേക്കു കൊണ്ടുപോയി. മഠം ചാപ്പലിൽ വച്ച് പ്രാർത്ഥനകൾ തുടർന്നു. 2 pm.ന് ബ. പോൾ ചിറപ്പുറം OFM Cap, ബ. തോമസ് തലക്കുളം OFM Cap, ബ. ജോർജ് മുളങ്ങാട്ടിൽ എന്നീ വൈദികരുടെ കാർമ്മികത്വത്തിൽ നടന്ന സമൂഹബലിയെത്തുടർന്ന് നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം ദേവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. പെ.ബ. മോൺ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം വാകക്കാട് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. തന്റെ വിശ്വസ്തദാസിയെ ദിവ്യനാഥൻ സ്വർഗ്ഗകിരീടം അണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. ആൻ ജോസ് പ്ലാത്തോട്ടത്തിൽ SMC

ചങ്ങനാശ്ശേരി അതിരൂപതയിൽ അയർക്കുന്നം ഇടവകയിൽ പ്ലാത്തോട്ടത്തിൽ ജോസഫ് -മേരി ദമ്പതികളുടെ ഏക പുത്രിയായി 1949 സെപ്റ്റംബർ 12-ാം തിയതി സി.ആൻ ജോസ് ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേര് നൽകപ്പെട്ടു. ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപെട്ടുവെങ്കിലും ഈ വിയോഗത്തിന്റെ ദുഖ:മറിയിക്കാതെ പിതൃസഹോദരങ്ങൾ സിസ്റ്ററിനെ വളർത്തിക്കൊണ്ടുവന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പിതാവിന്റെ ജ്യേഷ്ഠസഹോദരനായ പരേതനായ ബഹു.പ്ലാത്തോട്ടത്തിലച്ചന്റെ സഹായത്തോടെ സെന്റ് മർത്താസ് സന്ന്യാസിനിസമൂഹത്തിൽ അർത്ഥിനിയായിത്തീർന്നു.

1980 മെയ് 26 ന് ആദ്യവ്രതവാഗ്ദാനവും 1987 മെയ് 26ന് നിത്യവ്രതവാഗ്ദാനവും നടത്തി. എളിയ ശുശ്രൂഷയ്ക്ക് നല്ല മാതൃകയായിരുന്നു അന്നയുടെ ജീവിതം. ചെറിയ കാര്യങ്ങളുടെ നിർവ്വഹണത്തിലൂടെ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്രചെയ്തിരുന്ന അമ്മ കമ്മ്യൂണിറ്റികളിൽ ആരും ശ്രദ്ധിക്കപ്പെടാൻ ഇടയില്ലാത്ത കാര്യങ്ങൾ കൃത്യമായി ചെയ്തിരുന്നു. മൂലമറ്റം, കുടയത്തൂർ, പുതുപ്പള്ളി, കാഞ്ഞിരപ്പള്ളി,പൊൻകുററി, പാല, കട്ടപ്പന, വേട്ടാമ്പാറ എന്നീ ഭവനങ്ങളിലും ഇടവകകളിലും തന്റെ പ്രവർത്തനവും സ്നേഹസാന്നിധ്യവുംവഴി ഈശോയ്ക്ക് സാക്ഷ്യം നൽകി. അധികാര വിധേയത്വവും, സഹോദരിമാരോടുള്ള സ്നേഹവും അമ്മയിൽ നിറഞ്ഞുനിന്നിരുന്നു.എപ്പോഴും പ്രാർത്ഥനനിരതമായിരുന്നു അമ്മയുടെ ജീവിതം. ഈശോ, ഈശോ എന്ന് അമ്മ എപ്പോഴും ഉരുവിട്ടിരുന്നു. നിഷ്കളങ്കമായ ജീവിതവും സ്വാർത്ഥത കലരാത്ത അനുദിനജീവിതപ്രവർത്തനവും അമ്മയുടെ മുഖമുദ്രകളായിരുന്നു. മറ്റുള്ളവരുടെ ക്ഷേമാന്വേഷണങ്ങൾ നടത്തി അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അമ്മ ബദ്ധശ്രദ്ധയായിരുന്നു.ആരോഗ്യപ്രശ്നങ്ങളാൽ വേദനയേറിയ ദിനങ്ങളിലൂടെ കടന്നുപോകുമ്പോഴും നിഷ്കളങ്കത നിറഞ്ഞ പുഞ്ചിരി അമ്മ മറ്റുള്ളവർക്ക് സമ്മാനിച്ചിരുന്നു.

ഏകദേശം രണ്ട് മാസത്തോളം രോഗകിടക്കയിലായിരുന്ന അമ്മയെ വളരെ ക്ഷീണിതയായിരുന്നതിനാൽ കാർമ്മൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 2018 ഫെബ്രുവരി 3ന് രാവിലെ സുബോധത്തോടെ രോഗീലേപനം സ്വീകരിച്ച് തന്റെ സ്വർഗ്ഗീയയാത്രയ്ക്ക് തുടക്കം കുറിക്കുകയും വൈകുന്നേരം 7.50 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. 2018 ഫെബ്രുവരി 5-ാം തിയതി രാവിലെ10 മണിക്ക് അമ്മയുടെ ബന്ധുക്കളായ റവ.ഫാ. ജോസഫ് ആലഞ്ചേരി, റവ.ഫാ. മാത്യു തോട്ടുങ്കൽ CMI, റവ.ഫാ.മാത്യു ജോർജ്ജ് ചക്കാങ്കൽ എന്നിവരുടേയും റവ.ഫാ. തോമസ് മതിലകം CMI, റവ.ഫാ.ബിനോയി പുരയിടം MST എന്നീ സഹവൈദികരുടേയും കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ളാലം പുത്തൻപള്ളിയിൽ വച്ച് പാലാരൂപതാ വികാരി ജനറാൾ മോൺ.റവ.ഫാ ജോസഫ് കുഴിഞ്ഞാലിൽ ചരമപ്രസംഗം നടത്തുകയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം

വഹിക്കുകയും ചെയ്തു. തുടർന്ന് മൃതദേഹം ളാലം സെന്റ് ജോർജ്ജ് പുത്തൻപള്ളി സിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു. പ്രിയപ്പെട്ട ആൻ ജോസ് അമ്മയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ!!



## സി. സിമ്പ്രോസ് സ.എം.സി

കൊഴുവനാൽപള്ളി ഇടവക നെടുംതകിടിയേൽ ഈറാനിമോസ്-റോസ ദമ്പതികളുടെ എട്ടുമക്കളിൽ എട്ടാമത്തെ സന്താനമായി സി.സിമ്പ്രോസ് 31-7-1927ൽ ഭൂജാതയായി. മാമ്മോദീസയിൽ മേരി എന്ന പേര് നൽകപ്പെട്ടു. അടിയുറച്ച ക്രൈസ്തവ പാരമ്പര്യത്തിലും ശക്തമായ വിശ്വാസചൈതന്യത്തിലുമാണ് അമ്മയുടെ ചെറുപ്പക്കാലം രൂപപെട്ടത്.

ബാല്യം മുതൽ പരിശുദ്ധ അമ്മയോട് അതിരറ്റഭക്തിയും സ്നേഹവും പുലർത്തിയിരുന്ന സിമ്പ്രോസമ്മ തന്റെ പ്രാഥമികവിദ്യാഭ്യാസം കൊഴുവനാൽ ഗവ. എൽ.പി സ്കൂളിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം ചേർപ്പുങ്കലിലും, ഹൈസ്കൂൾ വിദ്യാഭ്യാസവും ടി.ടി.സിയും മുത്തോലിയിലും പൂർത്തിയാക്കി. ഒരുവർഷം മണലുങ്കൽ സ്കൂളിൽ ജോലി ചെയ്തു. 15-10-1945ൽ ചേർപ്പുങ്കൽ മഠത്തിൽ ചേർന്നു. 14-5-1947ൽ ആദ്യവ്രതവും 01-05-1950ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

നീണ്ടവർഷക്കാലം അദ്ധ്യാപികയായിരുന്ന അമ്മയ്ക്ക് വലിയ ഒരുശിഷ്യഗണം തന്നെയുണ്ട്. കുറവിലങ്ങാട്, കടപ്ളാമറ്റം, മുത്തോലി, മല്ലികശ്ശേരി, മുട്ടുചിറ, പ്രവിത്താനം, ഇലഞ്ഞി, അന്തീനാട്, ചേർപ്പുങ്കൽ എന്നീ മഠങ്ങളിൽ അമ്മ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സുപ്പീരിയർ, അസി. സുപ്പീരിയർ, ജൂനിയർ മിസ്ട്രസ്, ബോർഡിംഗ് മിസ്ട്രസ് എന്നീ നിലകളിലും അമ്മ തന്റെ സേവനം കാഴ്ചവച്ചിട്ടുണ്ട്. ഏതു വിഷമസന്ധികളേയും തരണം ചെയ്യുന്നതിന് അമ്മയ്ക്കുണ്ടായിരുന്ന ഉൾക്കരുത്തും നിശ്ചയദാർഢ്യവും അനിതരസാധാരണമായിതുന്നു.

അദ്ധ്യപികജോലിയിൽ നിന്നും വിരമിച്ചശേഷം നീണ്ടമണിക്കൂർ പ്രാർഥനയിൽ ചിലവഴിക്കുവാൻ അമ്മ നിഷ്ഠപുലർത്തിയിരുന്നു. സഭയോടും സഭാനിയമങ്ങളോടുമുള്ള സ്നേഹം അധികാരവിധേയത്വം,അടുക്കും ചിട്ടയുമുള്ള ജീവിതം, ആദർശനിഷ്ഠ, അർപ്പണമനോഭാവം തുടങ്ങിയ അനേകം ഗുണവിശേഷങ്ങളുടെ ഉടമയായിരുന്നു സിമ്പ്രോസമ്മ. സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

തന്റെ 91-ാം വയസ്സിലും സമൂഹാനുഷ്ഠാനങ്ങളിൽ നിഷ്ഠയോടെ പങ്കെടുത്തിരുന്ന അമ്മ മരണത്തിന് നാലുമാസം മുമ്പുണ്ടായ ഒരു വീഴ്ചയെത്തുടർന്ന് ശയ്യാവലംബ്വയാകുന്നതുവരെ സ്വന്തം കാര്യങ്ങൾ പരസഹായം കൂടാതെ ചെയ്തിരുന്നു. മരണത്തിന് ഏതാനും നാളുകൾക്ക്മുമ്പ് രോഗീലേപനം സുബോധത്തോടെ ചോദിച്ചു വാങ്ങിയ അമ്മ മരണത്തിനുള്ള ഒരുക്കത്തിലായിരുന്നു. പെട്ടന്നുണ്ടായ അസ്വസ്ഥതയെത്തുടർന്ന് 14-03-2018 ബുധനാഴ്ച വൈകുന്നേരം 5.25ന്

ബ.പ്രൊവിൻഷ്യലമ്മയുടേയും സമൂഹാംഗങ്ങളുടേയും പ്രാർത്ഥനാമദ്ധ്യേ അമ്മ യുടെ പാവനാത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു.

17-03-2018 ശനിയാഴ്ച രാവിലെ 9 മണിക്ക് സംസ്ക്കാരശ്രുശ്രൂഷ ആരം ഭിച്ചു. റവ. ഫാ. ജോർജ്ജ് കാവുംപുറം അർപ്പിച്ച ദിവ്യബലിക്ക്ശേഷം പാലാരൂപ താ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിയുടെ മുഖ്യകാർമ്മികത്വ ത്തിൽ ചേർപ്പുങ്കൽ ഫൊറോനാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. പ്രിയ പ്പെട്ട സിസ്രോസ്സമ്മയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർഥിക്കുന്നു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



## MARCH 2018

## FEBRUARY 2018

| | | |
|---|---|---|
| Feb.26- March 5 | | അദിലാബാദ് മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു. |
| 27 | 1.30 pm | നെന്നൽ മിഷൻ ഇടവക സന്ദർശിച്ചു. |
| | 8.30 pm | നെന്നൽ ഇടവകയിൽ അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ ആന്റണി പണേങ്ങാടൻ പിതാവും ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവും സന്ദർശനം നടത്തി. |
| 28 | 10.00 am | മന്നഗുഡം മിഷൻ സ്റ്റേഷൻ സന്ദർശിച്ചു. |
| | 11.30 am | കോനംപേട്ട മിഷൻ പ്രദേശം സന്ദർശിച്ചു |
| | 04.30 pm | അദിലാബാദ് പാലാ മിഷൻ കേന്ദ്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സമർപ്പിതരുമായുള്ള മീറ്റിംഗിൽ സംബന്ധിച്ചു. |

## MARCH 2018

| | | |
|---|---|---|
| 1 | 03.30 pm | ഗൊല്ലപ്പള്ളി മിഷൻ പ്രദേശം സന്ദർശിച്ചു. |
| | 07.30 pm | അദിലാബാദ് ബിഷപ്സ് ഹൗസ് സന്ദർശിച്ചു. |
| 2 | 10-00 am | മന്നഗുഡത്ത് പുതുതായി നിർമ്മിക്കുവാൻ പോകുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. |
| | 12.20 pm | വെങ്കിട്ടപുരം ഇടവകയിൽ സന്ദർശനം നടത്തി. |
| 3 | | അദിലാബാദ് മിഷൻ സന്ദർശനം പൂർത്തിയാക്കി തിരികെ നാട്ടിലേക്കു യാത്ര തിരിച്ചു. |
| 6 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.30 pm | ചൂണ്ടച്ചേരി SJCET യിൽ നിർമ്മാണം പൂർത്തിയായ സെമിനാർ ഹാൾ വെഞ്ചരിച്ചു. |

| | | |
|---|---|---|
| 07 | 10.30 am | പാലാ ICICI ബാങ്കിന്റെ പത്താമത് വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്തു. |
| | 02.30 pm | അരമനയിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 04.00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ദ്വിമാസ തിയോളജി കോഴ്സിൽ സംബന്ധിക്കുന്ന നൊവിസസ് അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു. |
| | 07.30 pm | കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 09 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 10 | 06.30 am | മാർ അപ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | ഉള്ളനാട് സേക്രട്ട് ഹാർട്ട് സ്കൂളിന്റെ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 06.30 pm | പിഴക് കച്ചിറമറ്റം ഭവനത്തിൽ എൺപതാം ജന്മദിനം ആഘോഷിക്കുന്ന സഭാതാരം ജോൺ കച്ചിറമറ്റം സാറിന് ആശംസകൾ നേർന്നു. |
| | 07.15 pm | മുണ്ടാങ്കൽ ഇടവകയിൽ കാനാട്ട് ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.30pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തിയോളജി കോഴ്സ് പൂർത്തിയാക്കിയ നൊവിസസിന് സർട്ടിഫിക്കറ്റുകൾ നൽകി. |
| 11 | 03.00 pm | പാലാ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 10.30 am | പുന്നത്തുറ ഇടവകയിൽ കുന്നത്തൂർ ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ പാലാ രൂപത കോർപ്പറേറ്റിൽനിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു. |
| 13 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ചേർപ്പുങ്കലിൽ PDMET യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 14 | 2.30 pm | ചേർപ്പുങ്കൽ പള്ളിയിൽ ബഹു. തോമസ് കലേക്കാട്ടിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 07.00 pm | വടവാതൂർ സെമിനാരിയിൽ ബഹു. ജോസഫ് പുതിയാപറമ്പിൽ അച്ചനു നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു. |
| 16 | 09.30 - 10.15 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | കുടക്കച്ചിറ ഇടവകയിൽ കൈമനാൽ ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.30 pm | കയ്യൂർ കള്ളികാട്ട് ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 10.30 am | കയ്യൂർ ഇടവകയിൽ കള്ളികാട്ട് ഭവനത്തിൽ പരേതനുവേണ്ടി മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.30 pm | ജയ്ഗിരി ഇടവകയിൽ പുതുതായി പണിത പള്ളിമുറി വെഞ്ചരിച്ചു. |
| 19 | 06.00 am | വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അരമന ചാപ്പലിൽ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടുമൊപ്പം വി. കുർബനയർപ്പിച്ചു. |
| 20 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | പാലാ മരിയൻ ഹോസ്പിറ്റലിൽ പുതിയ CT Scan ഉപകരണം വെഞ്ചരിച്ചു. |
| | 4.00 pm | മരിയൻ ഹോസ്പിറ്റലിൽ ചികിത്സയിലായിരിക്കുന്ന വൈദികരെ സന്ദർശിച്ചു. |
| 21 | 03.30 pm | പാലാ കാർമ്മൽ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽവച്ച് ബഹു. ഓലിക്കൽ അലക്സാണ്ടറച്ചൻ രചിച്ച 'ഒരു ഇടവക വൈദികന്റെ ജീവിതനാനുഭവങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. |
| 22 | 10-12.30 pm | പാലാ സെന്റ് തോമസ് കത്തീഡ്രൽ വച്ചു നടന്ന പാലാ രൂപതയിലെ വൈദികരുടെ വിശുദ്ധീകരണധ്യാനത്തിൽ സംബന്ധിക്കുകയും തുടർന്നു വി. മൂറോന്റെ കൂദാശാകർമ്മം നിർവഹിക്കുകയും ചെയ്തു. |

| | | |
|---|---|---|
| | 04.30 pm | ചൂണ്ടച്ചേരി SJHIMCET യുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.30 pm | അറുന്നൂറ്റിമംഗലം കുരിശുമലപള്ളിയിൽ 40-ാം വെള്ളിയാഴ്ചയോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| 24 | 06.30 am | പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് ശമ്മാശൻമാർക്ക് മ്ശംശാന, ഹെവ്പദ്യാക്കോനാ, കാറോയാ പട്ടങ്ങൾ നൽകി. |
| | 11.30 am | പാലാ കത്തീഡ്രലിൽ നാൽപതുമണിയാരാധനയുടെ സമാപനാശീർവാദം നൽകി. |
| | 03.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ ഹോസ്പിറ്റലിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 06.30 am | പാലാ കത്തീഡ്രലിൽ ഓശാന ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. |
| 26 | 06.00 pm | പാലാ സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 12.00 noon | അൽഫോൻസാ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | പിഴക് പാരീഷ് ഹാളിൽ നടന്ന കച്ചിറമറ്റം അവാർഡ് സമർപ്പണത്തിൽ പങ്കെടുത്തു. |
| 28 | 03.00 pm | ഏറ്റുമാനൂർ ഇടവകയിൽ വല്യാത്ത് ഭവനത്തിൽ പരേതനുവേണ്ടി ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. |
| 29 | 07.00 am | കത്തീഡ്രലിൽ പെസഹാവ്യാഴാഴ്ചത്തെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 08.00 pm | അരമനയിൽ പെസഹാ അപ്പം മുറിക്കൽ കർമ്മത്തിൽ പങ്കെടുത്തു. |
| 30 | 08.00 am | കത്തീഡ്രലിൽ ദുഃഖവെള്ളിയാഴ്ചത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു. സന്ദേശം നൽകി. |
| | 02.30 pm | ളാലം പഴയപള്ളിയിൽ പാനവായനയിൽ സംബന്ധിച്ചു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്



## MARCH 2018

| | | |
|---|---|---|
| 01 | 2.30 pm | മുട്ടുചിറ ഹോളിഗോസ്റ്റ് നഴ്സിംഗ് സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 02 | 6.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| 03 | 10.00 am | ചേരാനല്ലൂർ ഇടവകയിൽ എറണാകുളം രൂപതാംഗമായ ഫാ. സേവ്യർ തേലക്കാട്ടിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു. |
| 04 | 7.15 am | സിബിഗിരി ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും പള്ളിമുറിയുടെ കല്ലീടിൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| 06 | 6.00 am | പൂഞ്ഞാർ ഫൊറോനാ ദൈവാലയത്തിൽ ഹോംമിഷൻ സമാപനദിവസത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 07 | 6.00 am | ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വി. കുർബാനഅർപ്പിച്ച് സന്ദേശം നൽകി. |
| | 10.00 am | അരമനയിൽ ഡിസിഎംഎസിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 2.30 pm | ദീപികയുടെ സംസ്ഥാനസമ്മേളനത്തിനൊരുക്കമായ ആലോചനയോഗത്തിൽ സംബന്ധിച്ചു. |
| 09 | 10 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വൊക്കേഷൻ കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 10 am | ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ കപ്പൂച്ചിൻ സഭാംഗമായ ഫാ. വിൽഫ്രഡ് പ്രസാദിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 7.30 pm | ഭരണങ്ങാനം അൽഫോൻസിയൻ സ്പിരിച്വാലിറ്റി സെന്ററിന്റെ കിച്ചൺ വെഞ്ചരിച്ചു. |
| 11 | 3.00 pm | മുണ്ടാങ്കൽ ഇടവകാംഗമായ കാനാട്ട് ഈപ്പച്ചന്റെ മൃത സംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| 13 | 10 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 10 am | കുറവിലങ്ങാട് പള്ളിയിൽ നാല്പതുമണി ആരാധന യുടെ സമാപനത്തിൽ വി. കുർബാനയർപ്പിക്കുകയും ദിവ്യകാരുണ്യപ്രദക്ഷിണത്തിന് നേതൃത്വം വഹിക്കു കയും ചെയ്തു. |
| | 1.30 pm | ചേർപ്പുങ്കൽ ഇടവകയിൽ തോമസ് കലേക്കാട്ടിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു. |
| 16 | 12.30 pm | കുടക്കച്ചിറ ഇടവകയിൽ പരേതന്റെ മൃതസംസ്കാരശു ശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 3.00 pm | അരമനയിൽ നടന്ന ഇവാഞ്ചലൈസേഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 4.45 pm | ഭരണങ്ങാനം എ.ആർ.എസ്. കോൺവെന്റിൽ നിര്യാ തയായ സി. ഡോയ്ൻ മേരിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.15 pm | അരുവിത്തുറ വല്യച്ചൻ മലയിലേക്ക് കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും വി. കുർബാ നയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. |
| 17 | 6.30 am | കളത്തൂർ ഇടവകയിൽ ജൂബിലിസമാപനത്തോടനുബ ന്ധിച്ച് വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 19 | 10.00 am | നീലൂർ ഇടവകയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 20 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | മണ്ണാറപ്പാറ ഇടവകയിൽ പരേതന്റെ മൃതസംസ്കാരശു ശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 21 | 3.00 pm | അലക്സാണ്ടർ ഓലിക്കലച്ചന്റെ പുസ്തകപ്രകാശന കർമ്മത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 22 | 7.00 am | ഭരണങ്ങാനം പള്ളിയിൽ വി. കുർബാനയർപ്പിച്ച് 40 മണി ആരാധനയ്ക്ക് ആരംഭം കുറിച്ചു. |
| | 10.00 am | പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വൈദികരുടെ ധ്യാനത്തിലും വി. മൂറോൻ കൂദാശകർമ്മത്തിലും പങ്കെടുത്തു. |
| 23 | 8.30 am | വാഗമൺ കുരിശുമലയിലേയ്ക്ക് കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. |
| 24 | 6.30 am | പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് ശമ്മാശൻമാർക്ക് മ്ശംശാന, ഹെവ്പദ്യാക്കോനാ, കാറോയാ പട്ടങ്ങൾ നൽകി. |
| | 3.00 pm | അരുവിത്തുറ എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തു. |
| | 5.00 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 25 | 06.30 am | കത്തീഡ്രലിൽ ഓശാന തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. |
| 26 | 06.15 am | മാർ അപ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു |
| | 06.00 pm | സെന്റ് തോമസ് കോളേജിൽ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 27 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 3.00 pm | അൽഫോൻസാ കോളേജിൽ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 28 | 10.00 am | രാമപുരം പള്ളിയിൽ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിക്കുകയും ദിവ്യകാരുണ്യപ്രദക്ഷിണം നയിക്കുകയും ചെയ്തു. |
| 29 | 7.00 am | കത്തീഡ്രലിൽ പെസഹാ തിരുകർമ്മങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 30 | 8.00 am | കത്തീഡ്രലിൽ ദുഃഖവെള്ളി തിരുകർമ്മങ്ങളിൽ പങ്കെടുത്തു. |



# Bishop's Engagements

## Mar Joseph Kallarangatt

### APRIL 2018

| | | | |
|---|---|---|---|
| 01 | | Sun | Easter |
| | 11:00 am | | Pala: Sub Jail visit |
| 02 | | Mon | Engaged |
| 03 | 05:00 pm | | Alphonsa College: YATP Jubilee Meeting |
| 04 | 08:30 am | Wed | Bishop's House : Curia |
| | 10:30 am | | FCC Pala Provincial House : Holy Qurbana |
| 05 | | Thu | Idukki: Episcopal Ordination Mgr. John Nellikunnel |
| 06 | 10-12:30pm | Fri | Visiting Time |
| | 05:00 pm | | Ramapuram: Blessing |
| 07 | 07:30 am | Sat | Nelliyani SABS Convent: Vestition |
| | 10.30 am | | Pala Christhujyothi Retreat Centre: DCMS Camp |
| 08 | 7.00 pm | Sun | Lalam Old: Blessing |
| 09 | 11:30 am | Mon | Ramapuram: Jubilee Meeting |
| | 03:00 pm | | Bishop's House : ADCP Executive Meeting |
| | 06:00 pm | | Minor Seminary: Vocation Camp |
| 10 | 10-12:30pm | Tue | Visiting Time |
| 11 | 08:30am | Wed | Bishop's House : Curia |
| | 10-03 pm | | Choondachery SJCET: Governing Body Meeting |
| | 03:15 pm | | Choondachery Sanjose School: DCL Meeting |
| | 04:30 pm | | Cathedral : Betrothal |

| | | | |
|---|---|---|---|
| 12 | 09:15 am | Thu | Maryland: Ordination Dn. Sijo Jose Anchukandathil SAC |
| | 04:00 pm | | Pala Town Hall : Meeting |
| | 06:15 pm | | DST Provincial House: Meeting |
| 13-30 | | | Rome |
| | | | **MAY 2018** |
| 01 | 10:30am | Tue | Aruvithura: Syriac Qurbana |
| | 03:00pm | | Ramapuram: AKCC Meeting |
| 02 | 06:30am | Wed | Cathedral: Vestition Diocesan Brothers of Palai |
| 03 | 06:30am | Thu | Minor Seminary: (Good Shepherd Day) Holy Qurbana |
| | 03:00pm | Thu | Bishop's House : ADAART Managing Board Meeting |
| | 06:00pm | | Minor Seminary: Good Shepherd Day |
| 04 | 10-12:30pm | Fri | Bishop's House : Visiting Time |
| | 05:00pm | | Ratnagiri: Message |
| 05 | 12:00noon | Sat | Pala: Temperance Commission Meeting |
| | 03:00pm | | Vakkad: LAR Convent Blessing |
| 06 | 10:00am | Sun | Chittar: Holy Qurbana & Laying of Foundation Stone |
| | 05:00pm | | Mangalaram : Presbytery Blessing |



## Auxiliary Bishop's Engagements

# Mar Jacob Muricken

## APRIL 2018

| | | | |
|---|---|---|---|
| 07 | 09.00 am | Sat | Cherpunkal : Blessing |
| | 10.00 am | | Pala : Blessing |
| | 05.30 pm | | Arunapuram : Parish Day |
| | 7.00 pm | | Karoor : DCMS Camp |
| 08 | 04.00 pm | Sun | Maniyankunnu : Blessing |
| 09 | 03.00 pm | Mon | ADCP Executive |
| 10 | 11.00 am | Tue | Lalam Convent : Holy Mass |
| 11 | 06.15 am | Wed | Pastoral Institute. : Holy Mass |
| | 10.00 am | | Melukavumattom : Meeting |
| | 05.00 pm | | Aruvithura : Bible Convention |
| 12 | 02.00 pm | Thu | Kaippally : Ordination<br>Dn. Valiyaparampil (Adorno) |
| 13 | 10-12.30 pm | Fri | Visiting Time |
| 14 | 06.15 am | | DST Provincial House : Holy Qurbana |
| | 09.15 am | Sat | Malayinchippara : Ordination<br>Dn. Plathottam (Adorno) |
| | 11.30 am | | Neeloor : Blessing |
| 15 | 04.30 pm | Sun | Vadakara : Holy Mass |
| 16-18 | | | Sagar : Episcopal Ordination<br>Bishop James Athikalam |
| 19 | | Thu | Minor Seminary : Interview |
| 20 | 10-12.30 pm | Fri | Visiting Time |
| | 03.00 pm | | Infarm Meeting |
| 21 | 10.30 am | Sat | Nelliyani SABS Convent : Holy Mass |
| | 02.15 pm | | Aruvithura : Blessing |

| | | | |
|---|---|---|---|
| | 04.30 pm | | Cathedral : Blessing |
| 22 | | Sun | Kuruvinal : Pastoral Visit |
| 23 | 10.00 am | Mon | Kuravilangadu College : Meeting |
| | 04.30 pm | | Aruvithura : Holy Mass |
| 24 | 06.15 am | Tue | Pastoral Institute: Holy Mass |
| | 10-12.30 pm | | Visiting Time |
| 25 | 10.30 am | Wed | S.H. Provincial House : Holy Mass |
| | 02.00 pm | | Cathedral : CMC Vestition |
| 26 | 11.00 am | Thu | Cathedral : Blessing |
| | 04.30 pm | | Manvettom : Holy Qurbana |
| 27 | 10-12.30 pm | Fri | Visiting Time |
| 28 | 09.15 am | Sat | Choondacherry : Ordination<br>Dn. Madathisseril CMF |
| 29 | | Sun | Paingulam : Pastoral Visit |
| 30 | 06.15 am | Mon | SMS Generalate : Holy Qurbana |
| | 09.15 am | | Bharananganam : Ordination<br>Dn. Puthettu CMF |
| | | **MAY** | |
| 01 | 10-12.30 pm | Tue | Visiting Time |
| | 02.30 pm | | Ramapuram : AKCC Meeting |
| 02 | 09.15 am | Wed | Chennadu : Ordination<br>Dn. Mundiyathu CMF |
| | 02.00 pm | | Mannackanadu : LAR Vestition |
| 03 | 9.15 am | Thu | Kudayathoor : Ordination<br>Dn. Mannoor CMF |
| | 11.15 am | | Arakulam FCC Convent : Holy Qurbana |
| 04 | 6.30 am | Fri | Minor Seminary : Holy Qurbana |
| | 10-12.30 pm | | Visiting Time |
| 05 | 7.30 am | Sat | Kulamavu : Holy Qurbana |
| | 12.15 pm | | Chakkampuzha : Blessing |
| | 2.30 pm | | Cathedral : SH Vestition |

"ശിശുക്കൾ എന്റെയടുത്തുവരാൻ അനുവദിക്കുവിൻ.
അവരെ തടയരുത്." (മർക്കോസ് 10:14)

# പാലാ രൂപത
# ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ

# ഹോളി എയ്ഞ്ചൽസ് ധ്യാനം

- ➤ 7 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക്
  മെയ് 1 ചൊവ്വ 4 pm മുതൽ 4 വെള്ളി 12 pm വരെ
- ➤ 4 മുതൽ 6 വരെ ക്ലാസുകളിലെ കുട്ടികൾക്ക്
  മെയ് 13 ഞായർ 4 pm മുതൽ 16 ബുധൻ 1 pm വരെ

**സ്ഥലം : കുടക്കച്ചിറ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രത്തിൽ**

രജി. ഫീസ്
500 രൂപ

പ്രവേശനം ആദ്യം ബുക്കു ചെയ്യുന്ന
250 പേർക്ക് മാത്രം

**രജിസ്ട്രേഷന് : ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(ഡയറക്ടർ, ഇവാഞ്ചലൈസേഷൻ)

Ph : 8547336271

**അന്വേഷണങ്ങൾക്ക്**
റ്റോമി ആട്ടപ്പാട്ട് – 9961309967
ലിൻസി സജി – 9400203219